**JEEVA MOZHIKAL** RNI/KERBIL/-2003/21404 Regn No: KL/KTM/608/2012-14
December 2012 www.jeevamozhikal.org Licence No.KL/CR/KTM/WPP-46/2012-14
Annual subscription Rs. 80/- Licensed to post without prepayment

## തിന്മയോടു തോൽക്കാതെ...

ഒരു ഗ്രാമത്തിൽ വിശുദ്ധനായ ഒരു ദൈവപുരുഷൻ ഉണ്ടായിരുന്നു. അദ്ദേഹത്തെ എല്ലാവർക്കും സ്നേഹവും ബഹുമാനവുമാണ്. എന്നാൽ ഗ്രാമത്തിലെ ഒരു സ്ത്രീക്കു മാത്രം എന്തുകൊണ്ടോ ഇദ്ദേഹത്തെ ഒട്ടും ഇഷ്ടമായിരുന്നില്ല.

തരം കിട്ടിയാൽ ഇദ്ദേഹത്തെ അപമാനിക്കുന്നതിനായിരുന്നു അവർക്കു താൽപര്യം. പക്ഷെ അതു പരസ്യമായി ചെയ്യാൻ കഴിയാത്തതുകൊണ്ട് ഒരു തന്ത്രം അവർ തയ്യാറാക്കി. അവർ എന്നും തന്റെ വീടും പറമ്പും രാവിലെ തന്നെ അടിച്ചുവാരും. ചവറുകൾ മുഴുവൻ ഒരു കുട്ടയിൽ നിറച്ച് തന്റെ വീടിന്റെ മതിലുനുള്ളിൽ മറഞ്ഞു കാത്തു നിൽക്കും.

ദൈവഭൃത്യൻ അവരുടെ വീടിനു മുന്നിലെ ഇടുങ്ങിയ വഴിയിലൂടെ ദിവസവും ശിഷ്യരുമൊത്തു കൃത്യസമയത്തു നടന്നു വരും.അദ്ദേഹം വരുമ്പോൾ അവർ മതിൽക്കെട്ടിനുള്ളിൽ നിന്നുകൊണ്ട് കൃത്യമായി ചവറു കുട്ട വഴിയിലേക്കു കമഴ്ത്തും. ചവറുകൾ അദ്ദേഹത്തിന്റെ തലയിൽ വീഴും.അദ്ദേഹമാകട്ടെ ഒന്നും മിണ്ടാതെ ചവറുകൾ തട്ടിക്കളഞ്ഞു നടന്നു പോകും.ഇതു പതിവായി.

അങ്ങനെയിരിക്കെ ഒരു ദിവസം ചവർ തലയിൽ വീണില്ല. രണ്ടു മൂന്നു ദിവസം തുടർച്ചയായി ചവർ തലയിൽ വീഴാതായപ്പോൾ ദൈവപുരുഷൻ തന്റെ ശിഷ്യരോട് ആ സ്ത്രീക്ക് എന്തു സംഭവിച്ചു എന്നു ചോദിച്ചു. അവർ രോഗിയായി കിടപ്പിലാണ് എന്നു ശിഷ്യന്മാർ അറിയിച്ചു.

ദൈവപുരുഷൻ നേരെ അവളുടെ വീട്ടിലേക്കു ചെന്നു. രോഗക്കിടക്കയ്ക്ക് അരികിലെത്തി പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: 'സഹോദരി, രണ്ടു മൂന്നു ദിവസമായി കാണാത്തതുകൊണ്ട് അന്വേഷിച്ചു വന്നതാണ്. സുഖമില്ലേ? ഞാൻ പ്രാർത്ഥിക്കാം.'

ആ സ്ത്രീ പൊട്ടിക്കരഞ്ഞുപോയി. അവർ അദ്ദേഹത്തോടു ക്ഷമ ചോദിച്ചു. അവർ പറഞ്ഞു:'അങ്ങു വാസ്തവമായും ഒരു ദൈവപുരുഷൻ തന്നെ.'

'തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക' (റോമർ 12:21)

## മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്

2013 ജനുവരി മുതൽ ജീവമൊഴി മാസികയുടെ വരിസംഖ്യയിൽ ഇരുപതു രൂപയുടെ വർധന വരുത്തുകയാണ്. വാർഷിക വരിസംഖ്യ 80 രൂപയായിരുന്നത് നൂറു രൂപയാക്കുന്നു. തുടർന്നും മാന്യവായനക്കാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

ഇപ്പോൾ വരിക്കാരല്ലാത്ത സ്നേഹിതരെയും ബന്ധുക്കളെയും ജീവമൊഴി മാസിക പരിചയപ്പെടുത്തിയും പ്രയോജനപ്രദമായിരിക്കും എന്നു തോന്നുന്നവർക്കുവേണ്ടി മാസിക സ്പോൺസർ ചെയ്തും സഹകരിക്കുമല്ലോ.

**ജീവമൊഴികൾ, കുമാരനല്ലൂർ പി.ഒ. കോട്ടയം - 686016**
ഫോൺ: 0481 2391519 (ഓഫീസ്), 82810 27519 (മൊബൈൽ).

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 12 ഡിസംബർ 2012



**എഡിറ്റോറിയൽ**

# 'ഞാൻ എന്റെ സഭയെ പണിയും'



യേശു: "ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18)

പുതിയനിയമത്തിൽ 'സഭ' എന്ന വാക്ക് ആദ്യം പ്രത്യക്ഷപ്പെടുന്നത് ഇവിടെയാണ്. സഭയെക്കുറിച്ച് ആദ്യമായി പറഞ്ഞു തുടങ്ങുമ്പോൾ തന്നെ യേശു നടത്തുന്ന ഈ പ്രസ്താവന എത്ര വലിയ ധൈര്യമാണു നമുക്കു തരുന്നത്! -'ഞാൻ എന്റെ സഭയെ പണിയും'. സഭയുടെ പണിയിൽ യേശുവിന്റെ ഈ സർവ്വാധിപത്യ (Sovereignty) മാണു നാം ആദ്യമായി കാണേണ്ടത്. പെന്തക്കോസ്തുനാളിൽ സഭ രൂപപ്പെടുന്നതിനെക്കുറിച്ചു പറയുന്ന അപ്പോസ്തപ്രവൃത്തി രണ്ടാം അധ്യായം അവസാനിക്കുന്നതും കർത്താവിന്റെ ഈ പരമാധികാരത്തിന് അടിവരയിട്ടുകൊണ്ടാണ്-'രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു' (2-47). ഇവിടെ പരാമർശിക്കുന്നതു സാർവത്രികസഭ (universal church) യെയാണ്.

എന്നാൽ സഭ എന്ന വാക്കു പുതിയനിയമത്തിൽ രണ്ടാമതു പ്രത്യക്ഷപ്പെടുന്ന സ്ഥലത്ത് (മത്തായി 18:17) പരാമർശിക്കുന്നതു പ്രാദേശികസഭ (local church) യെയാണ്. (കാരണം 18:15-17 ൽ പറയുന്ന അച്ചടക്കനടപടികൾ ഒരു പ്രദേശികസഭയിൽ മാത്രമാണല്ലോ പ്രസക്തമാകുന്നത്). പ്രാദേശികസഭയിലും സർവ്വാധിപത്യം കർത്താവിനു തന്നെയാണ് (18:19,20).

സാർവത്രികസഭയുടെ പ്രാദേശിക പ്രത്യക്ഷതയാണു (കർത്താവു ശിരസ്സായിരിക്കുന്നിടത്തോളം) ഒരു ലോക്കൽ സഭ. സാർവ്വത്രികസഭയും പ്രാദേശികസഭയും തമ്മിലുള്ള ബന്ധം വ്യക്തമാകുന്ന ലളിതമായ ഒരു ഉദാഹരണം സാധുസുന്ദർസിങ് നൽകിയിട്ടുള്ളത് ഇങ്ങനെയാണ്: മനുഷ്യന്റെ നിലനില്പിന് ആവശ്യമായ ജലം ഈ ഭൂമിയിൽ പലയിടത്തുമുണ്ട്. നദിയിൽ, തടാകത്തിൽ, കിണറ്റിൽ എന്നിങ്ങനെ. എന്നാൽ ഒരാൾക്കു ദാഹം തീർക്കണമെങ്കിൽ അയാൾ ഈ ജലം ഒരു ഗ്ലാസ്സിലോ കപ്പിലോ എടുത്തു കുടിക്കുകയാണു ചെയ്യുന്നത്. കപ്പിന്റെ ഒരു പരിമിതിക്കുള്ളിൽ നിന്നു മാത്രമേ ഒരാൾക്കു പ്രായോഗികകമായി തന്റെ ദാഹം തീർക്കാൻ കഴിയുകയുള്ളൂ. ഈ കപ്പ് ഒരു പ്രാദേശികസഭയ്ക്കു നിദർശനമാണ്. സാർവത്രികസഭ, പെന്തക്കോസ്തുനാൾ മുതൽ കർത്താവിന്റെ പുനരാഗമനം വരെ എല്ലാക്കാലത്തും എല്ലാ ദേശത്തും കർത്താവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കുന്ന എല്ലാവരിലും പരന്നു കിടക്കുന്നു. ഇതങ്ങനെ ആയിരിക്കുമ്പോൾ തന്നെ ഇന്ന് ഒരാൾക്കു തന്റെ ആത്മീയ ആവശ്യം നിറവേറ്റാൻ ഈ സാർവത്രികസഭയുടെ പ്രാദേശിക പ്രത്യക്ഷതയായ ഒരു സ്ഥലം സഭയുടെ പരിമിതിയോടു താദാത്മ്യപ്പെടേണ്ടതുണ്ട്.

സാർവത്രികസഭയായാലും പ്രാദേശികസഭയായാലും ക്രിസ്തുശിരസ്സായി ഇരിക്കുന്നതുകൊണ്ട് (എഫെസ്യർ 1: 23, 4: 13-15, കൊലോസ്യ.1:18) ശരീരമാകുന്ന സഭയുടെ പണി സംബന്ധിച്ച പ്രാഥമികമായ ഉത്തരവാദിത്തം അവിടുത്തേക്കു തന്നെയാണ്. അതുകൊണ്ട് കർത്താവു തന്നെ, ഒന്നാം നൂറ്റാണ്ടിലെ സഭയിൽ ഉണ്ടായിരുന്നതും പിന്നീടു നഷ്ടപ്പെട്ടുപോയതുമായ സത്യങ്ങളെ വിവിധ ദൈവദാസന്മാരിലൂടെ സഭയിലേക്കു മടക്കിക്കൊണ്ടുവരുന്നതു നമുക്കു കാണാൻ കഴിയും. വിശ്വാസത്താലുള്ള രക്ഷ, വിശ്വാസസ്നാനം, വിശുദ്ധിയും വേർപാടും, പരിശുദ്ധാത്മസ്നാനം, പരിശുദ്ധാത്മാവിന്റെ വരങ്ങൾ എന്നിങ്ങനെ വിവിധ സത്യങ്ങൾ ഒന്നൊന്നായി സഭയിലേക്കു ദൈവം മടക്കികൊണ്ടുവരുന്നതായാണ് 16-ാം നൂറ്റാണ്ടു മുതലുള്ള സഭാചരിത്രം സസൂക്ഷ്മം അവലോകനം ചെയ്താൽ നമുക്കു മനസ്സിലാകുന്നത്. അങ്ങനെ 20-ാം നൂറ്റാണ്ടു വന്നപ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കും വരങ്ങൾക്കും പ്രാധാന്യം നൽകുന്ന പെന്തക്കോസ്ത് കാലയളവും ആരംഭിച്ചു. എന്നാൽ ഇതോടെ നഷ്ടമായ സത്യങ്ങൾ എല്ലാം സഭയിൽ പുനഃസ്ഥാപിച്ചു കഴിഞ്ഞോ? പെന്തക്കോസ്തോടെ ദൈവത്തിന്റെ പ്രവൃത്തി അവസാനിച്ചോ? അവസാനിച്ചുവെന്നാണു പലരും കരുതുന്നത്.

എന്നാൽ എബ്രായർ 6:1 ഉം 2 ഉം വാക്യങ്ങൾ കാണുക: "അതുകൊണ്ട് നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നേയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്ക." ഈ വാക്യത്തിൽ ഇന്നത്തെ സുവിശേഷവിഹിത, പെന്തക്കോസ്ത്, സഭകളുടെ അടിസ്ഥാനഉപദേശങ്ങളെല്ലാം തന്നെ പറയുന്നുണ്ട്. രക്ഷ, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം ('സ്നാനങ്ങൾ' എന്ന ബഹുവചനം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് വിശ്വാസസ്നാനവും പരിശുദ്ധാത്മസ്നാനവും രണ്ടും ഇതിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടല്ലോ), വീര്യപ്രവൃത്തികൾ, കർത്താവിന്റെ മടങ്ങിവരവ്, പ്രതിഫലവിഭജനവും ശിക്ഷാവിധിയും എന്നിവയെല്ലാം ഇവിടെ പറഞ്ഞിട്ട് അവയെല്ലാം അടിസ്ഥാനം (Foundation) മാത്രമാണെന്നു പറഞ്ഞിരിക്കുന്നു. അടിസ്ഥാനം മാത്രം ഇട്ടുകൊണ്ടിരുന്നാൽ ഒരു മന്ദിരം എന്നാണു പൂർത്തിയാകുക?

ആലയത്തിന്റെ അടിസ്ഥാനം മാത്രം ഇട്ടശേഷം മുകളിലേക്കുള്ള പണിയെ അവഗണിച്ച ഒരു കാലഘട്ടം യിസ്രായേലിന്റെ ചരിത്രത്തിലും ഉണ്ടായിരുന്നു. യെഹൂദന്മാർ ബാബേലിൽ പ്രവാസികളായി 70 വർഷം കഴിഞ്ഞശേഷം മടങ്ങിവന്നപ്പോഴായിരുന്നു അത്. യെരുശലേമിൽ നെബുഖദ്നേസറിനാൽ നശിപ്പിക്കപ്പെട്ട ദേവാലയത്തിനു പകരം പുതിയ ആലയം പണിയുവാൻ അവർ ആദ്യം അടിസ്ഥാനം ഇട്ടു. നല്ല കാര്യം. എന്നാൽ അടിസ്ഥാനം ഇട്ടശേഷം, അവർ ഓരോരുത്തനും സ്വന്തം വീടു പണിയുവാനും അവയുടെ അറ്റകുറ്റപ്പണികൾ തീർക്കുവാനുമായി പോയി. ദൈവാലയം പതിനാറു വർഷത്തോളം മുകളിലേക്കു പണിയപ്പെടാതെ അനാഥമായി കിടന്നു. ഈ സമയത്താണു ദൈവം അവരുടെ മധ്യത്തിൽ രണ്ടു പ്രവാചകന്മാരെ എഴുന്നേൽപ്പിക്കുന്നത്-ഹഗ്ഗായിയും സെഖര്യാവും. ഇവരിൽ മുതിർന്ന ആൾ ഹഗ്ഗായിയായിരുന്നു, സെഖര്യാവ് താരതമ്യേന ചെറുപ്പം. എന്നാൽ ഇരുവർക്കും യിസ്രയേൽ മക്കൾക്കു നൽകുവാനുണ്ടായിരുന്നത് ഒരേ ഒരു സന്ദേശം-നിങ്ങൾ ആലയത്തിന്റെ അടിത്തറ ഇട്ടശേഷം എത്രനാൾ മുകളിലേക്കുള്ള പണിയെ അവഗണിക്കും? ഒടുവിൽ ആ സന്ദേശങ്ങളോടു ക്രിയാത്മകമായി യിസ്രായേൽ ജനം പ്രതികരിച്ചു. അവർ ആലയത്തിന്റെ ഉപരിഭാഗത്തെ പണി പൂർത്തിയാക്കി.

ഈ പശ്ചാത്തലം മനസ്സിൽ വച്ചുകൊണ്ട് എബ്രായർ ആറിന്റെ പ്രാരംഭവാക്യങ്ങൾ വായിക്കുമ്പോൾ നമുക്ക് ഒരു കാര്യം മനസ്സിലാകും. ഇന്നത്തെ മിക്ക സുവിശേഷവിഹിത, പെന്തക്കോസ്തു സഭകളും ഊറ്റംകൊള്ളുന്ന അവരുടെ വിശ്വാസസംഹിതകളുടെ ആകെത്തുക ദൈവത്തിന്റെ ദൃഷ്ടിയിൽ കേവലം അടിസ്ഥാനം മാത്രമാണ്. അതിൽത്തന്നെ പിന്നേയും പിന്നേയും അഭിരമിക്കുന്ന അവർ അടിത്തറ മാത്രം കെട്ടി മുകളിലേക്കു പണിയാതിരുന്ന യിസ്രായേൽ മക്കളെപ്പോലെയാണ്.

അങ്ങനെയാണെങ്കിൽ ഇതിന്റെ മുകളിലത്തെ പണി എന്താണ്? അത് ആ വാക്യത്തിൽ തന്നെയുണ്ട് '...അടിസ്ഥാനം പിന്നേയും ഇടാതെ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനപൂർത്തി പ്രാപിക്കുക' (എബ്രായർ 6:2).

ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം എങ്ങനെയാണ് ആലയത്തിന്റെ മുകളിലത്തെ പണി ആകുന്നത്? ഒരു മന്ദിരത്തിന്റെയും അടിസ്ഥാനം ആരും കാണുന്നില്ല. അതിന്റെ മുകളിലത്തെ എടുപ്പാണ് ആളുകളുടെ ദൃഷ്ടിയിൽ പെടുക. ഇന്നത്തെ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പുറംലോകം അവരിൽ എന്താണു കാണുന്നത്?

വിശ്വാസസ്നാനത്തെക്കുറിച്ചുള്ള അവരുടെ ഉപ

*ശേഷം പേജ് 14 ൽ*

സന്ദേശം

# സഭയുടെ പണിയിലെ സുപ്രധാന കാര്യം

**സാക് പുന്നൻ**

**ബൈബിളിന്റെ** അവസാന പേജുകളിൽ കാണുന്ന ഏറ്റവും വലിയ വൈരുദ്ധ്യം ബാബിലോൺ എന്ന വേശ്യയും (വെളിപ്പാട് 17, 18 അധ്യായങ്ങൾ) യെരുശലേം എന്ന മണവാട്ടിയും തമ്മിലാണ് (വെളിപ്പാട് 21, 22 അധ്യായങ്ങൾ)

ലോകത്തിന്റെ സ്നേഹിതന്മാർ വ്യഭിചാരിണികൾ ആണെന്നു ബൈബിൾ പറയുന്നു (യാക്കോബ് 4:4) എന്നാൽ ഇതിനു വിപരീതമായി മണവാട്ടി ലോകത്തിൽനിന്നു തങ്ങളെത്തന്നെ വേർപെടുത്തിയവരും അവരുടെ സ്വർഗീയ മണവാളനുവേണ്ടി തങ്ങളെത്തന്നെ വിശുദ്ധിയിലും പാതിവ്രത്യത്തിലും കാത്തുസൂക്ഷിക്കുന്നവരുമാണ്. (2 കൊരി. 11:1–3 വായിക്കുക).

സദൃശവാക്യങ്ങൾ 8 ൽ 'മണവാള'നെ ജ്ഞാനം എന്നു വിളിക്കുന്നു. അടുത്ത അധ്യായത്തിൽ 'മണവാട്ടി'യെയും ജ്ഞാനം എന്നു വിളിക്കുന്നു. (സദൃ. 9:1). കാരണം അവൾ തന്റെ മണവാളനുമായി എല്ലാവിധത്തിൽ ഒന്നായിത്തീരുകയും അവന്റെ പേര് (ജ്ഞാനം) അവളുടെ നെറ്റിയിൽ എഴുതപ്പെടുകയും ചെയ്യുന്നു. അവളുടെ മണവാളനെപ്പോലെ തന്നെ



*മണവാട്ടി (ജ്ഞാനം) അവളുടെ ഭവനം പണിയുന്നത് ഏഴു തൂണുകളിന്മേലാണ്. സത്യസഭ ഈ തൂണുകളിന്മേൽ പണിയപ്പെടുന്നു.*

സത്യസഭയുടെ ഒന്നാമത്തേയും ഏറ്റവും പ്രധാനപ്പെട്ടതുമായ തൂണ് വിശുദ്ധിയാണ്.ഇതു ബാഹ്യമായ വിശുദ്ധിമാത്രമുള്ള പൊള്ളയായ ഒരു തൂൺ അല്ല. ഇത് ഒരറ്റം മുതൽ മറ്റെ അറ്റം വരെ പൊള്ളയല്ലാത്ത തൂൺ ആണ്. ഇത് ഹൃദയത്തിന്റെ നിർമ്മലതയെ കാണിക്കുന്നു. അതു ഹൃദയത്തിന്റെ ആഴത്തിൽ നിന്നു ദൈവഭയമായ വിത്തിൽ നിന്നു മുളച്ചു വളർന്നതാണ്.യഥാർത്ഥമായ ക്രിസ്തുവിന്റെ സഭ പണിയപ്പെടുന്നത് ബുദ്ധിയുള്ള തലച്ചോറുകൊണ്ടല്ല. എന്നാൽ ശുദ്ധമായ ഹൃദയത്താലാണ്.

ജയാളിയായിത്തീരുന്നതിനാലാണത് (വെളി. 3:12, 21; 14:1 കാണുക).

സദൃശവാക്യങ്ങൾ 9ൽമണവാട്ടിയും വേശ്യയും തമ്മിലുള്ള വ്യക്തമായ വ്യത്യാസം കാണാം. ആദ്യത്തെ 12 വാക്യങ്ങളിൽ മണവാട്ടി എല്ലാ ബുദ്ധിഹീനരെയും അവരുടെ ബുദ്ധികെട്ട വഴികളിൽ നിന്നു തിരിയുവാനും അവരുടെ പാപകരമായ ചങ്ങാത്തം ഉപേക്ഷിക്കാനും (വാക്യം 8) കർത്താവിനോടുള്ള ഭക്തി പഠിക്കാനും (അത് ജ്ഞാനത്തിന്റെ ആരംഭമാണ് -വാക്യം 10)) ക്ഷണിക്കുന്നു. അവസാനത്തെ 6 വാക്യങ്ങളിൽ നാം വേശ്യയുടെ ആഹ്വാനം കേൾക്കുന്നു. അനേകർ വേശ്യയുടെ വിളി കേൾക്കുകയും ആത്മീയമരണത്തിൽ അവസാനിക്കുകയും ചെയ്യുന്നു (വാക്യം 18).

നാം അവിടെ വായിക്കുന്ന മണവാട്ടി (ജ്ഞാനം) അവളുടെ ഭവനം പണിയുന്നത് ഏഴു തൂണുകളിന്മേലാണ്. ഈ ഏഴു തൂണുകൾ യാക്കോബ് 3:17-ൽ പറഞ്ഞിരിക്കുന്നു. സത്യസഭ ഈ തൂണുകളിന്മേൽ പണിയപ്പെടുന്നു.ഈ ലക്ഷണങ്ങളാൽ ക്രിസ്തുവിന്റെ മണവാട്ടിയെ എവിടെയും തിരിച്ചറിയാൻ കഴിയും. അവ ഒന്നൊന്നായി പരിശോധിക്കാം.

**1. വിശുദ്ധി**

സത്യസഭയുടെ ഒന്നാമത്തേയും ഏറ്റവും പ്രധാനപ്പെട്ടതുമായ തൂണ് വിശുദ്ധിയാണ്.ഇതു ബാഹ്യമായ വിശുദ്ധിമാത്രമുള്ള പൊള്ളയായ ഒരു തൂൺ അല്ല. ഇത് ഒരറ്റം മുതൽ മറ്റെ അറ്റം വരെ പൊള്ളയല്ലാത്ത തൂൺ ആണ്. ഇത് ഹൃദയത്തിന്റെ നിർമ്മലതയെ കാണിക്കുന്നു. അതു ഹൃദയത്തിന്റെ ആഴത്തിൽ നിന്നു ദൈവഭയമായ വിത്തിൽ നിന്നു മുളച്ചു വളർന്നതാണ്.യഥാർത്ഥമായ ക്രിസ്തുവിന്റെ സഭ പണിയപ്പെടുന്നത് ബുദ്ധിയുള്ള തലച്ചോറുകൊണ്ടല്ല.എന്നാൽ ശുദ്ധമായ ഹൃദയത്താലാണ്.ദൈവത്തെപ്പറ്റിയും ദൈവത്തിന്റെ വഴികളെപ്പറ്റിയുമുള്ള ആത്മീയ വെളിപ്പാട് ഇല്ലെങ്കിൽ നമുക്കു സഭ പണിയുവാൻ കഴിയുകയില്ല.ഹൃദയശുദ്ധിയുള്ളവർക്കു മാത്രമേ ദൈവത്തെ അവരുടെ ഹൃദയങ്ങളിൽ കാണുവാൻ കഴിയുകയുള്ളു (മത്താ. 5:8).

**2. സമാധാനശീലം**

നീതിയും സമാധാനവും ഒരുമിച്ചാണു പോകുന്നത്. അവർ ഇരട്ടകളാണ് -ദൈവരാജ്യം നീതിയും സമാധാനവുമാണ് (റോമ 14:17).യഥാർത്ഥ ജ്ഞാനം വാദപ്രതിവാദമുള്ളതോ ശണ്ഠയിടുന്നതോ അല്ല. അതു മത്സരിക്കുന്നതല്ല. അത് ആവോളം എല്ലാവരോടും മനപ്പൊരുത്തമുള്ള ബന്ധം പുലർത്തുന്നു.ദിവ്യമായ ജ്ഞാനത്താൽ നിറഞ്ഞവരുമായി വഴക്കടിക്കുന്നത് അസാധ്യമാണ്.കാരണം അത്തരമൊരു മനുഷ്യൻ സമാധാനശീലമുള്ളവനാണ്.അവൻ ദൃഢതയുള്ളവനും ഒത്തുതീർപ്പുകാരാൽ വെറുക്കപ്പെട്ടവനും ആയിരിക്കും. ഇതേസമയം, അവൻ എപ്പോഴും സമാധാനശീലമുള്ളവൻ ആയിരിക്കും. സുവിശേഷം പ്രസംഗിക്കുവാൻ പോകുമ്പോൾ സമാധാനപുരുഷന്മാരുടെ ഭവനങ്ങളിൽ മാത്രമേ വസിക്കാവൂവെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ദൈവത്തിന്റെ ഭവനം പണിയണമെങ്കിൽ നാം സമാധാന പരുഷൻ ആയിരിക്കണം.





**3. പരിഗണന**

ക്രിസ്തുവിന്റെ മണവാട്ടി എപ്പോഴും മറ്റുള്ളവരോട് നിഷ്കപടമായും സൗമ്യമായും ക്ഷമാശീലത്തോടും ഇടപെടും. അവർ സംയമനമുള്ളവരും, മര്യാദയുള്ളവരുമായിരിക്കും. അവൾ ഒരിക്കലും പരുഷമായോ കർക്കശമായോ പെരുമാറുകയില്ല.എന്നാൽ എപ്പോഴും മറ്റുള്ളവരുടെ വികാരങ്ങളെപ്പറ്റി ശ്രദ്ധാലുവായിരിക്കും. സഭ ഈ തൂണിനാൽ താങ്ങപ്പെടുമ്പോൾ അന്യോന്യം വഹിക്കുന്നത് എളുപ്പമാണ്. ചിലർ മനസ്സിലാക്കാൻ താമസമുള്ളവരോ അപക്വമായ പെരുമാറ്റം ഉള്ളവരോ ആയിരിക്കാം.എന്നാൽ അവരോട് ഇടപെടുമ്പോൾ നാം സത്യസന്ധരാണെങ്കിൽ സഹോദരീസഹോദരന്മാരിലുള്ള അപക്വത അല്ല പ്രശ്നം, മറിച്ചു നമ്മുടെ അസഹിഷ്ണുതയാണെന്നും നാം കണ്ടെത്തും. അതുകൊണ്ട് നമ്മുടെ സ്വയജീവിതമാകുന്ന ശത്രുവിനോടു നമുക്കു യുദ്ധം ചെയ്യാം, നമ്മുടെ സഹോദരന്മാരെയും സഹോദരികളെയും വെറുതെ വിടാം.

**4.കീഴ്പ്പെടുവാൻ തയ്യാറാകുക**

ശാസനയും പ്രബോധനവും സ്വീകരിക്കാൻ കഴിയാത്തവൻ അല്ലെങ്കിൽ അതിനു താൻ അതീതനാണെന്നു കരുതുന്നവൻ, അവൻ ഒരു മൂപ്പൻ ആയിരുന്നാൽ പോലും, ഭോഷൻ ആണ്. ഇന്ത്യയിൽ പ്രത്യേകിച്ച്, അനേക ആളുകൾക്കും 'പ്രായമേറെയുള്ളവർ ജ്ഞാനികളായിരിക്കും' എന്ന ജാതീയ ആശയമാണുള്ളത്. ഇതു ഭൗതികമായ കാര്യങ്ങളിൽ സത്യമായിരിക്കും. എന്നാൽ നിശ്ചയമായും ആത്മീയകാര്യങ്ങളിൽ അങ്ങനെ അല്ല.യേശു സിന്നഗോഗിലുള്ള ഒരു വൃദ്ധനെപ്പോലും തന്റെ ശിഷ്യനായി തിരഞ്ഞെടുത്തില്ല. മറിച്ച് അവിടുന്നു ചെറുപ്പക്കാരെയാണു തിരഞ്ഞെടുത്തത്. പ്രായമുള്ള ആളുകൾ മിക്കവാറും സഭയിലെ അവരെക്കാൾ ദൈവഭക്തരായ ചെറുപ്പക്കാരായ മൂപ്പന്മാരിൽ നിന്നു പ്രബോധനം സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ളവരാണ്. അതിനുകാരണം അവരുടെ നിഗളമാണ്. തിരുത്തൽ സ്വീകരിക്കാൻ മനസ്സുള്ളവൻ ജ്ഞാനി ആയിത്തീരുന്നു (സദൃ. 13:10). സഹോദരന്മാരും സഹോദരികളും പ്രബോധനവും തിരുത്തലുകളും സ്വീകരിക്കാൻ എവിടെ തയ്യാറാകുന്നുവോ അവിടെയാണ് യഥാർത്ഥത്തിൽ മഹത്വകരമായ ഒരു സഭ പണിയപ്പെടുന്നത്. ജ്ഞാനമുള്ള മനുഷ്യർ തന്നെ വിശ്വസ്തതയോടെ പ്രബോധിക്കുന്നവരെ സ്നേഹിക്കുകയും താത്പര്യത്തോടെ അവരുടെ സഹവാസം തേടുകയും ചെയ്യും. അന്യോന്യം കീഴടങ്ങിയിരിക്കുക (എഫെ 5:21) എന്ന വാക്യമാണ് ഈ തൂണിൽ എഴുതിയിരിക്കുന്നത്.

പ്രായമുള്ള ആളുകൾ സഭയിലെ അവരെക്കാൾ ദൈവഭക്തരായ ചെറുപ്പക്കാരായ മൂപ്പന്മാരിൽ നിന്നു പ്രബോധനം സ്വീകരിക്കാൻ മിക്കവാറും ബുദ്ധിമുട്ടുള്ളവരാണ്. അതിനുകാരണം അവരുടെ നിഗളമാണ്. തിരുത്തൽ സ്വീകരിക്കാൻ മനസ്സുള്ളവൻ ജ്ഞാനി ആയിത്തീരുന്നു . പ്രബോധനവും തിരുത്തലുകളും സ്വീകരിക്കാൻ എവിടെ തയ്യാറാകുന്നുവോ അവിടെയാണ് യഥാർത്ഥത്തിൽ മഹത്വകരമായ ഒരു സഭ പണിയപ്പെടുന്നത്. ജ്ഞാനമുള്ള മനുഷ്യർ തന്നെ വിശ്വസ്തതയോടെ പ്രബോധിക്കുന്നവരെ സ്നേഹിക്കുകയും താത്പര്യത്തോടെ അവരുടെ സഹവാസം തേടുകയും ചെയ്യും.

**ക്രിസ്തുവിന്റെ മണവാട്ടി കരുണ നിറഞ്ഞവളായിരിക്കും - വല്ലപ്പോഴുമൊക്കെ കരുണ നിറഞ്ഞവൾ അല്ല,സൗജന്യമായും ഹൃദയത്തിലെ സന്തോഷത്തോടും ക്ഷമിക്കാൻ അവൾക്ക് ഒരു പ്രശ്നവുമില്ല.അവൾ ആരെയെങ്കിലും വിധിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. എന്നാൽ അവളുടെ മണവാളനെപ്പോലെ അവരോട് അനുകമ്പ കാണിക്കും. ഈ കരുണ വെറുമൊരു മാനസിക മനോഭാവമല്ല, അവളുടെ പ്രവൃത്തികളിൽ നിന്നും വന്ന നല്ല ഫലങ്ങളെയാണ് അത് കാണിക്കുന്നത്.**

**5.കരുണയുടെ നിറവും നല്ല ഫലങ്ങളും**

ക്രിസ്തുവിന്റെ മണവാട്ടി കരുണ നിറഞ്ഞവളായിരിക്കും – വല്ലപ്പോഴുമൊക്കെ കരുണ നിറഞ്ഞവൾ അല്ല,സൗജന്യമായും ഹൃദയത്തിലെ സന്തോഷത്തോടും ക്ഷമിക്കാൻ അവൾക്ക് ഒരു പ്രശ്നവുമില്ല.അവൾ ആരെയെങ്കിലും വിധിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. എന്നാൽ അവളുടെ മണവാളനെപ്പോലെ അവരോട് അനുകമ്പ കാണിക്കും. ഈ കരുണ വെറുമൊരു മാനസിക മനോഭാവമല്ല, അവളുടെ പ്രവൃത്തികളിൽ നിന്നും വന്ന നല്ല ഫലങ്ങളെയാണ് അത് കാണിക്കുന്നത്.അവൾ എല്ലാ രീതിയിലും, എല്ലാ മനുഷ്യർക്കും, എല്ലാ സമയത്തും തന്നാൽ കഴിയുന്ന നന്മ ചെയ്യും.

**6. ദൃഢചിത്തത**

ദിവ്യജ്ഞാനമുള്ള ഒരു സഹോദരൻ എല്ലാ കുടിലചിത്തതയിൽ നിന്നും സ്വതന്ത്രനായിരിക്കും.അവൻ പൂർണ്ണഹൃദയമുള്ളവനും വക്രതയില്ലാത്തവനും ഏകാഗ്രതയുള്ളവനും സംശയങ്ങളിൽ നിന്നും ശങ്കയിൽ നിന്നും സ്വതന്ത്രനും ആയിരിക്കും.അവൻ ഇരുമനസ്സുള്ളവനായിരിക്കുകയില്ല. ദൈവത്തിലുള്ള വിശ്വാസത്തിൽ ശക്തനായിരിക്കും.സ്വന്ത ബലഹീനതയിൽ നോക്കിക്കൊണ്ടിരിക്കാത്തവനും ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ നോക്കുന്നവനും ആയിരിക്കും. ബോധപൂർവ്വമുള്ള എല്ലാ പാപത്തിന്റെയും മേൽ ഇവിടെ ഇപ്പോൾ തന്നെ ജയം സാധ്യമാണെന്ന് അത്തരം ഒരു സഹോദരനറിയാം. അവൻ ആശ്രയിക്കാവുന്ന ഒരു വ്യക്തിയായിരിക്കും.എല്ലാ സമയവും തന്റെ വാക്കുപാലിക്കുമെന്ന് വിശ്വസിക്കാവുന്ന ഒരുവൻ. അവൻ ദൃഢചിത്തനും ഇളക്കമില്ലാത്തവനും ആയിരക്കും. നിങ്ങൾക്ക് അവന്റെ ദൃഢവിശ്വാസത്തെ വളയ്ക്കുവാനോ അവനുമായി ഏതെങ്കിലും കാര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കുവാനോ കഴിയുകയില്ല.അവൻ ഒരു ദണ്ഡുപോലെ നേരേയുള്ളവനും സത്യനിഷ്ഠനും ആയിരിക്കും.

**7.കപടനാട്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യം**

മണവാട്ടിക്ക് ആന്തരികമായ ഉള്ളടക്കം (മറ്റുള്ളവർ വെളിയിൽ നിന്നു കാണുന്നതിലധികം) ഉണ്ട്. അവളുടെ ബാഹ്യമായ ജീവിതത്തെപ്പറ്റി മറ്റുള്ളവർക്കുള്ള അഭിപ്രായത്തേക്കാൾ അവളുടെ മറഞ്ഞിരിക്കുന്ന ജീവിതം കൂടുതൽ നല്ലതാണ്. ഇത് ആത്മീയ വ്യഭിചാരിണികളുടെ (അല്ലെങ്കിൽ വേശ്യയുടെ) നേരെ വിപരീതമായതാണ്.മനുഷ്യരുടെ മാനം ലഭിക്കുന്നതിനുവേണ്ടി മാത്രമുള്ളതാണ് ആത്മീയ വ്യഭിചാരിണിയുടെ കപട ആത്മീയത. അവൾക്ക് യഥാർത്ഥത്തിലുള്ളത് മതഭക്തിയാണ്,ആത്മീയതല്ല. എന്നാൽ ക്രിസ്തുവിന്റെ മണവാട്ടി തന്റെ ഉള്ളിലെ ചിന്തകൾ, ഉദ്ദേശ്യങ്ങൾ, മനോഭാവങ്ങൾ എന്നിവ ശ്രദ്ധിക്കുന്നു. അവളുടെ ബാഹ്യമായ വാക്കുകൾ, പ്രവൃത്തികൾ എന്നിവയെപ്പറ്റിയും ശ്രദ്ധയുള്ളവളാണ്. അവളുടെ ആന്തരിക ജീവിതത്തിന്റെ മേൽ ദൈവ





ത്തിന്റെ അംഗീകാരം അവൾ ആഗ്രഹിക്കുന്നു.എന്നാൽ തന്റെ ബാഹ്യജീവിതത്തിന്മേൽ ഉള്ള മനുഷ്യരുടെ അംഗീകാരത്തെപ്പറ്റി അവൾ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നു. ഈ പരിശോധനയാൽ നമുക്കോരോരുത്തർക്കും നാം മണവാട്ടിയുടെ ഭാഗമാണോ അതോ വേശ്യയുടെ ഭാഗമാണോ എന്ന് അറിയുവാൻ കഴിയും.

**ജ്ഞാനത്തിനുവേണ്ടി ദൈവത്തെ അന്വേഷിക്കുക**

ക്രിസ്തുവിന്റെ മണവാട്ടി, ജ്ഞാനത്തിന്റെ വിത്ത് ഹൃദയത്തിൽ നട്ടിട്ടുള്ളവളാണ്. അതുകൊണ്ട് ഈ ഏഴ് സ്വഭാവജന്യമായ കാര്യങ്ങൾ വർഷംതോറും അവളിൽ വളർന്നുകൊണ്ടിരുന്നു. അവൾ പൂർണതയിൽ നിന്നു വളരെ ദൂരെ ആണെങ്കിൽ തന്നെ അവൾ പൂർണതയിലേക്കു ആഞ്ഞുകൊണ്ടും വളർന്നുകൊണ്ടും ഇരിക്കുകയാണ്. എന്നാൽ ഈ സവിശേഷതകൾ എവിടെ കാണുന്നില്ലയോ, അതൊരു വ്യക്തിയായാലും സഭയായാലും, തങ്ങളെത്തന്നെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാണെന്നു ചിന്തിക്കുന്നത് ധിക്കാരമാണ്.എവിടെ അസൂയയും അശുദ്ധിയും അവിശ്വാസവും നിഗളവും ഉണ്ടോ അവിടെ നിശ്ചയമായും ഉള്ളത് വേശ്യയാണ്, മണവാട്ടി അല്ല.

ദിവ്യജ്ഞാനം ലഭിക്കാൻ കഴിയുന്നത് നാമതിനെ നിഗൂഢമായ ധനം പോലെ അന്വേഷിക്കുമ്പോൾ മാത്രമാണെന്നു ബൈബിളിൽ പറയുന്നു(സദൃ. 2:4). യേശു പറഞ്ഞു:സ്വർഗരാജ്യം എന്നതു വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിപോലെയാണ്. ഒരു മനുഷ്യൻ അതു കണ്ടെത്തിയപ്പോൾ പോയി തനിക്കുള്ളതെല്ലാം ആ നിധി നേടുന്നതിന് വേണ്ടി വിറ്റു(മത്താ. 13:44). എല്ലാം വിട്ടുകളയുന്നവൻ, എല്ലാം ദൈവത്തിനുവേണ്ടി ഉപേക്ഷിക്കുന്നവൻ, ഭൂമിയിലുള്ള മറ്റുള്ളതെല്ലാം ദിവ്യജ്ഞാനത്തോടു താരതമ്യപ്പെടുത്തുമ്പോൾ ചവറ് എന്ന് എണ്ണുന്നവൻ (പൗലൊസ് ചെയ്ത

**ക്രിസ്തുവിന്റെ മണവാട്ടി തന്റെ ഉള്ളിലെ ചിന്തകൾ, ഉദ്ദേശ്യങ്ങൾ, മനോഭാവങ്ങൾ എന്നിവ ശ്രദ്ധിക്കുന്നു. അവളുടെ ബാഹ്യമായ വാക്കുകൾ, പ്രവൃത്തികൾ എന്നിവയെപ്പറ്റിയും ശ്രദ്ധയുള്ളവളാണ്. അവളുടെ ആന്തരിക ജീവിതത്തിന്റെ മേൽ ദൈവത്തിന്റെ അംഗീകാരം അവൾ ആഗ്രഹിക്കുന്നു.എന്നാൽ തന്റെ ബാഹ്യജീവിതത്തിന്മേൽ ഉള്ള മനുഷ്യരുടെ അംഗീകാരത്തെപ്പറ്റി അവൾ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നു. ഈ പരിശോധനയാൽ നമുക്കോരോരുത്തർക്കും നാം മണവാട്ടിയുടെ ഭാഗമാണോ അതോ വേശ്യയുടെ ഭാഗമാണോ എന്ന് അറിയുവാൻ കഴിയും.**

തുപോലെ ഫിലി 3:8) -ഇവർ മാത്രമാണ്ഈ ജ്ഞാനം പ്രാപിക്കുന്നത്. ഇവർക്കു മാത്രമേ ഈ ഏഴു തൂണുകൾ പണിയാനും കഴിയുകയുള്ളു. അത്തരം ആളുകളിൽക്കൂടിമാത്രമാണ് യേശുക്രിസ്തുവിന്റെ സത്യസഭ പണിയുന്നത്.

അറിവു കൂട്ടിവയ്ക്കാനോ വാക്ചാതുര്യമുള്ള പ്രസംഗകൻ ആകുവാനോ എളുപ്പമാണ്. യേശു പറഞ്ഞു ഓരോ ശാസ്ത്രിയും ഒരു ശിഷ്യനാകേണ്ടതാണ്.(മത്തായി 13:52).ഇതിനുവേണ്ടി ശാസ്ത്രി എല്ലാം വിട്ടുകളയേണ്ടതാണ് – അവന്റെ സ്വന്തം ആദാമ്യ ജീവിതവും സ്വന്തവഴി തിരഞ്ഞെടുക്കാനുള്ള അവകാശവും (ലൂക്കോ. 14:26,33) എല്ലാം. അങ്ങനെ മാത്രമേ ദൈവം നൽകുന്ന ആ ധനം (ദിവ്യമായ ജീവനും ജ്ഞാനവും) അവനു നേടാൻ കഴിയുകയുള്ളു. അപ്പോൾ ആ ധനത്തിൽ നിന്നും മറ്റുള്ളവർക്കു കൊടുക്കുവാനും അവനു സാധിക്കും.അവന്റെ ഹൃദയത്തിൽ നിന്നു നൽകാൻ കഴിയും തലയിൽ നിന്നല്ല.

**അനുഭവങ്ങളിൽചാലിച്ചെഴുതിയ കീർത്തനങ്ങൾ**

# 'ദൈവസ്നേഹം വർണിച്ചീടാൻ വാക്കുകൾ പോരാ......'

സുരേഷ്, ബാംഗ്ലൂർ

ലൂക്കോസ് 15:17 *അപ്പോൾ സുബോധം വന്നിട്ടു അവൻ:"എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചുശേഷിപ്പിക്കുന്നു. ഞാനോ വിശപ്പുകൊണ്ടു നശിച്ചു പോകുന്നു...."*

2 കൊരി. 5:13-14 "*ഞങ്ങൾ വിവശന്മാർ എന്നു വരികിൽ ദൈവത്തിനും സുബോധമുള്ളവർ എന്നു വരികിൽ നിങ്ങൾക്കും ആകുന്നു. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിയന്ത്രിക്കുന്നു...*"

2 തിമൊ. 1:7"*ദൈവം നമുക്കു സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ നൽകിയിരിക്കുന്നു*" .

ദൈവസ്നേഹത്തിന്റെ വലിപ്പത്തെയും ദീർഘക്ഷമയെയും കുറിച്ചു പറയുന്ന ഒരു പാട്ടാണ് "ദൈവസ്നേഹം."എത്രമാത്രം നാം ദൈവസ്നേഹത്താൽ നിറഞ്ഞും അതിനെ ധ്യാനിച്ചുമിരിക്കുന്നുവോ അത്ര മാത്രം സുബോധം നമുക്കുണ്ടായിരിക്കുകയും നിത്യമായ മൂല്യങ്ങളുള്ള പ്രവൃത്തികൾ നമ്മിൽ നിന്നുണ്ടാവുകയും ചെയ്യും എന്നതാണ് ഈ പാട്ടിന്റെ ചരിത്രം നമുക്കു നൽകുന്ന പാഠം.

ഈ പാട്ടിനു മൂന്നു ചരണങ്ങളാണുള്ളത്. അതിലെ രണ്ടു ചരണങ്ങളും പല്ലവിയും 1917ൽ കാലിഫോർണിയയിലെ പസഡേനയിലുള്ള ഫ്രെഡറിക് മാർട്ടിൻ ലെഹ്മാൻ ആണ് എഴുതിയത്. മൂന്നാം ചരണത്തിന്റെ ഉത്ഭവം കണ്ടെത്തുന്നത് 90 ചരണങ്ങളുള്ള ഹദ്ദാമുട്ട് എന്നോ അക്ദാമുട്ട് എന്നോ പേരുള്ള ഒരു യെഹൂദ കവിതയിലാണ്. ജർമ്മിനിയിലെ വേംസിൽ ഒരു യെഹൂദാ ധ്യാനഗുരുവായിരുന്ന മെയ്ർ ബെൻ ഇസാക്ക് നെഹോറായി, 1050-ൽ അരാമ്യ ഭാഷയിൽ രചിച്ചതായിരുന്നു ആ കവിത. പ്രസക്ത ഭാഗത്തിന്റെ ഒരു ഭാഷാന്തരമിതാ:

"മുഴു ആകാശവും തോൽച്ചുരുളുകളും സർവ്വ ഈറ്റക്കാടുകളും പേനകളും സർവ്വ സമുദ്രങ്ങളും മഷിയും സകല ഭൂവാസികളും എഴുത്തുകാരുമായിരുന്നാൽപ്പോലും തന്റെ മൃദുമൊഴികളാൽ സർവ്വപ്രപഞ്ചത്തെയും വിരിക്കുന്ന സ്രഷ്ടാവിന്റെ മഹത്വത്തെ വർണ്ണിക്കാവതല്ല"

സമാനമായ ആശയങ്ങൾ ഇസ്ലാം മത ഗ്രന്ഥമായ ഖുറാനിലും കണ്ടെത്തുന്നു. "ഭൂമിയിലുള്ള മരങ്ങളെല്ലാം പേനകളും സമുദ്രങ്ങൾ - അതിനു പുറമെ ഏഴു സമുദ്രങ്ങൾ കൂടി അതിനു പോഷണം നൽകി - മഷിയായിത്തീരുകയും ചെയ്താലും സ്രഷ്ടാവിൻ വചനങ്ങൾ എഴുതിത്തീരുകയില്ല." (സൂറാ 31:സൂക്തം 27)

ഈ ഗതകാല കൃതികളൊക്കെയും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ദൈവസ്നേഹത്തെക്കുറിച്ചുള്ള ഈ ആശയങ്ങളുടെ, നാമറിയുന്ന, ആദ്യപ്രയോഗം 1800 കളുടെ ഒടുവിലെങ്ങോ ഒരു ഭ്രാന്താലയത്തിന്റെ ചുമരിൽ ഇംഗ്ലീഷിൽ കോറിയിട്ടിരുന്ന വരികളാണ്. മൂന്നാം ചരണത്തിന്റെ വരികളായിത്തീർന്ന ആ പദങ്ങളിതാ:

Could we with ink the ocean fill
And were the skies of parchment made,
Were every stalk on earth a quill
And every man a scribe by trade,
To write the love of God above
Would drain the ocean dry,
Nor could the scroll contain the whole
Though stretched from sky to sky.

ഭാഷാന്തരം:

നമുക്കു മുഴു സമുദ്രവും മഷി നിറയ്ക്കാൻ കഴിഞ്ഞാലും
തോൽച്ചുരുളുകൾ ആകാശത്തോളം വിടർത്തിയാലും
ഭൂതലത്തിലെ സർവ്വ സസ്യത്തണ്ടുകളും തൂലികയാക്കിയാലും
മാനവരെല്ലാം എഴുത്തു തൊഴിലാക്കിയാലും
ദൈവസ്നേഹമെഴുതിത്തീരുംമുമ്പെ
കടലുകൾ വറ്റിയുണങ്ങും
ആകാശത്തിൻ അതിരുകളോളം നിവർത്തിയ
തോൽച്ചുരുളും തീർന്നുപോകും.



ഫ്രെഡറിക് മാർട്ടിൻ ലെഹ്മാൻ

1800-കളുടെ അന്ത്യത്തിൽ ഈ വരികൾ കുറിച്ചിട്ട ആ രോഗിയുടെ അന്ത്യവും ആ ചുമരുകൾക്കുള്ളിലായിരുന്നുവത്രേ. ആ മൃതശരീരം പുറത്തേക്കെടുക്കാനായെത്തിയ പരിചാരകരാണ് ചുമരിൽ കുറിച്ചിട്ടിരുന്ന ആ വരികൾ കണ്ടത്. സുബോധം വീണ്ടുകിട്ടിയ നാളിലെങ്ങോ എഴുതിയതാകാം ഈ വരികളെന്നാണ് അനുമാനം. ചുമരുകൾ പെയിന്റടിക്കാൻ വന്ന ജോലിക്കാർ, മാഞ്ഞുപോകുംമുമ്പെ അതു പകർത്തിയെടുത്തു. ആ രോഗി ഒരു യഹൂദനായിരുന്നതിനാൽ 'ഹദ്ദാമുട്ട്' എന്ന കവിത പരിചയമുണ്ടായിരുന്ന

---

അപ്പോൾ അവനു മറ്റുള്ളവരുമായി പുതിയതും (വചനത്തിൽ നിന്ന് ഇപ്പോൾ ലഭിച്ച ജ്ഞാനവും വെളിപ്പാടും) പഴയതും (പഴയ സത്യങ്ങൾ 40 വർഷം പെട്ടകത്തിലിരുന്നിട്ടും ഒരിക്കലും ചീഞ്ഞുപോകാതിരുന്ന മന്ന പോലെ) ഒരുപോലെ പങ്കിടുവാൻ കഴിയും. (മത്താ. 13:52).

ഈ ഉന്നതവിളിയും ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്ന നിലവാരവും കാണുമ്പോൾ നാം നിരാശപ്പെടരുത്. പരിശുദ്ധാത്മാവ് യാക്കോബ് 1:5-ൽ ഉത്സാഹത്തിന്റെ വാക്ക് നമുക്ക് തരുന്നു. നമുക്ക് ഈ ജ്ഞാനം കുറവാണെങ്കിൽ (നമ്മിൽ ആർക്ക് ഈ ജ്ഞാനം ആവശ്യമില്ല എന്നു പറയുവാൻ കഴിയും?) നാം ദൈവത്തോട് ചോദിക്കുവാൻ കല്പിച്ചിരിക്കുന്നു. കർത്താവാണ് ജ്ഞാനം നൽകുന്നത് (സദൃ 2:6). എന്നാൽ നാം വിശ്വാസത്തിൽ ചോദിക്കണം. നാം വിശ്വാസത്തിൽ ചോദിച്ചാൽ ഈ ഏഴു തൂണുകൾ നിശ്ചയമായും നമ്മുടെ ജീവിതത്തിലും ദൈവഭവനം നമ്മിലും നമ്മിലൂടെയും പണിയപ്പെടും.

ചെവിയുള്ളവൻ കേൾക്കട്ടെ.

മൊഴിമാറ്റം- വി.എം.വർഗീസ്

❖

**യെഹൂദാ ധ്യാനഗുരുവായിരുന്ന മെയ്ർ ബെൻ ഇസാക്ക് നെഹോറായി 1050-ൽ അരാമ്യ ഭാഷയിൽ രചിച്ച കവിത. ആ കവിതയുടെ പ്രസക്ത ഭാഗത്തിന്റെ ഒരു ഭാഷാന്തരമിതാ:“മുഴു ആകാശവും തോൽച്ചുരുളുകളും സർവ്വ ഈറ്റക്കാടുകളും പേനകളും സർവ്വ സമുദ്രങ്ങളും മഷിയും സകല ഭൂവാസികളും എഴുത്തുകാരുമായിരുന്നാൽപ്പോലും തന്റെ മൃദുമൊഴികളാൽ സർവ്വപ്രപഞ്ചത്തെയും വിരിക്കുന്ന സ്രഷ്ടാവിന്റെ മഹത്വത്തെ വർണ്ണിക്കാവതല്ല’**

ആളായിരുന്നു എന്നു നമുക്കു കരുതാം. അത് അദ്ദേഹം തന്റെ സ്വന്തം വാക്കുകളിൽ രൂപപ്പെടുത്തി ചുമരിൽ കോറിയിട്ടു.

അമേരിക്കയിലെ മദ്ധ്യ പാശ്ചാത്യ സംസ്ഥാനത്തെ ഒരു ക്യാമ്പ് മീറ്റിംഗിൽ 1917-ൽ ദൈവസ്നേഹത്തെക്കുറിച്ചു പ്രസംഗിച്ച ഒരു സുവിശേഷകൻ ഈ വരികൾ ഉദ്ധരിക്കുകയുണ്ടായി. അന്നത്തെ ആ ക്യാമ്പ് മീറ്റിംഗിൽ ഗാനരചയിതാവും സംഗീതജ്ഞനുമായ ഫ്രെഡറിക്ക് ലെഹ്മാനും സന്നിഹിതനായിരുന്നു. പിന്നീട് 1948-ൽ ആ ഗാനത്തിന്റെ ചരിത്രം എഴുതിയ ലഘുലേഖ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതിൽ അദ്ദേഹം ഇങ്ങനെ എഴുതി.

“ആ വരികളുടെ ആഴം, ഭാവിതലമുറകൾക്കായി ആ പാട്ടിനെ സൂക്ഷിക്കുവാനുള്ള ഒരു പ്രേരണ ഞങ്ങൾക്കു തന്നു. എന്നാൽ ഞങ്ങൾ കാലിഫോർണിയയിലേക്കു തിരികെയെത്തുകയും കഠിനമായ ശാരീരികാദ്ധ്വാനങ്ങളിലേക്കു സാഹചര്യം വലിച്ചിഴയ്ക്കുകയും ചെയ്യുംവരെ ഈ പ്രേരണ ഫലം കണ്ടില്ല.”

നാലു വയസ്സുപ്രായമുള്ളപ്പോഴാണ് ലെഹ്മാന്റെ കുടുംബം അമേരിക്കയിലേക്കു കുടിയേറി ഐഓവായിൽ സ്ഥിരതാമസമാക്കിയത്. പതിനൊന്നു വയസ്സുള്ളപ്പോൾ കർത്താവിനെ അറിയുകയും തുടർന്ന് ഇല്ലിനോയിസിൽ ശുശ്രൂഷയ്ക്കുവേണ്ട പഠനങ്ങളിലേർപ്പെടുകയും മദ്ധ്യ പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ശുശ്രൂഷയിൽ വ്യാപൃതനാവുകയും ചെയ്തു. ആദ്യ നാളുകൾ കടുത്ത സാമ്പത്തിക പ്രയാസങ്ങളിലൂടെ കടന്നുപോയി . അക്കാരണത്താൽ കാലിഫോർണിയയിലുള്ള ഒരു പാക്കിംഗ് സ്ഥാപനത്തിൽ ജോലി തേടുകയും പായ്ക്കു ചെയ്ത പഴവർഗ്ഗങ്ങൾ കയറ്റിയിറക്കുന്ന കടുത്ത ശാരീരികാദ്ധ്വാനം ആവശ്യമുള്ള ജോലികളിലേർപ്പെടുകയും ചെയ്യേണ്ടിവന്നു.

ഈ സമയത്താണ് ക്യാമ്പ് മീറ്റിംഗിൽ കേട്ട വരികൾ തന്റെ മനസ്സിൽ ഉയർന്നു വന്നത്. തന്റെ ലഘുലേഖയിൽ അദ്ദേഹം ഇങ്ങനെ എഴുതി: “അങ്ങനെയുള്ള നാളുകളൊന്നിൽ ചുമരിനോടു ചേർത്തുവച്ച മധുരനാരങ്ങാ പെട്ടിയുടെ മുകളിലിരുന്നുകൊണ്ട് ഒഴിവുസമയത്ത് ഒരു കീറക്കടലാസ്സിൽ പെൻസിൽ കൊണ്ടു രണ്ടു ചരണങ്ങൾക്കൂടി കുറിച്ചു. അവ ആ പാട്ടിന്റെ ആദ്യ ചരണങ്ങളായിത്തീർന്നു. ആ വരികളിതാ:

The love of God is greater for
Than tongue or pen can ever tell,
It goes beyond the highest star,
And reaches to the lowest hell;
The guilty pair, bowed down with care,
God gave his son to win;
His erring child He reconciled
And pardoned from his sin.
Chorus : O love of God, how rich and pure!
How measureless and storng!
It shall forever more endure
The saints' and angels song.
When years of time shall pass away





And earthly thrones and kingdoms Fall,
When men, who here refuse to pray
On rocks and hills and mountains call
God's love so sure, shall still endure
All measureless and strong
Redeeming grace to Adam's race -
The saints' and angels' song.

ഭാഷാന്തരം:

നാവിനും പേനയ്ക്കും വർണ്ണിക്കാനാകാ
ഉത്തുംഗമപാരം ദൈവസ്നേഹം
നക്ഷത്രജാലവുമധമ പാതാളവു-
മൊന്നുമപ്രാപ്യമല്ലാ സ്നേഹ നിർഝരിക്ക്
താപാൽ നമ്രമൗലിയായെത്തും പാപിയെ
രക്ഷിപ്പാൻ സ്വപുത്രനെ നൽകി ദൈവം
വീണുപോകും തൻ പൈതലെ
നിരപ്പിച്ചു, പാപം ക്ഷമിച്ചു നൽകി.
ഓ ദൈവസ്നേഹം എത്രധന്യം, ശുദ്ധം!
ഓ ദൈവസ്നേഹം എന്തപാരം, ശക്തം!
നില്ക്കുമതെന്നെന്നു മന്ത്യത്തോളം
എന്നു പാടുന്നൂ ദൂതരും വിശുദ്ധരും
നിലച്ചീടും കാലഗതിയൊരുനാൾ
വീണിടും രാജ്യങ്ങളും രാജത്വവുമന്നാൾ
ഇങ്ങു പ്രാർത്ഥന നിരസിച്ച കേമന്മാരന്നു-
കേണിടും കുന്നു മലമ്പാറകളിൽ
അന്നും മാറാതെ നില്ക്കുമാ ദൈവസ്നേഹം
നിശ്ചിതം, അപാരം, അതിശക്തം
ആദാമ്യ വർഗ്ഗത്തെ വീണ്ട കൃപ
എന്നു പാടുന്നൂ ദൂതരും വിശുദ്ധരും.

അന്നു ക്യാമ്പ് മീറ്റിംഗിൽ സുവിശേഷകൻ പാടിയ വരികൾ മൂന്നാമത്തെ ചരണമായി ചേർത്തു. ആ വരികൾ ഭാവിതലമുറയ്ക്കായ് സൂക്ഷിക്കുവാനുള്ള ലെഹ്മാന്റെ ആ ആഗ്രഹം ആ പാട്ടിലും പ്രതിദ്ധ്വനിക്കുന്നതു കാണാം.

“നില്ക്കുമതെന്നെന്നു മന്ത്യന്തോളം
എന്നു പാടുന്നൂ ദൂതരും വിശുദ്ധരും”

**നാവിനും പേനയ്ക്കും വർണ്ണിക്കാനാകാ
ഉത്തുംഗമപാരം ദൈവസ്നേഹം
നക്ഷത്രജാലവുമധമ പാതാളവു-
മൊന്നുമപ്രാപ്യമല്ലാ സ്നേഹ നിർഝരിക്ക്
താപാൽ നമ്രമൗലിയായെത്തും പാപിയെ
രക്ഷിപ്പാൻ സ്വപുത്രനെ നൽകി ദൈവം
വീണുപോകും തൻ പൈതലെ
നിരപ്പിച്ചു, പാപം ക്ഷമിച്ചു നൽകി.
ഓ ദൈവസ്നേഹം എത്രധന്യം, ശുദ്ധം!
ഓ ദൈവസ്നേഹം എന്തപാരം, ശക്തം!**

എന്ന വരികൾ ശ്രദ്ധിക്കുക. അങ്ങനെ എക്കാലവും നിലനില്ക്കുന്ന ഒരു പാട്ടുണ്ടായി-ഭ്രാന്താലയത്തിന്റെ ചുമരുകൾക്കുള്ളിൽ ഹ്രസ്വനേരത്തേക്കു മടങ്ങിവന്ന സുബോധത്തിന്റെ വെളിച്ചത്തിൽ കോറിയിട്ട വരികളോടു ചേർന്നു അത്യദ്ധ്വാനത്തിന്റെ ഇടവേളയിലൊന്നിൽ ഒരു വിശ്വാസിയുടെ തപ്ത നിശ്വാസത്തിൽ നിന്നുതിർന്ന വരികളും ചേർന്നപ്പോൾ. അന്നുമുതൽ 18 ഭാഷകളിലേക്ക് ഈ ഗീതം ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്. 1892-ൽ ഐഓവായിൽ ജനിച്ച ലെഹ്മാന്റെ പുത്രി ക്ലോദിയാ ആണ് ഇതിനു സംഗീതം നൽകിയത്. തന്റെ ഒൻപതു മക്കളിലൊരുവളായ ക്ലോദിയാ പിതാവിന്റെ നിരവധി ഗാനങ്ങൾക്ക് ഈണം പകർന്നിട്ടുണ്ട്.

മുടിയനായ പുത്രനെപ്പോലെ നമുക്കും സുബോധത്തിലേക്കു മടങ്ങിവന്നു പിതാവു നമ്മുടെമേൽ ചൊരിഞ്ഞിരിക്കുന്ന അഗാധമായ സ്നേഹത്തെ ഓർത്തും ധ്യാനിച്ചും നിത്യതയിലേക്കു മുതൽക്കൂട്ടുന്ന, നിലനില്ക്കുന്ന ഒരു ജീവിതത്തിനായി ഒരുങ്ങാം.

*(ഈ പംക്തി ഈ ലക്കത്തോടെ അവസാനിക്കുന്നു.)*

**മൊഴിമാറ്റം: ബോബി ചെറിയാൻ**

## എഡിറ്റോറിയൽ തുടർച്ച

ദേശം എന്താണ്? പരിശുദ്ധാത്മസ്നാനം രക്ഷയിൽത്തന്നെ നിറവേറിയെന്നാണോ, അതോ അതു രണ്ടാമതൊരു അനുഭവമാണെന്നാണോ അവർ വിശ്വസിക്കുന്നത്?-ഇതൊന്നും പുറംലോകത്തിനു വിഷയമേയല്ല. അടിസ്ഥാനവേദോപദേശങ്ങൾ സംബന്ധിച്ച വിശ്വാസമല്ല മറ്റുള്ളവർ ക്രിസ്ത്യാനികളിൽ കാണുന്നത്. മറിച്ച് അവരുടെ ജീവിതമാണ്. വർഷങ്ങൾക്കു മുൻപ് പ്രശസ്ത മിഷനറി സ്റ്റാൻലി ജോൺസ്, 'ഭാരതത്തിലെ ക്രിസ്ത്യാനികളിൽ നിന്ന് അങ്ങു പ്രാഥമികമായും എന്താണു പ്രതീക്ഷിക്കുന്നതെ'ന്നു മഹാത്മാഗാന്ധിയോടു ചോദിച്ചു. 'അവർ കൂടുതൽ കൂടുതൽ യേശുവിനെപ്പോലെയാകണം' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. നോക്കുക: രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം എന്നീ വിശ്വാസവിഷയങ്ങളൊക്കെ അടിത്തറയാണ്. അതാരും കാണുകയില്ല. മറിച്ച് യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ജീവിതം 'തന്റെ പുത്രന്റെ സ്വഭാവത്തോട് അനുരൂപമാകുന്നത്' പുറംലോകത്തിന്റെ ദൃഷ്ടിയിൽ പെടും. ഇതിനായിട്ടാണല്ലോ ദൈവം നമ്മെ മുൻനിർണയിച്ചിരിക്കുന്നത് (റോമർ 8:29). പൗലൊസിന് ഈ മുകളിലത്തെ പണിയെക്കുറിച്ചുള്ള കാഴ്ചപ്പാടുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ആഗ്രഹം ഒരേ ഒരു കാര്യം ആയിരുന്നു. 'അവനെ അറിയുക, അവന്റെ മരണത്തോട് അനുരൂപപ്പെടുക' (ഫിലിപ്യ. 3:10).

'ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി' എന്ന ബോധ്യത്തിൽ ക്രൂശെടുത്തു തന്നെ അനുഗമിക്കുന്നത്, ശിഷ്യത്വത്തിന്റെ ജീവിതം, അവിടുത്തെ സ്വഭാവത്തോട് അനുരൂപപ്പെടുന്നത് എന്നിങ്ങനെ ജീവിതഗന്ധിയായ നിലപാടുകളില്ലാതെ ഉപദേശങ്ങളുടെ തലനാരിഴകീറി പിന്നേയും പിന്നേയും അടിത്തറയിൽ അഭിരമിക്കുന്നവരോട് വിനയപൂർവ്വം ചോദിക്കട്ടെ: 'നിങ്ങൾ ഇനി എന്നാണു മുകളിലത്തെ പണിക്കു പ്രാധാന്യം കൊടുക്കുക?' ഇന്നത്തെ വിശ്വാസലോകം മുകളിലേക്കുള്ള പണിയെ അവഗണിക്കുന്ന സാഹചര്യത്തിൽ ഹഗ്ഗായിയുടെയും സെഖര്യാവിന്റെയും പ്രവാചകശുശ്രൂഷയ്ക്ക് ഇന്ന് ഇവിടെ ഏറെ പ്രസക്തിയില്ലേ?

ഉവ്വ്, പ്രസക്തിയുണ്ട്. പക്ഷേ അതിന് ഒരു വില കൊടുക്കേണ്ടിവരും. സെഖര്യാ പ്രവാചകന്റെ അനുഭവം തന്നെ നോക്കുക: മനുഷ്യമാനം തേടാതെ ശക്തമായ ഒരു പ്രവാചകശുശ്രൂഷയിലൂടെ മുകളിലേക്കുള്ള പണിയെക്കുറിച്ചു ദൈവജനത്തെ ബോധവൽക്കരിക്കാൻ ശ്രമിച്ച സെഖര്യാവിനെ കാത്തിരുന്നത് അതിദാരുണമായ അന്ത്യമായിരുന്നു. അദ്ദേഹം മന്ദിരത്തിനും യാഗപീഠത്തിനും മധ്യേ കൊല്ലപ്പെട്ടു (മത്തായി 23:35) ഇന്നു നിയമവാഴ്ചയെ പേടിച്ച് വിശ്വാസികൾ ഇത്തരമൊരു പ്രവാചകനെ അക്ഷരാർത്ഥത്തിൽ കൊന്നെന്നു വരികയില്ല. പക്ഷേ അവനെ അവർ നാവുകൊണ്ടു കൊന്നുകളയും (യിരെമ്യാവ് 18:18).

ഹഗ്ഗായി, സെഖര്യാവ് തുടങ്ങിയവർ പ്രവാചകശുശ്രൂഷ ചെയ്തിരുന്ന കാലഘട്ടത്തിന്റെ ചരിത്രപശ്ചാത്തലം നമ്മൾ കാണുന്നത് എസ്രായുടേയും നെഹമ്യാവിന്റെയും പുസ്തകങ്ങളിലാണ്. പ്രവാസത്തിൽനിന്നു മടങ്ങിയെത്തിയവരുടെ നിർമ്മാണപ്രവർത്തനങ്ങളെ അട്ടിമറിക്കാൻ വിവിധരീതിയിൽ ശത്രുപ്രവർത്തിച്ചതിന്റെ വിശദവിവരണങ്ങൾ ഈ പുസ്തകങ്ങളിൽ കാണാം. ശത്രു പയറ്റിയ ഏഴു തന്ത്രങ്ങൾ നെഹമ്യാവു വിവരിക്കുന്നതു ശ്രദ്ധിക്കുക: 1. പണിയോട് അനിഷ്ടം പ്രകടിപ്പിച്ചു (2:10) 2. പരിഹസിച്ചു (2:19, 4:3), 3. കോപവും മഹാരോഷവും കാട്ടി (4:1), 4. യുദ്ധത്തിനു മുതിർന്നു (4:8), 5. സംയുക്തയോഗത്തിനു ക്ഷണിച്ചു (6:2), 6. സഹായിക്കാൻ എന്ന വ്യാജേന വരികയും ബന്ധം സ്ഥാപിക്കുകയും ചെയ്തു (6:7, 17, 18), 7.ശത്രു അകത്ത് (6:10).

ഈ തന്ത്രങ്ങളെല്ലാം മാറിമാറി പ്രയോഗിച്ചിട്ടും ഒടുവിൽ ശത്രു തോറ്റുപോയി. ദൈവത്തിന്റെ പ്രവൃത്തി നിർവിഘ്നം തുടർന്നു.

ഇന്നും ഇതുതന്നെ സംഭവിക്കും. എന്തുകൊണ്ട്? കാരണം ഒന്നേയുള്ളൂ-"യേശു പറഞ്ഞു : ഞാൻ എന്റെ സഭയെ പണിയും".

❖





ചിന്തയ്ക്ക്

### സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ-3

# ശുശ്രൂഷയുടെ ആത്മീയരഹസ്യങ്ങൾ

(ഇവിടെ ഗുരു കർത്താവും, ശിഷ്യൻ സാധു സുന്ദർസിങ്ങുമാണ്)

**ശിഷ്യൻ:-** സ്വാമിൻ, ശുശ്രൂഷ എന്നു പറയുന്നതിന്റെ ശരിയായ അർഥം എന്തായിരിക്കാം എന്നു പറഞ്ഞുതന്നാലും. നമുക്കു സ്രഷ്ടാവിനെയും അവിടുത്തേക്കുവേണ്ടി സൃഷ്ടികളെയും ശുശ്രൂഷിക്കാൻ കഴിയുമോ? കേവലം കൃമിപ്രായനായ മനുഷ്യന്റെ സഹായം തന്റെ വലിയ കുടുംബത്തിൽ ഉൾപ്പെട്ടിട്ടുള്ള സൃഷ്ടി വർഗങ്ങൾക്കായി കരുതുന്നതായ ദൈവത്തിന്റെ വേലയിൽ വല്ല വിലയുമുള്ളതായി ഗണിക്കുമോ?ദൈവത്തിന്റെ സൃഷ്ടികളെ സഹായിക്കുന്നതിലും സംരക്ഷിക്കുന്നതിലും ദൈവത്തിനു മനുഷ്യന്റെ സഹായം ആവശ്യമാണോ?

ഗുരു:- 1. ശുശ്രൂഷ എന്നു പറയുന്നത് ആത്മിക ജീവിതത്തിന്റെ ചേഷ്ടയാണ്. അതു സ്നേഹത്തിന്റെ നിർബന്ധത്തിൽ ചെയ്യുന്ന സ്വാഭാവികമായ വഴിപാടുമാണ്. സ്നേഹസ്വരൂപനായ ദൈവം തന്റെ സൃഷ്ടികളെ സംരക്ഷിക്കുന്നതിൽ സദാ ജാഗരൂകനായിരിക്കുന്നു. തന്റെ സൃഷ്ടികളും അതിൽ പ്രത്യേകമായി തന്റെ സ്വന്തം ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനും ഒരിക്കലും മടിയരാകരുതെന്നാണ് ദൈവത്തിന്റെ ആഗ്രഹം. തന്റെ സൃഷ്ടികൾക്കായി കരുതുകയും അവരെ സൂക്ഷിക്കുകയും ചെയ്യുന്നതിൽ ദൈവത്തിനു യാതൊരു മനുഷ്യന്റെയും സഹായം ആവശ്യമില്ല. കാരണമെന്തെന്നാൽ, ദൈവത്തിന്റെ സഹായം കൂടാതെ അവർക്കു ജീവസന്ധാരണം ചെയ്വാൻ നിവൃത്തിയില്ലാത്ത വിധത്തിലത്രേ അവരെ സൃഷ്ടിച്ചിരിക്കുന്നത്. അവരുടെ ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുന്നതിന് ആവശ്യമുള്ള സകലവും കരുതിയിരിക്കുന്നത് ദൈവം തന്നെയാകുന്നു.

അന്യന്മാർക്കു വാസ്തവമായി ശുശ്രൂഷ ചെയ്യുന്നതിൽ ഒരു വലിയ പ്രയോജനമുണ്ട്. ശുശ്രൂഷ ആരു ചെയ്യുന്നുവോ അയാൾക്ക് അതൊരു വലിയ സഹായമായി ഭവിക്കുന്നു. ടിബറ്റു ദേശത്തുവച്ചു നിനക്കു സംഭവിച്ചതും ഇപ്രകാരം തന്നെയായിരുന്നുവല്ലോ. കഠിനമായ തണുപ്പു മൂലം നീ മരിച്ചുപോകുമെന്നു ഭയപ്പെട്ടിരുന്ന സമയത്ത് മറ്റൊരാൾ മഞ്ഞിൽ മൂടിക്കിടന്നു മരണം സംഭവിക്കുമെന്നു നീ കണ്ടു.ഉടനെതന്നെ അവന്റെ അടുക്കൽ പോയി നിന്റെ തോളിൽ അയാളെ വഹിച്ചുകൊണ്ടു കുറെദൂരം നടന്നതു നീ ഓർക്കുന്നുണ്ടല്ലോ.നിന്റെ പ്രയത്നം ഹേതുവായി നിന്റെ സ്വന്തം ശരീരത്തിൽ ചൂടുണ്ടായി. ആ ചൂടുതന്നെ മറ്റേയാളുടെ ശരീരത്തിലേക്കു സംക്രമിക്കയും അങ്ങനെ അയാളും നീയും രക്ഷ പ്രാപിക്കയും ചെയ്തു. അയാളെ രക്ഷിച്ചതുകൊണ്ടു നിനക്കു നിന്റെ സ്വന്തം ജീവനെ രക്ഷിക്കുന്നതിനും കഴിഞ്ഞു.

ശുശ്രൂഷയുടെ യഥാർഥ അർത്ഥം ഇതു തന്നെയാണ്. യാതൊരു മനുഷ്യനും തനിയെ ജീവിച്ചിരിക്കാൻ കഴിവുള്ളവരല്ല. അന്യന്മാരുടെ സഹായം എല്ലാവർക്കും കൂടിയേ തീരൂ. ആർക്കെങ്കിലും അന്യരിൽ നിന്നു സഹായം ലഭിക്കുകയും അതിനു പകരമായി തന്നാൽ കഴിയുന്ന സഹായം ആ അന്യനു ചെയ്തു കൊടുക്കുകയും ചെയ്യുന്നതിനു മനസ്സില്ലാതിരുന്നാൽ ഇപ്രകാരമുള്ള നന്ദികെട്ട ഒരാൾക്കു യാതൊരുത്തനിൽനിന്നും യാതൊരു വിധമായ സഹായവും പ്രതീക്ഷിക്കുന്നതിന് അവ

കാശമില്ല.

2.ഗുരു– ദൈവം നൽകിയിട്ടുള്ള വരങ്ങളും ശക്തികളും എല്ലാം അന്യന്മാർക്കുള്ള ശുശ്രൂഷയ്ക്കായി വിനിയോഗിക്കുന്നതുവരെ ഒരുവന് ദൈവത്തിനുമാത്രം നൽകുവാൻ കഴിവുള്ള സഹായം ലഭിക്കുകയില്ല. മനുഷ്യൻ തന്റെ ഭാഗത്തു ചെയ്വാനുള്ളതു ചെയ്യുമ്പോൾ ശേഷമുള്ളതു ദൈവം നിർവ്വഹിക്കും.

ദൃഷ്ടാന്തമായി, ലാസറിന്റെ ശവക്കറയിൽ നിന്നു കല്ലു നീക്കിക്കളയുന്ന ജോലി മനുഷ്യന്റെ ഭാഗത്തു ചെയ്യേണ്ടതായിരുന്നു. ആ കാര്യം ചെയ്യുന്നതിനു ദൈവം തന്റെ ശക്തി ഉപയോഗിക്കേണ്ടതില്ലായിരുന്നു. എന്നാൽ മനുഷ്യർ കല്ലു നീക്കിക്കളഞ്ഞപ്പോൾ ദൈവം–അതായത്, ഞാൻ– മനുഷ്യബുദ്ധിക്കും ശക്തിക്കും അപ്പുറമായുള്ളതു ചെയ്തു. അതായതു മരിച്ചയാൾക്കു ഞാൻ ജീവൻ കൊടുത്തു. അതിന്റെ ശേഷവും, ലാസറിന്റെ ശരീരത്തിൽ നിന്നും ശവക്കച്ചകൾ നീക്കി അവനെ പൂർണ്ണ സ്വാതന്ത്ര്യമുള്ളവനാക്കിത്തീർക്കുന്ന ജോലി മനുഷ്യർ ചെയ്വാനുള്ളതായിരുന്നു. (യോഹ. 11:39, 41, 44).

പാപത്തിൽ മരിച്ചുകിടക്കുന്നവരുടെ സ്ഥിതിയും ഇപ്രകാരം തന്നെയാണ്. പ്രയാസങ്ങളും പ്രതിബന്ധങ്ങളുമായ ശവക്കച്ചകൾ നീക്കിക്കളയേണ്ട ജോലി എന്റെ ശിഷ്യന്മാർക്കുള്ളതാണ്. എന്നാൽ ജീവൻ നൽകുന്നത് എന്റെ വേലയത്രേ. മാത്രമല്ല, ആത്മീയ ജീവൻ പ്രാപിച്ചിട്ടുള്ള ചിലർ തങ്ങളുടെ പഴയ സ്വഭാവങ്ങളും പ്രകൃതങ്ങളും നീക്കിക്കളയാതെ അവയ്ക്ക് അടിമപ്പെട്ടു ജീവിക്കുന്നവരാണ്. അപ്രകാരമുള്ളവരെ യഥാർത്ഥമായ സ്വാതന്ത്ര്യത്തിലേക്കു നയിച്ചുകൊണ്ടുപോകുന്നത് എന്റെ കുഞ്ഞുങ്ങളുടെ കർത്തവ്യമാണ്.ഈ മഹാകൃത്യം ചെയ്യുന്നതിന് അവർ എല്ലാ സമയത്തും ഹൃദയത്തിലും ആത്മാവിലും ജാഗ്രതയുള്ളവരായിരിക്കേണ്ടതാണ്.

3.ഗുരു– ഒരിക്കൽ ഒരു രാജാവു മരിക്കാറായസമയത്തു തന്റെ ഒരു വിശ്വസ്ത ദാസനെ വിളിച്ചു ഇപ്രകാരം പറഞ്ഞു: 'ഞാൻ എവിടെയെങ്കിലും ഒരു സ്ഥലത്തേക്കു യാത്ര പുറപ്പെടുവാൻ ആരംഭിക്കുന്നതിനു മുമ്പ്, ആ കാര്യം അവിടെ അറിയിക്കുന്നതിനും എന്നെ യഥായോഗ്യം സൽക്കരിക്കേണ്ടുന്നതിനുള്ള ഏർപ്പാടുകൾ അവിടെ ചെയ്യുന്നതിനും എനിക്കു മുൻപിൽ നിന്നെ അയയ്ക്കുക പതിവായിരുന്നുവല്ലോ. ഇപ്പോൾ ഞാൻ മരിച്ചവരുടെ ദേശത്തേക്കു യാത്രയാകുവാൻ ഭാവിക്കുകയാണ്.ശീഘ്രം അവരോടുകൂടെ ഞാൻ ചെന്നുചേരുമെന്നുള്ള വിവരം നീ അവരോടു പോയി പറഞ്ഞാലും.' തന്റെ യജമാനൻ പറഞ്ഞതിന്റെ അർത്ഥം എന്തായിരിക്കുമെന്ന് ആ ദാസന് ആദ്യം മനസ്സിലായില്ല. എന്നാൽ അൽപനേരംകൂടി കഴിഞ്ഞപ്പോൾ അവന് അതിന്റെ അർത്ഥം മനസ്സിലായി. അതായതു തന്റെ യജമാനൻ മരിക്കുന്നതിനുമുമ്പായി ആ ഭൃത്യൻ തന്നെ മരിക്കണമെന്നായിരുന്നു യജമാനന്റെ ആഗ്രഹമെന്ന് അയാൾക്കു മനസ്സിലായി. ഉടൻതന്നെ യാതൊരു കൂസലും കൂടാതെ, ഒരു വാളുകൊണ്ടു തന്റെ മാർവിൽ കുത്തി അവൻ മരണം പ്രാപിച്ചു. ഇങ്ങനെ, തന്റെ യജമാനനുവേണ്ടി കാത്തിരിക്കാനായി അയാൾ പരലോകത്തേക്കു പ്രവേശിച്ചു.

ഇപ്രകാരംതന്നെ രാജാധിരാജാവും ജീവന്റെ നാഥനുമായ എന്നെ സേവിക്കുന്നവർ, അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടക്കുന്ന മനുഷ്യർക്കു രക്ഷയുടെ സുവിശേഷം ഉത്സാഹപൂർവ്വം അറിയിക്കുന്നതിൽ യാതൊരു മടിയും കാണിക്കരുത് (അപ്പൊ. പ്രവൃ. 3:14; വെളി. 19:16). മാത്രമല്ല, അവരുടെ രക്ഷയ്ക്കുവേണ്ടി ഈ ഭൂമിയിലേക്ക് ഒരിക്കൽ വന്നവനും ഇനിയും ഏറെ താമസിയാതെ വീണ്ടും വരുവാൻ പോകുന്നവനുമായ എനിക്കു





വേണ്ടി നിങ്ങൾ ജീവനെയും കൂടി നഷ്ടപ്പെടുത്തുവാൻ സന്നദ്ധരായിരിക്കണം(വെളി. 2:10).

4.ഗുരു– ഒരിക്കൽ കലഹസ്വഭാവമുള്ള ഒരു പുത്രൻ അവന്റെ അച്ഛന്റെ ഭവനം വിട്ട് ഒരുകൂട്ടം കവർച്ചക്കാരുടെകൂടെ ചേർന്നു. ഏറെത്താമസിയാതെ അവൻ അവരെപ്പോലെതന്നെ സാഹസികനും ക്രൂരനുമായിത്തീർന്നു. ആ അച്ഛൻ ഭൃത്യന്മാരെ വിളിച്ച് അവരോട് തന്റെ മകന്റെ അടുക്കൽ ചെന്ന് അവൻ തന്റെ തെറ്റിനെക്കുറിച്ച്അനുതപിച്ചു മടങ്ങിവന്നാൽ അവനോടു ക്ഷമിച്ചു വീണ്ടും തന്റെ വീട്ടിലേക്കു സ്വീകരിച്ചു കൊള്ളാമെന്നു പറയുന്നതിന് ആജ്ഞാപിച്ചു. എന്നാൽ കള്ളന്മാരെയും അവർ ഒളിച്ചുപാർത്തിരുന്ന വിജനപ്രദേശത്തെയും ഓർത്ത് അവർ ഭയപരവശനായതിനാൽ പോകുന്നതിനു വിസ്സമ്മതിച്ചു. എന്നാൽ അച്ഛനെപ്പോലെതന്നെ അവനെ സ്നേഹിച്ച അവന്റെ ജ്യേഷ്ഠൻ, ക്ഷമയുടെ ദൂതുകൊണ്ട് അവന്റെ അടുക്കൽ ചെല്ലുന്നതിനു തീർച്ചപ്പെടുത്തി. എന്നാൽ വനത്തിൽ പ്രവേശിച്ചപ്പോൾ തന്നെ ഒരുകൂട്ടം കള്ളന്മാർ അവനെ പിടികൂടി. ഭയങ്കരമായി അവനെ മുറിവേല്പിച്ചു. ഈ ഘാതകന്മാരുടെ കൂട്ടത്തിൽ അവന്റെ ഇളയ സഹോദരനുമുണ്ടായിരുന്നു.എന്നാൽ അതു ജ്യേഷ്ഠനെന്ന് അറിഞ്ഞമാത്രയിൽ അവൻ ദുഃഖിതനായി. ജ്യേഷ്ഠൻ, ക്ഷമയുടെ ദൂതു സഹോദരനെ അറിയിച്ചു. തന്റെ ജീവിതോദ്ദേശ്യം സാധിച്ചുവെന്നും അച്ഛൻ ഭരമേല്പിച്ചിരുന്ന സ്നേഹശുശ്രൂഷ താൻ നിർവ്വഹിച്ചുവെന്നും പറഞ്ഞുകൊണ്ട് അയാൾ പ്രാണനെ വിട്ടു. തന്റെ പേർക്കാണ് ജ്യേഷ്ഠൻ മരിച്ചതെന്നുള്ള ഓർമ, ആ യുവാവിനെ ഏറെ വിഷമിപ്പിച്ചു. അനുതാപത്തോടെ അവൻ തന്റെ അച്ഛന്റെ വീട്ടിലേക്കു പോയി. അന്നുമുതൽ അവൻ ഒരു പുതിയ ജീവിതം നയിക്കുകയും ചെയ്തു.

എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി ഞാൻ എന്നെത്തന്നെ ബലിയർപ്പിച്ചതുപോലെ, പാപംകൊണ്ടു നശിച്ചും വഴി തെറ്റി അലഞ്ഞും ജീവിക്കുന്ന തങ്ങളുടെ സഹോദരങ്ങളുടെ അടുക്കലേക്കു ജീവനെപ്പോലും വെടിഞ്ഞു കൃപയുടെ ദൂതും കൊണ്ടു പോകേണ്ടത് എന്റെ പൈതങ്ങളുടെ കടമയല്ലേ?

5.ഗുരു– എന്റെ കുഞ്ഞുങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു (മത്താ. 5:13). ഉപ്പ് അലിഞ്ഞു ചേർന്നില്ലെങ്കിൽ ഭക്ഷണസാധനങ്ങളെ രുചിപ്പെടുത്തുന്നതിനു കഴിയുകയില്ല. അപ്രകാരംതന്നെ എന്റെ കുഞ്ഞുങ്ങളും പരിശുദ്ധാത്മാവുകൊണ്ടും സ്നേഹാഗ്നികൊണ്ടും ഉരുകി ഒരു ജീവനുള്ള യാഗമായിത്തീരുന്നില്ലെങ്കിൽ മനുഷ്യർ രക്ഷിക്കപ്പെടേണ്ടതിനാവശ്യമായ ആത്മീയ ജീവൻ ഒരൊറ്റ ആൾക്കുപോലും നൽകുവാൻ അവർ പ്രാപ്തരാകുകയില്ല. ഉപ്പുതൂണായിത്തീർന്ന ലോത്തിന്റെ ഭാര്യയെക്കാൾ യാതൊരു വിശേഷതയും അവർക്കുണ്ടായിരിക്കുകയില്ല (ഉല്പ. 19:26). എന്നാൽ ഗത്ശമനയിൽവച്ചു ഞാൻ ഉരുകിയതുപോലെ, ക്രൂശിൽ ഞാൻ ജീവൻ വെടിഞ്ഞതുപോലെ, നിങ്ങളും നിങ്ങളുടെ ജീവനെ യാഗമായി അർപ്പിക്കുന്നതിനും മറ്റുള്ളവർക്ക് ആത്മീയ ജീവൻ നല്കി അവരെ മരണത്തിൽ നിന്നു രക്ഷിക്കുന്നതിനുമാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

6.ഗുരു– ഒരിക്കൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന ഒരു കൊലപാതകിയെ സൈന്യത്തിൽ ചേർത്തു യുദ്ധം ചെയ്യുന്നതിനായി അയച്ചു.പോർക്കളത്തിൽ വച്ചു രാജാവിന്റെയും രാജ്യത്തിന്റെയും പേർക്ക് അവൻ വളരെ ധീരതയോടെ യുദ്ധം ചെയ്തു. മുറിവേറ്റെങ്കിലും ജയാളിയായി തിരിച്ചുവന്നു. യുദ്ധം ജയിച്ചതിന്റെശേഷം ശിക്ഷയ്ക്കു വിധിക്കപ്പെടുന്നതിനായി അവനെ വീണ്ടും കോടതിയിൽ ഹാജരാക്കി. എന്നാൽ അവന്റെ ദേഹത്തുണ്ടായിരുന്ന പാടുകൾ രാജാവു കണ്ട

പ്പോൾ, അവന്റെ കുറ്റം അദ്ദേഹം ക്ഷമിച്ച് അവനെ മരണശിക്ഷയിൽ നിന്നു വിടർത്തി എന്നുതന്നെയല്ല, അവനു വളരെ ബഹുമതികളും സ്ഥാനമാനങ്ങളും കൊടുക്കുകയും ചെയ്തു.ഇതുപോലെ, സാത്താനുമായുള്ള പോരാട്ടത്തിൽ ധൈര്യത്തോടെ എന്റെ വശത്തു നിന്നുകൊണ്ടു യുദ്ധം ചെയ്യുന്നവർക്കു പാപക്ഷമ ലഭിക്കുമെന്നുതന്നെയല്ല, അവർ ദൈവരാജ്യത്തിൽ വരുമ്പോൾ ഞാൻ അവർക്ക് ഒരു രാജ്യവും കിരീടവും കൊടുക്കുകയും ചെയ്യും ( വെളി. 3:21).

7. ഗുരു- വെള്ളം ഒഴുകിപ്പോകുന്നതിനുള്ള കുഴൽ, അതിൽക്കൂടി ഒഴുകുന്ന വെള്ളത്തിന്റെ ഒഴുക്കുകൊണ്ടുതന്നെ ശുദ്ധിയുള്ളതായിരിക്കുന്നതുപോലെതന്നെ പരിശുദ്ധാത്മാവിനാൽ ജീവവെള്ളം മറ്റുള്ളവർക്കു കൊടുക്കുന്നവർ ശുദ്ധരും ദൈവരാജ്യത്തിന് അവകാശികളുമായിത്തീരുന്നു.

8. ഗുരു- പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനും സ്നേഹശുശ്രൂഷ ചെയ്യുന്നതിനും ഒരു വിശ്വാസിയെ യോഗ്യനാക്കിത്തീർക്കുന്നതിനുള്ള ഉത്തമമാർഗം സ്വർഗീയ വിളികേട്ടു അനുസരിക്കുക, തന്നാൽ കഴിവുള്ളതുപോലെ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന് ആരംഭിക്കുക എന്നിവയാണ്. വെള്ളത്തിൽ ഇറങ്ങി, ആദ്യം ആഴം കുറഞ്ഞിടത്തും പിന്നെ ആഴമുള്ളിടത്തും ചെന്നു നീന്തുന്നതിനു ശ്രമിക്കാതെ, നീന്തുന്നതിനെക്കുറിച്ചുള്ള ഉപദേശം എത്രതന്നെ പഠിച്ചാലും അതുകൊണ്ട് ഒരാൾ നീന്തൽ വിദ്യയിൽ സമർത്ഥനായിത്തീരുകയില്ല. അതുപോലെ പാപത്തിന്റെ മലിനജലത്തിൽ മുങ്ങിക്കിടക്കുന്ന മനുഷ്യാത്മാക്കളെ രക്ഷിക്കുന്നതിനുള്ള യോഗ്യത ലഭിക്കുന്നത് വിശേഷമായ ഒരു ദൈവികശാലയിൽ അഭ്യസിപ്പിക്കപ്പെടുമ്പോഴാണ്. ആ പരിശീലനശാല എന്നോടുള്ള ഐക്യമല്ലാതെ മറ്റൊന്നുമല്ല (അപ്പൊ. പ്രവൃ. 4:13,14).

9.ഗുരു- എന്റെ ശക്തി ബലഹീനരെ ശക്തരാക്കിത്തീർക്കുന്നുവെന്നുള്ള സത്യം അറിയാതെ, ശേഷിക്കുറവ്, അയോഗ്യത എന്നിങ്ങനെയുള്ള ഒഴികഴിവുകൾ പറഞ്ഞുകൊണ്ടും പലരും സ്നേഹശുശ്രൂഷയിൽ നിന്നു പിന്മാറിക്കളയുന്നു (2 കൊരി. 12:9).രോഗത്തിൽ നിന്നു സുഖപ്പെട്ടു ശരിയായ ഭക്ഷണം കഴിക്കുന്നവരെങ്കിലും ശരീരശക്തിക്ക് ആവശ്യമുള്ള ആയാസമില്ലാത്തതിനാൽ ബലമില്ലാത്ത ചിലരെപ്പോലെയാണ് അവരുടെ സ്ഥിതി. എന്നിലുള്ള ആശ്രയത്തോടുകൂടി രക്ഷയ്ക്കായി പ്രവർത്തിക്കുകയാണ് അവർ ചെയ്യേണ്ടത്.

## II

1.ഗുരു- സത്യത്തിന്റെ യാഥാർഥ്യം പരിശോധിച്ച് അറിയുന്നതിനുള്ള ഉരകല്ലു സ്നേഹമാണ്. നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു ലോകം അറിയേണ്ടതും അതുകൊണ്ടു തന്നെയാണ് (യോഹ. 13:35). എന്നാൽ നീതിയുടെ വാളും ഞാൻ ഉപയോഗിക്കാറുണ്ട്. അതുകൊണ്ടു ചിലപ്പോൾ ശലോമോനെപ്പോലെ യാതൊരു കരുണയുമില്ലാതെ ഞാൻ എന്റെ വേല ചെയ്യാൻ പോകുന്നുവെന്നു ചിലർ സംശയിച്ചേക്കാം. (1 രാജാ. 3:16-28). എന്നാൽ ശലോമോനെപ്പോലെ എന്റെ ഉദ്ദേശ്യവും സ്നേഹമെന്ന ഉരകല്ലിന്റെ പ്രയോഗത്താൽ സത്യം വെളിപ്പെടുത്തുകയെന്നതാണ്. നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനു തന്റെ ജീവൻ വെടിഞ്ഞ ആ സ്നേഹസ്വരൂപനായ ദൈവത്തിന്റെ മക്കളാകുന്നു നിങ്ങൾ എന്നു മറ്റുള്ളവർ കാണുന്നതിനുതന്നെ. അതുകൊണ്ട് എന്റെ ജീവനെ നിങ്ങൾക്കായിട്ടു തന്നതുപോലെതന്നെ തമ്മിൽ തമ്മിൽ സ്നേഹശുശ്രൂഷകൾ ചെയ്യുന്നതിനായി എന്റെ സ്നേഹത്തിൽ വസിക്കേണ്ടിയിരിക്കുന്നു.അങ്ങനെയെങ്കിൽ ഞാൻ ജീവിക്കുന്നതുപോലെ നിങ്ങളും ജീവിക്കും (യോഹ. 14:29).

2.ഗുരു- നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നുവെങ്കിൽ നിങ്ങളുടെ സ്നേഹ

*ശേഷം പേജ് 30 ൽ*





ഇത്തിരിവെട്ടം

# ദൈവവചനശുശ്രൂഷ രണ്ടു തലങ്ങളിൽ

വാച്ച്മാൻ നീ

**ദൈവവചനം** ശുശ്രൂഷിക്കുന്ന ഒരുവന് തന്റെ ശുശ്രൂഷയുടെ അടിസ്ഥാനമായി ദൈവവചനത്തെക്കുറിച്ചു വെളിച്ചം ലഭിച്ചിരിക്കണം.ഇതിനുപുറമേ പരിശുദ്ധാത്മാവ് അയാൾക്ക് ദൈവവചനം വ്യാഖ്യാനിച്ചുകൊടുക്കേണ്ടതും ആവശ്യമാണ്. കൂടാതെ ഒരു ദൈവവചനശുശ്രൂഷകന് വേണ്ട ഏറ്റവും വലിയ യോഗ്യത ദൈവവെളിപ്പാടു ലഭിച്ചവനായി അയാൾ തീരണം എന്നതാണ്. പരിശുദ്ധാത്മാവിൽ നിന്നുള്ള വെളിപ്പാട് അയാൾക്ക് ലഭിക്കുന്നില്ലെങ്കിൽ ഒരു ദൈവവചനശുശ്രൂഷകനായിത്തീരുവാൻ അയാൾക്കു സാധ്യമല്ല. ദൈവവചനം സംബന്ധിച്ചുള്ള വെളിപ്പാടിനു പുറമേ പരിശുദ്ധാത്മാവിന്റെ അഭിഷേകവും അയാൾക്ക് ഉണ്ടായിരിക്കണം. ഇവ രണ്ടും ലഭിക്കുന്നില്ലെങ്കിൽ ദൈവവചനത്തിന്റെ ശുശ്രൂഷകനായിത്തീരുവാൻ ഒരാൾക്കു സാധ്യമല്ല.

ബൈബിൾ ഒരത്ഭുതഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിന്റെ ഒരു പ്രധാനസവിശേഷത അത് മനുഷ്യൻ സംസാരിച്ച വചനങ്ങൾ അടങ്ങിയതാണ് എന്ന കാര്യമത്രേ. എന്നിരുന്നാലും എല്ലാ അർത്ഥത്തിലും അത് ദൈവത്തിന്റെ വചനം തന്നെ.മനുഷ്യരാൽ എഴുതപ്പെട്ടതെങ്കിലും എല്ലാ അർത്ഥത്തിലും അത് ദൈവകരങ്ങളാൽ എഴുതപ്പെട്ട ദൈവവചനം തന്നെ. അതിൽ പല ആശയങ്ങളും വാക്യങ്ങളും വാക്കുകളും അടങ്ങിയിട്ടുണ്ട്.എങ്കിലും ഈ എല്ലാ വാക്കുകളിന്മേലും ദൈവത്തിന്റെ ശ്വാസമുണ്ട്. 2 തിമോഥി 3:16-ൽ ഇപ്രകാരം പറയുന്നു: “എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്.” ചില പുതിയ തർജ്ജമകൾ അതിനെ ദൈവത്താൽ പ്രചോദിതമാണ് എന്നു മാറ്റിയിട്ടുണ്ടെങ്കിലും മൂലഭാഷയനുസരിച്ച് ദൈവശ്വാസം എന്നതാണ് ശരിയായ തർജ്ജമ. അതേ, ബൈബിൾ ദൈവശ്വാസംതന്നെ. അത് പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം മനുഷ്യർ എഴുതിയതാണെന്ന് 2 പത്രോസ് 1:21-ൽ പറയുന്നു. ഒരുദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം. ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചു. എങ്കിലും ഇപ്രകാരം നിർമ്മിക്കപ്പെട്ട മനുഷ്യനിൽ ജീവൻ ഉണ്ടായിരുന്നില്ല. ദൈവം തന്റെ ശ്വാസം അവനിലേക്ക് ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. ബൈബിൾ മനുഷ്യരാൽ എഴുതപ്പെട്ട ഒരു പുസ്തകമാണ്. മനുഷ്യർ സംസാരിച്ച വചനങ്ങളാണ് അതിലുള്ളത്. എങ്കിലും അതോടൊപ്പം ദൈവത്തിന്റെ ശ്വാസവും അതിലുണ്ട്. അതിനാലാണ് അത് ജീവനുള്ള പുസ്തകമായിരിക്കുന്നത്.ജീവനുള്ള ദൈവത്തിന്റെ ജീവിക്കുന്ന വചനമാണത്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെന്നു പറയുന്നതിന്റെ അർത്ഥം ഇതത്രേ.

ബൈബിൾ എന്നു വിളിക്കപ്പെടുന്ന ഈ പുസ്തകത്തിൽ മാനുഷികഘടകങ്ങളും മനുഷ്യന്റെ വാക്കുകളും അടങ്ങിയിട്ടുണ്ട്. പലയാളുകളും ഈ പുസ്തകം വായിക്കു

**ബൈബിൾ എന്ന പുസ്തകത്തിൽ മാനുഷികഘടകങ്ങളും മനുഷ്യന്റെ വാക്കുകളും അടങ്ങിയിട്ടുണ്ട്. പലയാളുകളും ഈ പുസ്തകം വായിക്കുമ്പോൾ അവർ ഇതിലെ മാനുഷികഘടകങ്ങൾ അഥവാ മനുഷ്യന്റേതായ വാക്കുകൾ മാത്രമേ കാണുന്നുള്ളൂ. ദൈവം സംസാരിക്കുന്നത് അവർ ഇതിലൂടെ കേൾക്കുന്നില്ല. ബൈബിളിനെ നിസ്തുല്യമായ ഒരു പുസ്തകമാക്കുന്നത് അതിന്റെ ഈ ദ്വിമുഖസ്വഭാമാണ്.**

മ്പോൾ അവർ ഇതിലെ മാനുഷികഘടകങ്ങൾ അഥവാ മനുഷ്യന്റേതായ വാക്കുകൾ മാത്രമേ കാണുന്നുള്ളൂ. ദൈവം സംസാരിക്കുന്നത് അവർ ഇതിലൂടെ കേൾക്കുന്നില്ല. ബൈബിളിനെ നിസ്തുല്യമായ ഒരു പുസ്തകമാക്കുന്നത് അതിന്റെ ഈ ദ്വിമുഖസ്വഭാമാണ്. ഒരു ഭാഗത്ത് ബാഹ്യമായ അതിന്റെ ഭൗതികതലം ഉണ്ട്. മനുഷ്യന്റെ ഭൗതികതലം എന്താണ്? നിലത്തെ പൊടികൊണ്ട് നിർമ്മിക്കപ്പെട്ട അവന്റെ ഭൗതികശരീരം തന്നെ. എന്നാൽ മറുവശത്ത് അതിന് ഒരു ആത്മീയതലം ഉണ്ട്. ബൈബിൾ പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ട ഒരു പുസ്തകമാണ്. അത് ദൈവത്തിന്റെ ഭാഷണം അതായത് ദൈവത്തിന്റെ ശ്വാസം തന്നെ. മനുഷ്യന്റെ ഭാഷ അതിന്റെ ബാഹ്യമായ പുറന്തോടു മാത്രമാണ്.മനുഷ്യന്റെ ഓർമ്മശക്തി ഉപയോഗിച്ച് എഴുതപ്പെട്ട അതിനെ മനുഷ്യന് തന്റെ ഓർമ്മയിൽ സൂക്ഷിക്കാൻ കഴിയും.മനുഷ്യന്റെ വായ്കൊണ്ടുച്ചരിക്കുന്ന അതിലെ വാക്കുകൾ മനുഷ്യന് കാതുകൊണ്ട് കേൾപ്പാൻ കഴിയും. അതു മനുഷ്യഭാഷയിൽ എഴുതപ്പെട്ടതിനാൽ മനുഷ്യന്റെ ബുദ്ധികൊണ്ട് അതു ഗ്രഹിക്കാവുന്നതത്രേ. ഈ പുസ്തകത്തിലെഴുതിയ വാക്കുകൾ മനുഷ്യന് പ്രസംഗിക്കുവാനും കഴിയും. ഈ വാക്കുകൾ മനുഷ്യന് ഓർമ്മയിൽ സൂക്ഷിക്കാം. മനസ്സുകൊണ്ട് ഗ്രഹിക്കാം. ഒരാൾക്ക് മറ്റൊരാളെ അറിയിക്കയും ചെയ്യാം. എന്നാൽ ഇതെല്ലാം അതിന്റെ പുറന്തോടിനെ സംബന്ധിച്ച കാര്യങ്ങൾ മാത്രമാണ്. ഇതാണ് വചനത്തിന്റെ ഭൗതികതലം. ഉപദേശങ്ങളെയും ദൈവശാസ്ത്രത്തെയുമെല്ലാം നമുക്ക് ഈ കൂട്ടത്തിൽ ഉൾപ്പെടുത്താം.കാരണം, ഇതെല്ലാം മനുഷ്യൻ തന്റെ മനസ്സുകൊണ്ടു ഗ്രഹിക്കുന്ന കാര്യങ്ങളാണ്. ഇതിനെ ബൈബിളിന്റെ ഭൗതികതലം എന്നു നമുക്കു വിളിക്കാം.

എങ്കിലും ബൈബിളിനു മറ്റൊരു തലം ഉണ്ട്. കർത്താവായ യേശുക്രിസ്തു ഇപ്രകാരം അരുളിച്ചെയ്തു: “ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു” (യോഹ. 6:63). ബൈബിളിന്റെ ഈ ആന്തരികതലം ആത്മാവും ജീവനുമാണ്. ഈ തലത്തിൽ ദൈവം നമ്മുടെ അകത്തെ മനുഷ്യനോട് സംസാരിക്കുന്നു. ഇത് ഒരു മനുഷ്യന് തന്റെ സാമർത്ഥ്യംകൊണ്ട് ഗ്രഹിക്കാൻ കഴിയുന്ന കാര്യമല്ല.നല്ല ഓർമ്മശക്തിയുള്ള മനുഷ്യന് പിടിച്ചെടുത്ത് തന്റെ ഓർമ്മയിൽ സൂക്ഷിക്കാവുന്ന ഒരു കാര്യവുമല്ല. ബുദ്ധിശാലിയായ ഒരു മനുഷ്യന് തന്റെ ബുദ്ധികൊണ്ട് ഇതിന്റെ ആഴങ്ങളിലേക്കു കടന്നുചെല്ലുവാനും സാധ്യമല്ല. ഇതു ഗ്രഹിക്കണമെങ്കിൽ മറ്റൊരു ഹൃദയം ആവശ്യമാണ്. ചെവി, കണ്ണ്, മനസ്സ്, ബുദ്ധിശക്തി മുതലായവ കൊണ്ടൊന്നും ബൈബിളിന്റെ ഈ ആന്തരികതലത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ നമുക്ക് സാധ്യമല്ല.

ദൈവചനം ശുശ്രൂഷിക്കുന്ന ഒരുവൻ ബൈബിളിന്റെ ഭൗതികതലത്തെ ആശ്രയിച്ചല്ല, മറിച്ച് അതിന്റെ ആത്മീയതലത്തെ ആശ്രയിച്ചാണ് സഭയോടു സംസാരിക്കുന്നത്. ഭൗതികതലത്തെ മാത്രം ആശ്രയിച്ചു സഭയെ ശുശ്രൂഷിക്കുന്ന ഒരുവൻ ഒരു ദൈവവചനശുശ്രൂഷകനല്ല.ബൈബിളിന് ഇപ്രകാരമൊരു





ഭൗതികതലം ഉണ്ടായിരുന്നില്ലെങ്കിൽ ഒരു മനുഷ്യന് ഇപ്രകാരം ഒരു ദൈവവചനശുശ്രൂഷകനെന്ന വേഷം ധരിക്കാൻ സാധ്യമാവുകയില്ലായിരുന്നു. ഇതൊരു നിസ്സംശയമായ കാര്യമത്രേ. എന്നാൽ ബൈബിളിൽ മാനുഷികവും ഭൗതികവുമായ ഘടകങ്ങൾ ഉണ്ട്. ഈ തലത്തിൽ ബൈബിളിനെ ഒരാൾക്കു ഗ്രഹിക്കാനും അംഗീകരിക്കാനുമൊക്കെ സാധ്യമാണ്. ഇവിടെയാണ് പ്രശ്നമുള്ളത്. ഇവിടെയാണ് വലിയ ആപൽസാധ്യത. ഒരു മനുഷ്യന് തന്റെ മാനുഷികമായ ബുദ്ധി ഉപയോഗിച്ച് ബൈബിളിലെ മാനുഷികഘടകങ്ങളെപ്പറ്റി പ്രസംഗിക്കുവാൻ കഴിയും. താനൊരു വചനശുശ്രൂഷകനാണെന്ന് അഭിമാനിക്കാനും കഴിയും. ബൈബിളിൽ അടങ്ങിയിട്ടുള്ള എല്ലാ മാനുഷികഘടകങ്ങളെയും അയാൾക്ക് സഭയുടെ മുമ്പിൽ അവതരിപ്പിക്കുവാൻ സാധിക്കും. അങ്ങനെ താൻ സഭയെ സേവിക്കുന്നുവെന്നും ദൈവവചനം ശുശ്രൂഷിക്കുന്നവെന്നും അഭിമാനിക്കുവാനും അയാൾക്കു കഴിയും. താൻ പ്രസംഗിക്കുന്ന സത്യങ്ങൾ തിരുവചനസത്യങ്ങളാണെന്നും അവ സഭയുടെ അടിസ്ഥാനപരവും ശുദ്ധവുമായ വിശ്വാസത്തിന്റെ ഭാഗമാണെന്നും സങ്കല്പിക്കുവാനും അയാൾക്കു കഴിയും. തന്റെ ഉപദേശങ്ങൾ അടിസ്ഥാനോപദേശങ്ങളാണെന്നു ചിന്തിച്ച് സ്വയം വഞ്ചിക്കുവാനും അയാൾക്കു സാധ്യമാണ്. എന്നാൽ ഈ ഉപദേശങ്ങൾക്ക് സഭയുടെ ആത്മീയവശവുമായി യാതൊരു ബന്ധവുമില്ലെന്നും അവ മറ്റൊരു തലത്തോട് ബന്ധപ്പെട്ടതാണെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

തങ്ങൾ ഗ്രീക്കുഭാഷ പഠിച്ചിട്ടുള്ളതുകൊണ്ട് ദൈവവചനം ഗ്രഹിക്കുവാൻ സാധ്യമാണെന്ന് ചില യുവജനങ്ങൾ ചിന്തിക്കുന്നു. ഗ്രീക്കുഭാഷയറിയുന്ന പലരും ദൈവവചനം മനസ്സിലാക്കുന്നില്ലെന്ന സത്യം അവർ ഗ്രഹിക്കുന്നതേയില്ല. എബ്രായഭാഷ അറിയാവുന്ന ഒരാൾ

**ബൈബിളിൽ മാനുഷികവും ഭൗതികവുമായ ഘടകങ്ങൾ ഉണ്ട്. ഈ തലത്തിൽ ബൈബിളിനെ ഒരാൾക്കു ഗ്രഹിക്കാനും അംഗീകരിക്കാനുമൊക്കെ സാധ്യമാണ്. ഇവിടെയാണ് പ്രശ്നമുള്ളത്. ഇവിടെയാണ് വലിയ ആപൽസാധ്യത. ഒരു മനുഷ്യന് തന്റെ മാനുഷികമായ ബുദ്ധി ഉപയോഗിച്ച് ബൈബിളിലെ മാനുഷികഘടകങ്ങളെപ്പറ്റി പ്രസംഗിക്കുവാൻ കഴിയും. താനൊരു വചനശുശ്രൂഷകനാണെന്ന് അഭിമാനിക്കാനും കഴിയും. ബൈബിളിൽ അടങ്ങിയിട്ടുള്ള എല്ലാ മാനുഷിക ഘടകങ്ങളെയും അയാൾക്ക് സഭയുടെ മുമ്പിൽ അവതരിപ്പിക്കുവാൻ സാധിക്കും.**

അതുമൂലം പഴയനിയമം മനസ്സിലാക്കുന്നുവെന്നു ചിന്തിക്കുന്നത് അബദ്ധംതന്നെയാണ്. ഒരു ഭാഷ ഗ്രഹിക്കുക എന്നത് ഒരു കാര്യം; യാഥാർത്ഥ്യം ചിന്തിച്ചാൽ ദൈവവചനം അറിയുക എന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യം തന്നെയാണ്. നാം ദൈവവചനം അധികമധികം പഠിക്കുന്തോറും നമുക്ക് അധികമധികമായി വചനശുശ്രൂഷകൻമാരായിത്തീരാമെന്ന് ഒരിക്കലും നാം ധരിക്കരുത്. നാം ബൈബിൾ പഠിക്കുന്നുണ്ടോ എന്നതല്ല, മറിച്ച് നാം എങ്ങനെ പഠിക്കുന്നുവെന്നതാണ് ഇവിടത്തെ നിർണ്ണായകമായ കാര്യം. ഒരുവൻ ദൈവവചനശുശ്രൂഷകനായിത്തീരുന്നതിന് മുമ്പ് ദൈവം അയാളുടെ ഉള്ളിലേക്ക് തന്റെ വചനം സംസാരിക്കണം എന്നതാണ് ഇവിടത്തെ ആവശ്യം. ദൈവവചനം ദൈവത്തിനു മാത്രമേ സംസാരിക്കാൻ കഴിയൂ. ഒരാൾ ദൈവവചനശുശ്രൂഷകനായിത്തീരുന്നതിനു മുമ്പ് അയാൾ ദൈവശബ്ദം തിരിച്ചറിവാൻ കഴിവുള്ളവനായിത്തീരേണ്ടതാണ് ഏറ്റവും വലിയ ആവശ്യം.

❖

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## അപ്പോസ്തലപ്രവൃത്തികൾ

**അധ്യായം 16**

അപ്പോസ്തലപ്രവൃത്തി 16-ാം അധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ പൗലൊസ് തിമൊഥെയോസിനെ കണ്ടുമുട്ടുന്നതായി നാം വായിക്കുന്നു.

പൗലൊസ് തന്റെ സഹപ്രവർത്തകനായി ശീലാസിനെയാണു തിരഞ്ഞെടുത്തത്. പക്ഷേ ദൈവം വേറെയൊരാളെയാണ് പൗലൊസിനായി കണ്ടത് — തിമൊഥെയോസിനെ. ബർന്നബാസ് ശൗലിനെ വിട്ടുപോയപ്പോൾ അയാളുടെ സ്ഥാനത്ത് മറ്റൊരു സൗമ്യനായ വ്യക്തിയെ പൗലൊസിനാവശ്യമുണ്ടെന്നു ദൈവം കണ്ടു. അതിനാൽ ബർന്നബാസിനെപ്പോലെ സ്വഭാവഗുണമുള്ള തിമൊഥെയോസ് എന്ന ഉത്തമനും ചെറുപ്പക്കാരനുമായ ശിഷ്യനെ ദൈവം പൗലൊസിനു കൊടുക്കുന്നു. ഇവിടെ പൗലൊസ് ചെയ്ത വേറെ ഒരു തെറ്റ് നാം കാണുന്നു. അദ്ദേഹം യെഹൂദന്മാരെ പ്രസാദിപ്പിക്കാൻ തിമൊഥെയോസിനെ പരിച്ഛേദന കഴിപ്പിച്ചു. പിന്നീടു പൗലൊസിന് ഈ വിഷയത്തിൽ വെളിച്ചം ലഭിക്കുകയും പരിച്ഛേദന അനാവശ്യമാണ് എന്നദ്ദേഹം പറയുകയും ചെയ്തു. (ഗലാ: 5:2, 3) പക്ഷേ അപ്പോസ്തലന്മാർ പഴയനിയമത്തിനും പുതിയനിയമത്തിനും ഇടയ്ക്കുള്ള ഒരു പരിവർത്തനദശയിലായിരുന്നു. അതിനാൽ



*നിങ്ങൾ ചെറുപ്പക്കാരനാണെങ്കിൽ ദൈവത്താൽ നിയമിക്കപ്പെട്ട ഒരു നേതാവ് നിങ്ങൾക്കു വഴികാട്ടിയായി ഉണ്ടായിരിക്കണം.*





അവർക്കു വെളിച്ചം ലഭിക്കുവാൻ സമയം ആവശ്യമായിരുന്നു എന്നു നാം ഓർക്കണം.

ആത്മീയനേതൃത്വത്തെ ആദിമക്രിസ്ത്യാനികൾ എങ്ങനെ മനസ്സിലാക്കി എന്നതിനു ഒരുദാഹരണം 16:9-ൽ കാണുന്നു. ആ സംഘത്തിന്റെ നേതാവ് പൗലൊസായിരുന്നു. ഒരു മനുഷ്യൻ തന്നെ "മക്കദോന്യയിലേക്കു വരുവാൻ" ക്ഷണിക്കുന്ന ഒരു ദർശനം പൗലൊസ് കണ്ടു. അടുത്ത വാക്യത്തിൽ (16:10) നാം ഇങ്ങനെ വായിക്കുന്നു. "ഈ ദർശനം കണ്ടിട്ട് ................. ഞങ്ങൾ ഉടനെ മക്കദോന്യക്കു പുറപ്പെടുവാൻ ശ്രമിച്ചു." സംഘത്തിലുണ്ടായിരുന്ന മറ്റുള്ളവർക്കു പൗലൊസിന്റെ നേതൃത്വത്തിൽ അതിയായ വിശ്വാസമുണ്ടായിരുന്നതിനാൽ അവർ പറഞ്ഞു: "പൗലൊസേ, താങ്കൾ ദർശനം കണ്ടെങ്കിൽ ഞങ്ങൾക്ക് അതു മതി.ഞങ്ങളോരോരുത്തരും ദർശനം കാണേണ്ട ആവശ്യമില്ല. ദൈവം നമ്മെ മക്കനോദ്യയിലേക്കു പോകുവാൻ വിളിച്ചിരിക്കുന്നു എന്നു ഞങ്ങൾക്കു ബോധ്യമായി." ഒരു സംഘത്തിന് അങ്ങനെയൊരു ദൈവഭക്തനായ നേതാവുള്ളത് എത്ര ഉത്തമമാണ്!

ഒരു കൂട്ടായ്മയോ നേതൃത്വമോ ഇല്ലാതെ സ്വയം പ്രവർത്തിക്കുന്ന ധാരാളം ക്രിസ്തീയ പ്രവർത്തകരുണ്ട്. അത് അവരുടെ ജഡത്തിനു എളുപ്പമായതിനാൽ അവർ അതു തിരഞ്ഞെടുക്കുന്നു. ആരോടും അഭിപ്രായം ചോദിക്കാതെ അവർക്കിഷ്ടമുള്ളത് അവർക്കു ചെയ്യാം. പക്ഷേ അവർ തങ്ങളെത്തന്നെ നശിപ്പിക്കുന്നു. നിങ്ങൾ ചെറുപ്പക്കാരനാണെങ്കിൽ ദൈവത്താൽ നിയമിക്കപ്പെട്ട ഒരു നേതാവ് നിങ്ങൾക്കു വഴികാട്ടിയായി ഉണ്ടായിരിക്കണം. ദൈവഭയമുള്ള നേതൃത്വം നിരാകരിക്കുന്നവർ വളരെ ആപൽസാധ്യതയിലാണ്.

"അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു." (16:6) ഗലാത്യയിൽ പരിശുദ്ധാത്മാവ് അവരെ എങ്ങനെ എത്തിച്ചു? പൗലൊസ് അത് ഗലാ: 4:13-ൽ വിവരിക്കുന്നു. "ഞാൻ ശരീരത്തിലെ ബലഹീനത നിമിത്തം ഒന്നാമതു നിങ്ങളോടു സുവിശേഷം അറിയിക്കുവാൻ സംഗതി വന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ.'' ഏഷ്യാമൈനറിലേക്കു പോകുവാൻ പൗലൊസ് ആലോചിക്കുകയായിരുന്നു. പക്ഷേ ഗലാത്യയിൽ വച്ചു പൗലൊസിന് അസുഖം ബാധിച്ചതിനാൽ ആ സ്ഥലം വിട്ടുപോകുവാൻ കഴിഞ്ഞില്ല. ആ സമയത്ത് സ്ഥലനിവാസികളോട് പൗലൊസ് പ്രസംഗിച്ചു. ചിലർ മാനസാന്തരപ്പെടുകയും അവിടെ സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. ജനം രക്ഷ പ്രാപിക്കേണ്ടിയിരുന്ന ഒരു പ്രത്യേകസ്ഥലത്ത് പൗലൊസ് താമസിക്കേണ്ടതിനായി അദ്ദേഹം രോഗബാധിതനാവാൻ ദൈവം അനുവദിച്ചു. അതിനാൽ നിങ്ങൾ രോഗിയാകുമ്പോൾ ദൈവഹിതം നഷ്ടപ്പെടുകയാണ് എന്ന് ഒരിക്കലും ചിന്തിക്കാ

**ഏഷ്യാമൈനറിലേക്കു പോകുവാൻ പൗലൊസ് ആലോചിച്ചു. പക്ഷേ ഗലാത്യയിൽ വച്ചു പൗലൊസിനു അസുഖം ബാധിച്ചതിനാൽ ആ സ്ഥലം വിട്ടുപോകുവാൻ കഴിഞ്ഞില്ല.ആ സമയത്ത് സ്ഥലനിവാസികളോട് പൗലൊസ് പ്രസംഗിച്ചു. ചിലർ മാനസാന്തരപ്പെട്ടു. അവിടെ സഭകൾ സ്ഥാപിക്കപ്പെട്ടു. ജനം രക്ഷ പ്രാപിക്കേണ്ടിയിരുന്ന ഒരു പ്രത്യേക സ്ഥലത്ത് പൗലൊസ് താമസിക്കേണ്ടതിനായി അദ്ദേഹം രോഗബാധിതനാവാൻ ദൈവം അനുവദിച്ചു. അതിനാൽ നിങ്ങൾ രോഗിയാകുമ്പോൾ ദൈവഹിതം നഷ്ടപ്പെടുകയാണെന്ന് ഒരിക്കലും ചിന്തിക്കാതിരിക്കുക.**

**ബെരോവക്കാർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതു മാത്രമല്ല, അവർ കേട്ടത് വചനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നു നിരന്തരം തിരുവെഴുത്തുകളെ പരിശോധിക്കുക കൂടിച്ചെയ്തു. അതിനാൽ അവരെ ഉത്തമന്മാർ എന്നു വിളിച്ചിരിക്കുന്നു. അവർ ഓരോ വചനപ്രഘോഷകന്റെയും ഉപദേശത്തെ ദൈവവചനവുമായി തട്ടിച്ചു നോക്കിയതിനാൽ ആരുടെയും ദുരുപദേശത്താൽ വഞ്ചിക്കപ്പെടുന്ന അപകടത്തിൽ പെട്ടില്ല.**

തിരിക്കുക.

16:17-ൽ ഭൂതബാധിതയായ ഒരു പെൺകുട്ടി പൗലൊസിനെയും ശീലാസിനെയും പിന്തുടർന്ന് "ഇവർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ" എന്നു വിളിച്ചുപറയുന്നതായി നാം വായിക്കുന്നു. പൗലൊസ് കുറേനാൾ അവളെ അവഗണിച്ചു. പിന്നീട് ഭൂതത്തോട് അവളെ വിട്ടുപോകുവാൻ കല്പിച്ചു. ഒരു ഭൂതത്തിന്റെയും സാക്ഷ്യം പൗലൊസിന് ആവശ്യമായിരുന്നില്ല. യേശുവും ഭൂതത്തിൽനിന്നു സാക്ഷ്യം സ്വീകരിക്കുന്നത് നിരാകരിച്ചിരുന്നു.

**അധ്യായം 17**

പൗലൊസും ശീലാസും ബെരോവയിലേക്കു പോയി (17:10, 11). ബെരോവക്കാർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതു മാത്രമല്ല, അവർ കേട്ടത് വചനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നു നിരന്തരം തിരുവെഴുത്തുകളെ പരിശോധിക്കുക കൂടിച്ചെയ്തു.അതിനാൽ അവരെ ഉത്തമന്മാർ എന്നു വിളിച്ചിരിക്കുന്നു. അവർ ഓരോ വചനപ്രഘോഷകന്റെയും ഉപദേശത്തെ ദൈവവചനവുമായി തട്ടിച്ചു നോക്കിയതിനാൽ ആരുടെയും ദുരുപദേശത്താൽ വഞ്ചിക്കപ്പെടുന്ന അപകടത്തിൽ പെട്ടില്ല. അതിനാൽ മറ്റു സഭകൾക്കെഴുതിയതുപോലെ ബെരോവക്കാരുടെ ദുരുപദേശം ശരിയാക്കുന്ന ഒരു ലേഖനം പൗലൊസിന് ഒരിക്കലും എഴുതേണ്ടതായി വന്നില്ല.

**അധ്യായം 18**

പൗലൊസ് കൊരിന്ത്യയിലായിരുന്നപ്പോൾ കർത്താവ് പൗലൊസിനോടു പറഞ്ഞു: (18:9, 10) "നീ എതിർപ്പിനെ ഭയപ്പെടാതെ പ്രസംഗിക്ക. ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ട്." സുവിശേഷത്തിന് ഒരു സ്ഥലത്ത് എതിർപ്പുണ്ടെങ്കിൽ അവിടം വിട്ട് ഓടിപ്പോകേണ്ട ആവശ്യമില്ല. നാം പീഡനം അനുഭവിക്കുകയാണെങ്കിൽ കർത്താവ് ഇപ്രകാരം കല്പിച്ചിട്ടുണ്ട്: "ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ." (മത്താ: 10:23) നാം ഓടിപ്പോകുന്നതിനു മുമ്പ് കർത്താവിനെ അന്വേഷിക്കുന്നത് നല്ലതാണ്. നാം പോകുവാൻ കർത്താവ് പറയുന്നു എങ്കിൽ പോകുക. പൗലൊസിനോടു പറഞ്ഞതുപോലെ ചിലപ്പോൾ അവിടെത്തന്നെ താമസിക്കുവാൻ കർത്താവ് നമ്മോടാവശ്യപ്പെടും. ബാഹ്യസാഹചര്യങ്ങളുടെ സാക്ഷ്യം മാത്രം അടിസ്ഥാനമാക്കാതെ ദൈവശബ്ദം ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

**അധ്യായം 18**

18:24-28 നാം ദൈവഭക്തയായ സഹോദരി പ്രിസ്കില്ലയെയും അവളുടെ ഭർത്താവ് അകിലാവിനെയും പറ്റി വായിക്കുന്നു. അപ്പല്ലോസിന് (ഒരു തീക്ഷ്ണതയുള്ള സഹോദരൻ) സുവിശേഷത്തെക്കുറിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകുവാൻ അവർ സഹായിക്കുന്നു. തന്റെ ഭർത്താവിനെക്കാളും പ്രിസ്കില്ലയ്ക്കു സുവിശേഷസത്യം കൂടുതൽ തെളിവായി അറിയാമെന്നു കാണുന്നു — കാരണം, അവരുടെ പേരുകൾ ഒരുമിച്ചു വരുന്ന അഞ്ചു ഭാഗങ്ങളിൽ നാലിലും ഭർത്താവിന്റെ പേരിനു മുമ്പിലായി അവളുടെ





പേര് കാണപ്പെടുന്നു. (18:26) പുതിയനിയമത്തിൽ സഹോദരിമാർക്കു പ്രവചിക്കാം എന്നവൾ അറിഞ്ഞിരുന്നു. (അപ്പൊ. 2:17; 1 കൊരി: 11:5) അതേ സമയം ഒരു സഹോദരി എന്ന നിലയിൽ തന്റെ സ്ഥാനം മനസ്സിലാക്കി അപ്പല്ലോസിനോട് താൻ തന്നെ ഈ സത്യം പങ്കുവയ്ക്കുവാൻ തുനിഞ്ഞില്ല.അവൾ അപ്പല്ലോസിനെ തന്റെ ഭവനത്തിലേക്കു ക്ഷണിച്ച ശേഷം തന്റെ ഭർത്താവിനോടു കൂടി ഇരുന്ന് ഈ സുവിശേഷം അപ്പല്ലോസിന് വിവരിച്ചുകൊടുത്തു.തന്മൂലം അപ്പല്ലോസ് സത്യത്തിന്റെ ശക്തനായ ഒരു പ്രസംഗകൻ ആയിത്തീർന്നു. ഈ പുതിയ ഉടമ്പടിയുടെ കാലത്ത് സഹോദരിമാർക്ക് ഈ വിധത്തിൽ മഹത്തായ ശുശ്രൂഷ ചെയ്‌വാൻ സാധിക്കും.

**അധ്യായം 19**

19:2-ൽ പൗലൊസ് എഫെസോസിലെ വിശ്വാസികളോട് "നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" എന്നൊരു ചോദ്യം ചോദിച്ചു. പൗലൊസിന്റെ ഈ ചോദ്യം നമ്മെ വ്യക്തമായി താഴെപ്പറയുന്ന കാര്യങ്ങൾ പഠിപ്പിക്കുന്നു.

1. ഒരാൾ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്നെ പരിശുദ്ധാത്മസ്നാനം പ്രാപിക്കാൻ കഴിയും.
2. ക്രിസ്തുവിൽ വിശ്വസിക്കയിൽത്തന്നെ ഒരുവന് പരിശുദ്ധാത്മസ്നാനം ലഭിക്കാതെ പോകാൻ സാധ്യതയുണ്ട്.
3. നമുക്കു പരിശുദ്ധാത്മസ്നാനം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം സുനിശ്ചിതമായിത്തന്നെ നമുക്കറിയാൻ കഴിയും.

അവർ പരിശുദ്ധാത്മാവിനെപ്പറ്റി കേട്ടിട്ടുപോലുമില്ല എന്നവർ ഉത്തരം പറഞ്ഞു. "എങ്കിൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം?" എന്ന് അദ്ദേഹം ചോദിച്ചു. ആ കാലത്തു യേശുവിന്റെ നാമത്തിൽ മാത്രമല്ല, പിതാവിന്റെയും പുത്രനായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാ

**പൗലൊസ് എഫെസോസിലെ വിശ്വാസികളുടെ ഇടയിൽ നയിച്ച ലളിതവും വിനയാന്വിതവുമായ ജീവിതമാണ് അവരോടു വിട പറയുമ്പോൾ താൻ അവർക്കു ചൂണ്ടിക്കാണിച്ചത്. "എന്റെ ജീവിതം നോക്കി ഞാൻ ക്രിസ്തുവിനെ അനുഗമിച്ചതുപോലെ എന്നെ അനുഗമിപ്പിൻ" എന്ന് അദ്ദേഹത്തിനു ധൈര്യമായി പറയാൻ സാധിച്ചു. നമ്മുടെ വാക്കുകളെക്കാളുപരി നമ്മുടെ ജീവിതം തന്നെ നമ്മോടൊത്തു ജീവിച്ചവരോടു സംസാരിക്കണം.**

വിന്റെയും നാമത്തിലും കൂടെ ക്രിസ്ത്യാനികൾ സ്നാനമേറ്റിരുന്നു എന്ന് ഇതിലൂടെ വ്യക്തമാകുന്നു.അതിനാലാണ് അവർ സ്നാനം ഏറ്റപ്പോൾ പരിശുദ്ധാത്മാവിനെപ്പറ്റി കേട്ടിരിക്കും എന്ന് പൗലൊസ് അനുമാനിച്ചത്. അപ്പോൾ, തങ്ങൾ യോഹന്നാന്റെ സ്നാനമാണ് ഏറ്റത് എന്ന് അവർ അദ്ദേഹത്തോടു പറഞ്ഞു. അവർ കർത്താവിനെ സ്വീകരിക്കയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏല്ക്കുകയും ചെയ്തു. അവർ സ്നാനം ഏറ്റശേഷം പൗലൊസ് അവരുടെ മേൽ കൈവച്ചു. അപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നിട്ട് അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. അപ്പോസ്തലപ്രവൃത്തികളിൽ പരിശുദ്ധാത്മാവ് ജനത്തിന്മേൽ വന്ന വിവിധ വഴികളെപ്പറ്റി ശ്രദ്ധിക്കുക. രണ്ടാം അധ്യായത്തിൽ 120 പേർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു. എട്ടാം അധ്യായത്തിൽ പത്രോസും യോഹന്നാനും ശമര്യരുടെ മേൽ കൈവച്ചപ്പോൾ അവർ ആത്മാവിനെ പ്രാപിച്ചു.

**പൗലൊസ് വളരെ കർശനസ്വഭാവിയായ ഒരു വാതിൽ കാവല്ക്കാരനായിരുന്നു. തന്റെ വടി ഉപയോഗിച്ചു ചെന്നായ്ക്കളിൽ നിന്ന് ആടുകളെ സൂക്ഷിക്കുന്ന ഒരു കർശനവാതിൽക്കാവല്ക്കാരനെങ്കിലും കുറഞ്ഞ പക്ഷം ഓരോ സഭയ്ക്കും ആവശ്യമാണ്.മറിച്ചു സൗമ്യസ്വഭാവിയെന്ന പ്രശസ്തി ഒരു മൂപ്പൻ ആഗ്രഹിക്കുന്നപക്ഷം സഭയെ വിശുദ്ധമായി സൂക്ഷിക്കുവാൻ അവനു സാധ്യമല്ല.**

അധ്യായം 9-ൽ അനന്യാസ് പൗലൊസിന്റെമേൽ കൈവച്ചപ്പോൾ അദ്ദേഹം പരിശുദ്ധാത്മാവിനെ പ്രാപിച്ചു. 10-ാം അധ്യായത്തിൽ ഒരു സന്ദേശം ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ആരും കൈവയ്ക്കുകയോ വെള്ളത്തിൽ സ്നാനമേൽക്കുകയോ ചെയ്യുന്നതിനുമുമ്പ് കൊർന്നല്യോസ് പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. 19-ാം അധ്യായത്തിൽ കൈവയ്പിലൂടെ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. കൈവയ്പിനാലോ അല്ലാതെയോ, ജലസ്നാനത്തിനു മുമ്പോ പിമ്പോ പരിശുദ്ധാത്മാവിനെ പ്രാപിക്കാം എന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു. പ്രധാനകാര്യം മാർഗമല്ല, പ്രാപിക്കുക എന്നതാണ്.

### അധ്യായം 20

20:17-35-ൽ മൂന്നുവർഷക്കാലം എഫെസോസിൽ താമസിച്ചശേഷം പൗലൊസ് അവിടത്തെ മൂപ്പന്മാർക്കു ഒരു മുന്നറിയിപ്പു നൽകുന്നു. നാം എങ്ങനെ കർത്താവിനെ സേവിക്കണം എന്നതിനെപ്പറ്റി പല കാര്യങ്ങളും ഇവിടെ നമുക്കു പഠിക്കുവാൻ കഴിയും. ആദ്യമായി പൗലൊസ് "മാനസാന്തരവും വിശ്വാസവും" (20:21) പ്രസംഗിച്ചു. ഇന്നു മിക്ക പ്രസംഗകരും ചെയ്യുന്നതുപോലെ മാനസാന്തരത്തിന്റെ സന്ദേശം അദ്ദേഹം വിട്ടുകളഞ്ഞില്ല. താൻ മൂപ്പന്മാരെ വിട്ടുപോകുമ്പോൾ തന്റെ പ്രസംഗത്തിന്റെ വിവിധ ആശയങ്ങളല്ല, താൻ അവരുടെയിടയിൽ നയിച്ച ലളിതവും വിനയാന്വിതവുമായ ജീവിതമാണ് അവർക്കു ചൂണ്ടിക്കാണിച്ചത്. (20:18, 19) "എന്റെ ജീവിതം നോക്കി ഞാൻ ക്രിസ്തുവിനെ അനുഗമിച്ചതുപോലെ എന്നെ അനുഗമിപ്പിൻ" എന്ന് അദ്ദേഹത്തിനു ധൈര്യമായി പറയാൻ സാധിച്ചു. നമ്മുടെ വാക്കുകളെക്കാളുപരി നമ്മുടെ ജീവിതം തന്നെ നമ്മോടൊത്തു ജീവിച്ചവരോടു സംസാരിക്കണം. തങ്ങളെത്തന്നെ ആദ്യമായും പിന്നെ തങ്ങളുടെ ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവാൻ അദ്ദേഹം മുന്നറിയിപ്പു നൽകുന്നു. (20:28) താൻ അവരെ വിട്ടുപിരിഞ്ഞശേഷം കൊടിയ ചെന്നായ്ക്കൾ സഭയിലേക്കു വരും എന്ന് മുന്നറിയിപ്പു നൽകി. (20:29) പൗലൊസ് അവിടെയുള്ളപ്പോൾ എന്തുകൊണ്ട് ഈ ചെന്നായ്ക്കൾ വന്നില്ല? കാരണം, പൗലൊസ് വളരെ കർശനസ്വഭാവിയായ ഒരു വാതിൽ കാവല്ക്കാരനായിരുന്നു. തന്റെ വടി ഉപയോഗിച്ചു ചെന്നായ്ക്കളിൽ നിന്ന് ആടുകളെ സൂക്ഷിക്കുന്ന ഒരു കർശനവാതിൽക്കാവല്ക്കാരനെങ്കിലും കുറഞ്ഞ പക്ഷം ഓരോ സഭയ്ക്കും ആവശ്യമാണ (സങ്കീ. 23:4). നേരെമറിച്ചു സൗമ്യസ്വഭാവിയെന്ന പ്രശസ്തി ഒരു മൂപ്പൻ ആഗ്രഹിക്കുന്നപക്ഷം സഭയെ വിശുദ്ധമായി സൂക്ഷിക്കുവാൻ അവനു സാധ്യമല്ല — കാരണം, ആടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കൾ കടന്നുവന്ന് സഭയെ നശിപ്പിക്കും. ആർക്കും ഒരു ഭാരമാകാതെ ആ മൂന്നുവർഷക്കാലവും പൗലൊസ് തന്റെയും തന്റെ സഹപ്രവർത്തകരുടെയും സന്ധാരണം എങ്ങനെ സാധിച്ചുവെന്ന് അദ്ദേഹം അവരോടു പറഞ്ഞു. (20:33-35) എങ്കിലും ആ മൂപ്പന്മാർ പൗലൊസിന്റെ മുന്നറിയിപ്പ് വേണ്ടത്ര ഗൗനിച്ചില്ല. തന്മൂലം എഫെസോസിലെ സഭ കർത്താവിന്റെ വഴിവിട്ടു തെറ്റിപ്പോയി. (വെളി. 2:5)

**(തുടരും)**

മൊഴിമാറ്റം: **സാലിജോസ്**

❖





**സഹോദരിമാരോട്**

## സ്ത്രീയേ, നീ കരയുന്നതെന്ത്?-V

# പീഡനാവേളകളിൽ ദൈവനാമം മഹത്ത്വപ്പെടും

ആനി പുന്നൻ

**(അധ്യായം 5 തുടർച്ച)**

യേശുവിനു തന്നെ പരിത്യജിക്കപ്പെട്ടവനായി കോടതിയിലേക്കു പോകേണ്ടിവന്നു.പരിഹാസികളായ ആൾക്കൂട്ടത്തിനു മുൻപിൽ അവിടുന്നു നിന്നു. കോടതിയിൽ പോകേണ്ടിവരുമ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നതെന്നോർത്ത് അമ്പരന്നുപോകരുത്.നിങ്ങൾ യേശുവിന്റെ ശിഷ്യയല്ലേ?ഈ മേഖലയിൽ അവിടുത്തെ കാൽച്ചുവട് പിന്തുടരുവാൻ അവിടുന്നു നിനക്കു നല്കിയ അപൂർവ്വപദവിയാണ് ഇത്. ധൈര്യമായിരിക്കുക. ഇതു വിലപിക്കാനുള്ള അവസരമല്ല. അതിനു പകരം സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും എന്നതിനാൽ സന്തോഷിച്ചു തുള്ളിച്ചാടുക. യേശു നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഒരു നാൾ നീ നിരപരാധിയാണെന്ന് അവൻ തെളിയിക്കുകയും നിനക്കു മാനം ഉണ്ടാകുകയും ചെയ്യും.

ഭൂമിയിൽ നമ്മുടെ ജീവിതം കഷ്ടതയുടെ ജീവിതമാണ്.നാം അവിടുത്തെ കഷ്ടതകളിൽ പങ്കാളികളാണ്.പക്ഷേ ഓരോ പരീക്ഷാവേളയിലും അവിടുന്നു നമുക്കു തന്റെ കവിഞ്ഞൊഴുകുന്ന സന്തോഷം നല്കുന്നു.യേശുവിനെ തന്റെ അടുത്ത സുഹൃത്താണ് ഒറ്റിക്കൊടുത്തത്.ഒരു കപട ന്യായവിസ്താരത്തിലൂടെ അവിടുത്തേക്കു കടന്നുപോകേണ്ടിവന്നു.വളരെ അടിച്ചതിനാൽ തന്റെ പുറം ഉഴുതതു പോലെയായി. ഇന്നത്തെ കാലത്താണെങ്കിൽ നമുക്ക് ഒരു വക്കീലിനെ നിയമിക്കുവാൻ കഴിയും. അങ്ങനെ നമുക്ക് നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.പക്ഷേ യേശുവിനു ന്യായമായ ഒരു വിസ്താരം പോലും ലഭിച്ചില്ല. തന്നെ അന്യായമായി മരണശിക്ഷയ്ക്കു വിധിച്ചു.മനുഷ്യരിൽ ആരെങ്കിലും ഒരാൾ എപ്പോഴെങ്കിലും അനുഭവിച്ചിട്ടുള്ളതിനെക്കാൾ ഏറ്റവും ക്രൂരമായ മരണമാണ് അവിടുത്തേക്കു ലഭിച്ചത്.പക്ഷേ ആ കഷ്ടതകൾക്കുശേഷം കിട്ടാൻ പോകുന്ന പ്രതിഫലത്തെക്കുറിച്ച് യേശു ചിന്തിച്ചതു നിമിത്തം അവിടുത്തേക്കു സന്തോഷമുണ്ടായിരുന്നു.ആ പ്രതിഫലമെന്നത്, എന്നെയും നിന്നെയും പാപത്തിന്റെ പിടിയിൽനിന്ന് രക്ഷിച്ച് തന്റെ കാന്തയാക്കിത്തീർക്കുക എന്നതാണ്. നമുക്ക് സന്തോഷം പകർന്നുനല്കുവാനും അവിടുത്തേക്കു കഴിയും.

യെശ. 53:7-9 തിരുവെഴുത്തിലെ ഈ ഭാഗം എന്നെ എപ്പോഴും ചിന്തിപ്പിക്കുന്ന ഒരു ഭാഗമാണ്.

"അവനെ നിർദ്ദയമായി പീഡിപ്പിച്ചുവെങ്കിലും അവൻ ഒരക്ഷരം പോലും ഉരിയാടിയില്ല.കൊല്ലുവാനുള്ള കുഞ്ഞാടിനെ

**നമ്മെ ഉപദ്രവിക്കുന്നവരോടു ക്ഷമിക്കുവാനും അവരെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കർത്താവു നമ്മെ പഠിപ്പിച്ചു. നമുക്ക് ദോഷം ചെയ്യുന്നവർക്ക് നാം അതിനു പകരം നന്മ ചെയ്യുമ്പോൾ സ്നേഹനിധിയായ പിതാവിന്റെ മക്കളാണ് നാം എന്നു തെളിയിക്കുകയാണു നാം ചെയ്യുന്നത്. ദൈവം എല്ലാവർക്കും നല്ലവനാണ്.ഒരുപക്ഷേ നിങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്തോ ബന്ധുവോ നിങ്ങളെ മുറിവേല്പിച്ചുകാണും. വിലപിക്കരുത്.**

പ്പോലെ അവനെ കൊണ്ടുവന്നു; രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെ അവനെ കുറ്റപ്പെടുത്തിയവരുടെ മുമ്പാകെ അവൻ നിശ്ശബ്ദനായി നിന്നു. ജയിലിനും ന്യായവിസ്താരത്തിനും ശേഷം അവർ അവനെ കൊല്ലുവാനായി കൊണ്ടുപോയി.പക്ഷേ തങ്ങളുടെ പാപങ്ങൾക്കുവേണ്ടിയായിരുന്നു അവൻ മരിക്കുന്നതെന്നും തങ്ങൾക്കുള്ള ശിക്ഷയായിരുന്നു അവൻ അനുഭവിച്ചതെന്നും അന്നത്തെ തലമുറയിൽ ആർ തിരിച്ചറിഞ്ഞു? ഒരു കുറ്റവാളിയെപ്പോലെ അവനെ സംസ്ക്കരിച്ചു; ഒരു ധനവാന്റെ കല്ലറയിൽ ആയിരുന്നു അവനെ അടക്കിയത്.എങ്കിലും അവനൊരു തെറ്റും ചെയ്തിരുന്നില്ല;നീചമായ ഒരു വാക്ക് അവൻ ഒരിക്കലും സംസാരിച്ചിട്ടില്ല" (ലിവിംഗ് ബൈബിൾ)

അപ്പൊസ്തലനായ പൗലോസിന് സുവിശേഷത്തിനുവേണ്ടി വളരെ കഷ്ടമനുഭവിക്കേണ്ടിവന്നു. എന്നാൽ ജയിലിൽ കിടന്നുകൊണ്ട് അവൻ ഏറ്റവും ഉത്തമമായ ചില ലേഖനങ്ങൾ എഴുതി. അവയിൽ ഒന്നാണ് 'കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ' എന്നു നമ്മോട് ഉദ്ഘോഷിക്കുന്ന ഫിലിപ്പിയർക്കുള്ള ലേഖനം.

ക്രിസ്തുവിൽ ഭക്തിയുള്ള ജീവിതം നയിക്കുവാൻ വാഞ്ഛിക്കുന്ന എല്ലാവർക്കും ഏതെങ്കിലും തരത്തിലുള്ള പീഡനം സഹിക്കേണ്ടിവരും.അതുകൊണ്ട് അപ്രകാരം സംഭവിക്കുമ്പോൾ ഏതോ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുഭവിക്കുന്നു എന്നുവച്ച് നാം അതിശയിച്ചുപോകരുത്. (1 പത്രൊ. 4:12) കർത്താവ് തന്റെ വചനത്തിലൂടെ ഓരോ പ്രാവശ്യവും നമ്മെ ശക്തീകരിക്കും.

"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്." (മത്താ. 5:10)

നമ്മെ ഉപദ്രവിക്കുന്നവരോടു ക്ഷമിക്കുവാനും അവരെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കർത്താവു നമ്മെ പഠിപ്പിച്ചു. നമുക്ക് ദോഷം ചെയ്യുന്നവർക്ക് നാം അതിനു പകരം നന്മ ചെയ്യുമ്പോൾ സ്നേഹനിധിയായ പിതാവിന്റെ മക്കളാണ് നാം എന്നു തെളിയിക്കുകയാണു നാം ചെയ്യുന്നത്. ദൈവം എല്ലാവർക്കും നല്ലവനാണ്.ഒരുപക്ഷേ നിങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്തോ ബന്ധുവോ നിങ്ങളെ മുറിവേല്പിച്ചുകാണും. വിലപിക്കരുത്. യേശുവിന്റെ കാൽച്ചുവട് പിൻഗമിക്കുവാൻ നിങ്ങൾക്കു പദവി ലഭിച്ചല്ലോ എന്നോർത്ത് സന്തോഷിക്കുക.അത്തരം സന്ദർഭങ്ങളിൽ ക്രിസ്തുവിന്റെ മനസ്സ് നിങ്ങളെ ഭരിക്കട്ടെ.

കർത്താവിനുവേണ്ടി നീണ്ട അനേക വർഷത്തേക്കു കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട ദൈവദാസൻമാരെക്കുറിച്ച് ഞാൻ വായിച്ചിട്ടുണ്ട്. അവരുടെ ഭാര്യമാർക്ക് എന്തു പ്രയാസമുണ്ടായിക്കാണണം! ഇന്നും അനേക രാജ്യങ്ങളിൽ





ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. അവരുടെ കുടുംബങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കണം. ഒരു സമയത്ത് ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കും പീഡനം അനുഭവിക്കേണ്ടതായിവരും.ആ സമയത്ത് ദൈവം നമ്മെ വിശ്വാസത്തിൽ ശക്തരായി സൂക്ഷിക്കണമെന്ന് നമുക്ക് ഇപ്പോഴേ പ്രാർത്ഥിക്കാം.കർത്താവിനുവേണ്ടി പീഡിപ്പിക്കപ്പെട്ടവരുടെയും രക്തസാക്ഷികളായവരുടേയും കഥകൾ വായിക്കുന്നത് നമുക്കെല്ലാവർക്കും പ്രയോജനകരമാണ്. നമുക്കു പീഡനം വരുന്ന സമയത്ത് അതു നമ്മെ ശക്തീകരിക്കും.

"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു." (റോമ. 8:18)

"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം ........ തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു." (2 കൊരി. 4:17)

"നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല." (യെശ. 43:2)

"ഞങ്ങൾ ഏതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കുവാൻ (ഉത്സാഹിപ്പിക്കുവാൻ) ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു. (ഞങ്ങൾക്ക് ഉത്സാഹം പകർന്നുതരുന്നു.) (2 കൊരി. 1:4)

"...... പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു." (എബ്രാ. 7:25)

"യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് ഉണ്ട്"(1 യോഹ.2:1).

"ദുർവർത്തമാനം നിമിത്തം അവൻ (നീതിമാൻ) ഭയപ്പെടുകയില്ല." (സങ്കീ. 112:7)

"നിന്റെ ബലം ജീവപര്യന്തം നില്ക്കട്ടെ ......... പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്." (ആവർത്ത. 33:25, 27).

"ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും." (സെഫ. 3:17).

"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു......" (റോമ. 8:28)

"ദൈവം നമ്മുടെ സങ്കേതവും, ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു." (സങ്കീ. 46:1)

നമുക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന അഗ്നിശോധനകളെപ്പറ്റി പത്രോസ് തന്റെ ലേഖനത്തിൽ സംസാരിക്കുന്നുണ്ട്. യെശ. 43:2 നോക്കുക. ഇവിടെ തീയിൽക്കൂടി നടന്നാൽ നാം വെന്തുപോകുകയില്ല എന്ന് കർത്താവ് നമുക്ക് ഉറപ്പുതരുന്നു. നാം പീഡനത്തിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ പ്രാണൻ (soul) നശിച്ചുപോകുകയില്ല.

യേശു നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. ഉച്ചരിക്കുവാൻ സാധ്യമല്ലാത്തവിധത്തിലുള്ള ഞരക്കങ്ങളാൽ പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം നടത്തുന്നു.നമ്മുടെ വ്യഥയെ വാക്കുകൾകൊണ്ട് വിശദീകരിക്കുവാൻ സാധിക്കാതെ വരുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ സഹായത്തിനായി വരുന്നു. അതുകൊണ്ട് നമുക്ക് പരിശുദ്ധാത്മാവിനു വിധേയപ്പെടാം.അവിടുന്നു നമ്മുടെ ഉള്ളിൽ ഇരുന്നുകൊണ്ട് ദൈവത്തോടു നിലവിളിക്കും.

(തുടരും)

**മൊഴിമാറ്റം : സുജാ ഏബ്രഹാം**

❖

## സാധുസുന്ദർസിങ്... *പേജ് 18 ൽ നിന്ന് തുടർച്ച*

ശുശ്രൂഷ വളരെ ഫലമുള്ളതായിരിക്കും (യോഹ. 15:8).മനുഷ്യർ നിങ്ങളെ ദുഷിക്കയും ആക്ഷേപിക്കയും ചെയ്യുമ്പോൾ അവർക്കുവേണ്ടി പ്രാർഥിക്ക. അവർക്കു പകരം ചെയ്യാതിരിക്കുന്നതിനാൽ നിങ്ങളുടെ സ്നേഹത്തിന്റെ ഫലം അവർ രുചിക്കട്ടെ.

കുസൃതികളായ കുട്ടികൾ ഒരു വൃക്ഷത്തിൽ വിശേഷമായ പഴങ്ങൾ കാണുമ്പോൾ, അവ എറിഞ്ഞു വീഴ്ത്താൻ ശ്രമിക്കുന്നു. എന്നാൽ വൃക്ഷമോ, അതിനു കിട്ടിക്കൊണ്ടിരിക്കുന്നഏറിനു പകരം പഴങ്ങളത്രേ പൊഴിച്ചു കൊടുക്കുന്നത്.എറിയുന്നതിനായി അതിന് കല്ലുകൾതന്നെ ഇല്ലല്ലോ. എന്നാൽ ദൈവം അതിനു ദാനമായി കൊടുത്തിട്ടുള്ളത് അതു യാതൊരു സങ്കടവും കൂടാതെ കൊടുക്കുന്നു. മറ്റുള്ളവർ നിങ്ങൾക്കു ദോഷം ചെയ്വാൻ ശ്രമിക്കുന്നതുകൊണ്ടു നിങ്ങളുടെ മനസ്സിടിഞ്ഞുപോകരുത്. മനുഷ്യർ നിങ്ങളെ ദുഷിക്കുന്നുവെങ്കിൽ അതു നിങ്ങളുടെ ജീവിതം ഫലകരമാണെന്നുള്ളതിന് ഒരു തെളിവാണ്. അസൂയയിൽ നിന്നും ഈർഷ്യയിൽ നിന്നുമാണ് അവർ ഇങ്ങനെ ചെയ്യുന്നതെങ്കിലും, നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവിന്റെ മഹത്ത്വം ഇതുമൂലം വെളിപ്പെടുന്നുവെന്ന് ഓർക്കുക. മനുഷ്യസ്തുതിക്കായി ഈശ്വരൻ കാംക്ഷിക്കുന്നുവെന്നു വിചാരിക്കേണ്ട. മനുഷ്യസ്തുതി കിട്ടുന്നതിനാൽ തന്റെ മഹത്വം പൂർണ്ണമാക്കിക്കൊള്ളാമെന്ന് അദ്ദേഹം ഉദ്ദേശിച്ചിട്ടുമില്ല. കാരണം തന്റെ മഹത്വം പരിപൂർണമായിട്ടുള്ളതു തന്നെയാണ്. എന്നാൽ തന്റെ സ്നേഹത്തിന്റെ ഉദ്ദേശ്യം നികൃഷ്ടനായ മനുഷ്യനെ അവൻ വീണു കിടക്കുന്ന പാപക്കുഴിയിൽ നിന്നുയർത്തി സ്വർഗമഹത്ത്വത്തിനു പ്രാപ്തനാക്കിത്തീർക്കുക എന്നുള്ളതാണ്. അതുകൊണ്ടു ദൈവം മനുഷ്യനെ കഴുകിശുദ്ധമാക്കുന്നതിനാൽ തന്റെ മഹത്ത്വം കൊടുക്കുന്നതു മനുഷ്യനു തന്നെയാണ്. ദൈവസ്നേഹത്തിന്റെ ആശ്ചര്യകരമായ മഹിമ വെളിപ്പെടുന്നതും ഇങ്ങനെതന്നെയാണ്.

3. ഗുരു- മനുഷ്യർ തങ്ങളുടെ പാപവഴികൾ വിട്ടും ദൈവനീതിക്ക് അംശികളായിത്തീരത്തക്കവണ്ണം അവരെ പ്രാപ്തരാക്കുന്നതിനു ശ്രമിക്കുകയും അധ്വാനിക്കയും ചെയ്യുന്നവർക്ക് എന്റെ മഹത്വം ഞാൻ കൊടുക്കും. അങ്ങനെ അവർ ആദ്യമായി നക്ഷത്രങ്ങളെപ്പോലെയും പൂർണരായിത്തീരുമ്പോൾ സൂര്യനെപ്പോലെയും പിതാവിന്റെ രാജ്യത്തിൽ പ്രകാശിക്കും.നീതിസൂര്യൻ ഉദിക്കുമ്പോൾ നക്ഷത്രങ്ങൾ മങ്ങി മറഞ്ഞുപോകുന്നു. എന്നാൽ, തന്റെ മക്കൾ തന്നെപ്പോലെ തന്നെ പൂർണരായിത്തീർന്നു നിത്യമഹത്ത്വത്തിൽ തന്നോടുകൂടെ പ്രകാശിക്കണമെന്നും തന്റെ അപരിമിതമായ സ്നേഹത്തിൽ എന്നെന്നേക്കും സന്തോഷിക്കണമെന്നുമാണ് പിതാവ് ആഗ്രഹിക്കുന്നത്.

4. ഗുരു- ഹിമാലയപർവതത്തിൽ മിന്നാമിനുങ്ങിനെപ്പോലെ പ്രകാശം കൊടുക്കുന്നചില ചെറിയ ജന്തുക്കളും അന്ധകാരംകൊണ്ടു മൂടിയിരിക്കുന്ന വനാന്തരപ്രദേശങ്ങളെ പ്രശോഭിതമാക്കുന്ന ചില ചെറുചെടികളും ഉണ്ട്. അഗാധമായ സമുദ്രങ്ങളിൽ ശത്രുക്കളെ ഭയന്നോടുന്ന ചില മീനുകളെ വഴി കാണിക്കുന്നതിനു ചെറുപന്തങ്ങൾപോലെ നീന്തിക്കൊണ്ടിരിക്കുന്ന ചില ജീവികളുണ്ട്. ഇതിലും എത്ര ശോഭയോടുകൂടി ദൈവമക്കൾ ലോകത്തിൽ പ്രകാശിക്കേണ്ടതാണ് (മത്താ. 5:14). ദൈവദത്തമായിരിക്കുന്ന പ്രകാശത്താൽ മറ്റുള്ളവരെ സത്യത്തിന്റെ വെളിച്ചത്തിലേക്കു വഴിനടത്തുവാൻ തക്കവണ്ണം അവർ ശ്രമിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!ഇപ്പോഴോ, അവരുടെ അശ്രദ്ധമൂലം എത്രയോ ആളുകളാണു സാത്താന് അടിമപ്പെട്ടിരിക്കുന്നത്!

(തുടരും)





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

### അദ്ധ്യായം-17

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി.*

## കൽക്കരി ഖനി വിടുന്നു

**നേ**രം പുലർന്നാൽ കൽക്കരി ഖനിയിലേക്ക്. വൈകുവോളം ഖനിയിൽ വിശ്രമമില്ലാത്ത അധ്വാനം - വലിയ ആത്മീയ വിജയങ്ങൾക്കും മധ്യസ്ഥതകൾക്കും നടുവിലും റീസിന്റെ ഓരോ ദിവസവും ഇങ്ങനെയാണു കടന്നു പോയത്. ഏറ്റവും കഠിനമായ ജോലിയായിരുന്നു റീസിന്റേത്. കൽക്കരി ഖനിയുടെ ആഴത്തിലേക്ക് ഇറങ്ങുക. കൽക്കരി വെട്ടിയെടുക്കുക. പുറംലോകത്തുനിന്ന് ഒറ്റപ്പെട്ടു, ഭൂമിക്കടിയിലുള്ള ജോലി.

കൽക്കരിഖനിയിലേക്ക് ഇറങ്ങുമ്പോൾ പത്തുപതിനഞ്ചു മിനിറ്റു വേണം കണ്ണുകൾ ആ അന്ധകാരത്തോട് ഒന്നു പരിചയപ്പെട്ടു കാഴ്ച ശരിയായി വരാൻ.ആ സമയത്തു പ്രത്യേകിച്ചും കൽക്കരിത്തൊഴിലാളികൾ വായിൽ തോന്നിയതൊക്കെ അന്യോന്യം വിളിച്ചുപറഞ്ഞാണ് തങ്ങൾ ഒറ്റയ്ക്കല്ല എന്ന് ഉറപ്പാക്കുന്നത്. എന്നാൽ ഈ സമയത്തുപോലും റീസ് ഹൊവൽസ് ഒപ്പം ഉണ്ടെങ്കിൽ ഒരാളുടെ ചുണ്ടിൽ നിന്നു പോലും ഒരു 'അസഭ്യവാക്ക്' പുറത്തേക്ക് വരികയില്ല.

റീസ്, ഒരു ആശ്രമത്തിൽ ആരുമായി ബന്ധമില്ലാതെ തനിയെ കഴിഞ്ഞുകൊണ്ടല്ല വിശുദ്ധജീവിതം നയിച്ചിരുന്നത്. ലോകത്തിന്റെ നടുവിൽ തന്നെ മറ്റുള്ളവരോട് ഇടപെട്ടും വ്യത്യസ്തരീതിക്കാരായ ആളുകളോടൊപ്പം ജോലി ചെയ്തുമാണ് റീസ് ആത്മാവിൽ നടന്നത്.

സഹപ്രവർത്തകരുടെ ഇടയിൽ റീസിനെക്കുറിച്ചു വലിയ മതിപ്പ് ഉണ്ടായിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ഈ മതിപ്പ് ഒട്ടും ഇടിഞ്ഞില്ല. ഇതിന്റെ പ്രതിഫലനം പത്തു വർഷം കഴിഞ്ഞ് നടന്ന ഒരു മീറ്റിംഗിൽ പ്രകടമായി. ആഫ്രിക്കയിലെ മിഷൻ പ്രവർത്തനങ്ങൾ കഴിഞ്ഞ് റീസ് മടങ്ങി വന്നപ്പോൾ സ്വദേശത്ത് ഒരു സുവിശേഷ യോഗം ക്രമീകരിച്ചിരുന്നു. മുൻനിരയിൽ ഇരുന്നിരുന്നതു മുഴുവൻ റീസിന്റെ

കൽക്കരിഖനിയിലെ പഴയ സഹപ്രവർത്തകർ. അവരിൽ മിക്കവരും ജീവിതത്തിൽ ഒരിക്കൽപോലും ഇത്തരം ഒരു ആത്മീയ സമ്മേളനത്തിന്റെ ഏഴയലത്തു കൂടി പോയിട്ടില്ലാത്തവരായിരുന്നു. അക്കൂട്ടത്തിൽ നിന്ന് അന്ന് ടോമി ഹൊവൽസ് എന്നൊരു ചെറുപ്പക്കാരനായ കൽക്കരി ഖനിത്തൊഴിലാളിയെ പരിശുദ്ധാത്മാവു പിടികൂടി.അവൻ ജീവിതം ദൈവത്തിനായി സമർപ്പിച്ചു. യോനാഥാന്റെ ഹൃദയം ദാവീദിന്റേതിനോടു പറ്റിയിരുന്നതുപോലെ ക്രമേണ ടോമി, റീസിന്റെ അടുത്ത സഹപ്രവർത്തകനും പ്രാർത്ഥനാ കൂട്ടാളിയുമായി മാറി. ജീവിതകാലം മുഴുവൻ ആ ബന്ധം തുടർന്നു.

ചുരുക്കത്തിൽ കൽക്കരിഖനിയിലെ റീസിന്റെ ജോലി തന്റെ ആത്മീയ ജീവിതത്തിന് ഒട്ടും തടസ്സമായിരുന്നില്ല. മാത്രമല്ല, പലർക്കും കടന്നു ചെല്ലാൻ കഴിയാത്ത കൽക്കരിഖനിയുടെ ഇരുണ്ട അകത്തളങ്ങളിൽ ദൈവസ്നേഹത്തിന്റെ വെള്ളിവെളിച്ചം പ്രസരിപ്പിക്കാനും അത് ഇടയാക്കി.

പക്ഷേ കൽക്കരി ഖനിയിലെ ജോലി വിട്ട് മുഴുവൻ സമയപ്രവർത്തനത്തിനിറങ്ങാനുള്ള വിളി റീസിനു ലഭിച്ചു. "ദിവസം ഏഴു മണിക്കൂർ ഖനിയിൽ ജോലിചെയ്തു നീ ദിവസം രണ്ടു ഷില്ലിങ്ങ് വീതം ഇപ്പോൾ സമ്പാദിക്കുന്നു.എന്നാൽ നീ ഇനി ഭൂമിയിലെ ഒരു യജമാനനെ സേവിക്കേണ്ട. ദിവസവും ഈ ഏഴു മണിക്കൂർ എനിക്കുവേണ്ടി വേല ചെയ്യാൻ ഇനി മാറ്റിവയ്ക്കുക" — ഇതായിരുന്നു റീസിനു ലഭിച്ച പരിശുദ്ധാത്മാവിന്റെ ആ വിളി.

ആ സമയത്ത് റീസ് ഒരു തോടിനു കുറുകെയുള്ള ഒരു ചെറിയ തടിപ്പാലത്തിൽ നില്ക്കുകയാണ്. കർത്താവ് അവനോടു ശാന്തമായി ഇങ്ങനെ ഇടപെട്ടു: "സഹായം തേടി മറ്റൊരാളിൽ നോക്കുകയില്ലെന്നു നീ എനിക്കു വാക്കുതരണം. അതിനു തയ്യാറാണെങ്കിൽ കയ്യുയർത്തി ഇങ്ങനെ പറയുക :'കർത്താവ് എന്നോടു പറയാതെ ഞാൻ ഒരു ചരടാകട്ടെ, ചെരുപ്പിന്റെ വാറാകട്ടെ,ഒരു മനുഷ്യനിൽ നിന്നും സ്വീകരിക്കുകയില്ല."

മനുഷ്യൻ തന്നെ സമ്പന്നനാക്കി എന്നു പറയാതിരിക്കാൻ യുദ്ധങ്ങളിൽ നിന്നു താൻ ന്യായമായി നേടിയ മുതൽ പോലും സ്വീകരിക്കാതിരുന്ന അബ്രഹാമിന്റെ അതേ നിലപാടു സ്വീകരിക്കാനാണ് കർത്താവ് ഇവിടെ റീസിനോട് ആവശ്യപ്പെട്ടത്. ജീവിതകാലം മുഴുവൻ ഇതേ നിലപാടിൽ തുടരുകയും വേണം.

റീസ് തടിപ്പാലത്തിൽ നിന്നുകൊണ്ട് കരങ്ങളുയർത്തി ദൈവം പറയാനാവശ്യപ്പെട്ട ഏറ്റുപറച്ചിൽ നടത്തി. കൂട്ടത്തിൽ ഇങ്ങനേയും കൂട്ടിച്ചേർത്തു: "ഖനിക്കമ്പനിയെക്കാൾ മെച്ചമായ നിലയിൽ എന്നെ നടത്തുവാൻ അവിടുന്ന് കഴിവുള്ളവനാണെന്നു ഞാൻ വിശ്വസിക്കുന്നു."

കമ്പനിയിലെ ജോലി വിടുവാനുള്ള തീരുമാനം വിശ്വാസത്തിന്റെ ശക്തമായ ഒരു നിലപാടു തന്നെയായിരുന്നു. കാരണം മിഷൻ പ്രവർത്തനവും സഹോദരന്മാരുടെ ഇടയിലുള്ള സജീവമായ ശുശ്രൂഷകളും റീസ് അവസാനിപ്പിച്ചിട്ടു നാളുകളായിരുന്നു. അവ തുടർന്നിരുന്നെങ്കിൽ അവയാൽ അനുഗൃഹീതരാകുന്നവർ എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്യുവാനുള്ള സാധ്യതയെങ്കിലുമുണ്ടായിരുന്നു.

ജോലി വിടുവാനുള്ള തീരുമാനം എടുത്തുകഴിഞ്ഞപ്പോൾ തന്നെ അതിന്റെ യാഥാർത്ഥ്യങ്ങളെക്കുറിച്ചു പരിശുദ്ധാത്മാവ് റീസിനെ ഓർമ്മിപ്പിച്ചു.കർത്താവു നിർദ്ദേശിച്ചതിങ്ങനെ: "ഒരു കാര്യം ഓർക്കുക. നീ പണം കൊടുക്കാതെ വീട്ടിൽ നിന്ന് ഒരു നേരം പോലും ഭക്ഷണം കഴിക്കരുത്. അല്ലെങ്കിൽ നിന്റെ സഹോദരന്മാരാണു നിന്നെ സംരക്ഷിക്കുന്നതെന്ന് അവർ പറഞ്ഞെന്നിരിക്കും."

റീസിന്റെ കുടുംബാംഗങ്ങൾ അവനെ





സംരക്ഷിക്കുന്നതിൽ ഒട്ടും മടിയുള്ളവരായിരുന്നില്ല. എന്നാൽ യഥാർത്ഥത്തിലുള്ള 'വിശ്വാസജീവിതം' തനിക്കു വേണ്ടുന്നതെല്ലാം ദൈവത്തിൽ നിന്നു മാത്രം നേടുന്നതാണെന്ന ബോധ്യം റീസിനു പരിശുദ്ധാത്മാവു നൽകി. ദൈവത്തിനായി മുഴുവൻ സമയവും ചെലവഴിക്കുമ്പോൾ ആ ജീവിതത്തിനുവേണ്ട ചെലവു മുഴുവൻ അവിടുന്നു നൽകും. മറ്റു മനുഷ്യരെ ആശ്രയിക്കേണ്ട, പ്രത്യേകിച്ച കുടുംബാംഗങ്ങളെ.....

റീസിന്റെ ഈ പുതിയ നിലപാടും ഏറ്റവും കൂടുതൽ വേദനിപ്പിച്ചതു റീസിന്റെ അമ്മയെ തന്നെയായിരുന്നു. നാസീർവ്രതം അവസാനിപ്പിക്കുകയും 'അസാധാരണ നടപടിക'ളിൽ നിന്നു റീസ് പിൻവാങ്ങുകയും ചെയ്തപ്പോൾ അമ്മ തെല്ലൊന്നു സന്തോഷിച്ചു തുടങ്ങിയതായിരുന്നു. ഇനി തന്റെ മകൻ സ്വാഭാവിക ജീവിതത്തിലേക്കു മടങ്ങുമെന്ന് ആ അമ്മ മനക്കോട്ട കെട്ടി.

അങ്ങനെയിരിക്കുമ്പോഴാണു റീസ് ആ 'ബോംബ്' പൊട്ടിക്കുന്നത്. സ്വന്തം വീട്ടിൽ ഓരോനേരവും ഹോട്ടലിലെന്ന പോലെ പണം കൊടുത്തു ഭക്ഷണം കഴിക്കുകയെന്നോ? — അമ്മ അന്ധാളിച്ചുപോയി.

"നിന്റെ പിതാവ് ഇതേക്കുറിച്ച് എന്തു പറയും? ഭക്ഷണത്തിനു പണം നൽകുകയാണെങ്കിൽ ലോഡ്ജിൽ താമസിക്കുന്നതുപോലെയല്ലേ? വീട്ടിലെ മകനാകുന്നതെങ്ങനെ?" — അമ്മയ്ക്കു നിരത്താൻ ഒട്ടേറെ വാദമുഖങ്ങൾ ഉണ്ടായിരുന്നു.

ഈ സംഘർഷം വീട്ടിൽ ചില ദിവസങ്ങൾ തന്നെ നീണ്ടുനിന്നു.എന്നാൽ റീസിനെ സംബന്ധിച്ചിടത്തോളം ഒരു ഒത്തുതീർപ്പു സാധ്യമല്ല. കാരണം ഇതു ദൈവമുൻപാകെയുള്ള പ്രതിജ്ഞയാണ്. ദൈവം, വ്യവസ്ഥ മാറ്റാതെ റീസിന് ഏകപക്ഷീയമായി മറിച്ചു തീരുമാനം എടുക്കാനാവില്ല.

ഒടുവിൽ റീസ് തന്റെ നിലപാടു വ്യക്തമാക്കി: "ഭക്ഷണത്തിനു പണം വാങ്ങിച്ചാലേ വീട്ടിൽ താമസിക്കുകയുള്ളു. ഇല്ലെങ്കിൽ പുറത്തൊരു ലോഡ്ജിലേക്കു മാറുകയാണ് — ഇന്നുതന്നെ."

ഉച്ച കഴിഞ്ഞ് അങ്ങനെ പുറത്തു ലോഡ്ജ് നോക്കാൻ റീസ് പുറപ്പെടാൻ നേരം അമ്മ റീസിന്റെ വ്യവസ്ഥ സമ്മതിച്ചു-ഒരു ചെറിയ ഭേദഗതിയോടെ. ഭക്ഷണത്തിന്റെ പണം ഓരോ നേരവും തരരുത്. മാസത്തിന്റെ ഒടുവിൽ ഒന്നിച്ചു തന്നാൽ വാങ്ങിക്കൊള്ളാം. റീസിന് അതു സമ്മതമായിരുന്നു.

തുടർന്നു ദൈവം റീസിന് ഒരു മാസത്തെ അവധി നൽകി.ആ മാസം മുഴുവൻ റീസ് രാവിലെ സമീപത്തെ പർവ്വതത്തിലേക്കു പോകും. പകൽ മുഴുവൻ ദൈവസന്നിധിയിൽ ചെലവഴിക്കും– ഒരു മനുഷ്യമുഖം പോലും കാണാതെ മുഴുവൻ സമയവും പ്രാർത്ഥിച്ചും ദൈവസാന്നിദ്ധ്യബോധത്തിൽ സ്വയം നഷ്ടപ്പെട്ടും. പ്രത്യേകിച്ചെന്തെങ്കിലും വിഷയത്തിനുവേണ്ടിയുള്ള ഭാരം ആ ദിവസങ്ങളിലുണ്ടായിരുന്നില്ല.അവിടെ മധ്യസ്ഥ പ്രാർത്ഥനയും ആയിരുന്നില്ല. റീസ് പകൽ മുഴുവൻ ദൈവസന്നിധിയിൽ ദൈവത്തോടു മാത്രമുള്ള കൂട്ടായ്മയിൽ സമയം ചെലവഴിച്ചു. ആ മാസമാണു തന്റെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട മാസമെന്നു റീസു പിന്നീടു പറഞ്ഞിട്ടുണ്ട്.

ആ മാസം ആരംഭിക്കുമ്പോൾ റീസിന്റെ കയ്യിൽ ഒരേ ഒരു പെനിയേ ഉണ്ടായിരുന്നുള്ളു. ദിവസങ്ങൾ ചിലതു മുന്നോട്ടു പോയിട്ടും ഒരു പെനിപോലും കൂടുതൽ ലഭിച്ചില്ല. അതുകൊണ്ട് ആദ്യത്തെ ചില ദിവസങ്ങളിൽ പർവ്വതത്തിലേക്കു നടക്കുമ്പോൾ പിശാചു ചെവിയിൽ മന്ത്രിക്കും: "പ്രാർത്ഥനയ്ക്ക് ഇതുവരെ മറുപടി ലഭിച്ചില്ലല്ലോ."

അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ റീസ് പർവ്വതം കയറുകയാണ്.ഗ്രാമത്തിലെ വീടുകൾ പിന്നിട്ടു.

കൃഷിത്തോട്ടങ്ങൾ കടന്ന് തോട്ടത്തിന് അതിരിലെ ഇരുമ്പുഗേറ്റ് പിന്നിലടച്ച് റീസ് പർവ്വതത്തിലേക്കു കയറാൻ തുനിയുമ്പോൾ കർത്താവു പൊടുന്നനെ അവനോടു പറഞ്ഞു:"ഈ ഗേറ്റ് അടച്ചു കഴിയുന്നതോടെ മേലിൽ പിശാച് നിന്നെ ഇക്കാര്യം പറഞ്ഞ് അലട്ടാൻ പാടില്ല. സത്യത്തിൽ മാസത്തിന്റെ ഒടുവിൽ, നിനക്ക് അമ്മയുടെ കയ്യിൽ പണം കൊടുക്കേണ്ട സമയത്ത്, മതിയല്ലോ പണം."

അതു കേട്ടപ്പോൾ റീസിനു കൂടുതൽ വാശിയായി. അവൻ പിശാചിനോടുള്ള ഇടപാടിൽ കൂടുതൽ കർക്കശ്ശക്കാരനായി: "പിശാചേ,നീ കേട്ടല്ലോ.ഈ മാസത്തിന്റെ ഒടുവിലല്ലാതെ പണത്തിനുവേണ്ടി ഈ മാസം മുഴുവൻ ഒരൊറ്റ പ്രാർത്ഥന പോലും പ്രാർത്ഥിക്കാൻ ഇനി ഞാൻ മുതിരുകയില്ല. ഞാൻ നേരത്തെ ജോലി ചെയ്തിരുന്ന കമ്പനിയിൽ ആഴ്ചയവസാനം ആകുമ്പോൾ അവർ കൂലി തരുമോയെന്നു ഞാൻ ഒരിക്കലും സംശയിച്ചിട്ടില്ലല്ലോ. അങ്ങനെയെങ്കിൽ ഞാൻ ദൈവത്തെ സംശയിക്കുമോ? ഇനി ഞാൻ ഇക്കാര്യത്തിനുവേണ്ടി ഒരൊറ്റ പ്രാർത്ഥ പോലും നടത്തുകയില്ല. ഞാൻ എന്റെ സ്വർഗ്ഗീയ മണവാളനെ സ്തുതിച്ചു മാത്രം സമയം ചെലവഴിക്കും."

ഒടുവിൽ മാസത്തിന്റെ അവസാനദിവസം എത്തി. ഏകദേശം ഉച്ചയായപ്പോൾ പർവ്വതത്തിൽനിന്നിറങ്ങി വീട്ടിലേക്കു പോകാൻ കർത്താവ് റീസിനോടു പറഞ്ഞു.റീസ് വീട്ടിലെത്തി അല്പം കഴിഞ്ഞപ്പോൾ പിതാവ് ഉച്ചഭക്ഷണത്തിനെത്തി.വിശ്വാസജീവിതത്തിനായുള്ള പുതിയ വിളിക്കെതിരെയുള്ള അന്തിമ പോരാട്ടം അപ്പോൾ റീസിനു നേരെ വന്നു — "ഖനിക്കമ്പനിയുടെ മാനേജരെ ഞാൻ കണ്ടിരുന്നു. നിന്റെ ഒഴിവിൽ ഇതുവരെ വേറെ ആരെയും നിയമിച്ചിട്ടില്ലെന്നും എപ്പോൾ തിരിച്ചു ചെന്നാലും അവിടെ ജോലി തരാമെന്നും പറയാൻ അദ്ദേഹം പറഞ്ഞു": റീസിന്റെ പിതാവിലൂടെയാണ് ആ അഗ്നിശരം വന്നത്.

"അദ്ദേഹം എന്തൊരു മടയനായ മനുഷ്യനാണ്? ഒഴിവുനികത്താതെ ആർക്കുവേണ്ടിയാണ് അദ്ദേഹം കാത്തിരിക്കുന്നത്?" — റീസ് എടുത്തടിച്ചതുപോലെ മറുപടി നൽകി.

"എന്നാൽ നീ ഇനി ജോലിക്കു പോകുന്നില്ലെങ്കിൽ ആരാണു നിന്റെ കാര്യങ്ങൾ നോക്കുക?" പിതാവും വിട്ടു കൊടുത്തില്ല.

അതിനു റീസിനു മറുപടി ഉണ്ടായിരുന്നു: "ഞാൻ ദൈവത്തിനായി പ്രവർത്തിച്ചാൽ, ഭൂമിയിലെ എന്റെ കഴിഞ്ഞ ജോലിയുടെ ഉടമ എനിക്കു ചെലവിനു തന്നിരുന്നതുപോലെ എന്റെ സ്വർഗ്ഗത്തിലെ യജമാനനും എന്നെ സംരക്ഷിക്കുമെന്ന് അങ്ങു കരുതുന്നില്ലേ?"

"സമ്മതിച്ചു. പക്ഷേ നിന്റേതുപോലെ വിശ്വാസജീവിതം നയിക്കുന്ന മറ്റൊരാളുടെ പേരു പറയാമോ?"

"ജോർജ് മുള്ളർ: " റീസിന് ഒട്ടും ആലോചിക്കാനുണ്ടായിരുന്നില്ല.

"പക്ഷേ അദ്ദേഹം മരിച്ചുപോയല്ലോ. നിന്നെ വിശ്വാസജീവിതത്തിൽ സഹായിക്കാൻ അദ്ദേഹത്തെ മടക്കിവിളിക്കാനാവുമോ?"

റീസ് അതിനു സാവകാശം ഇങ്ങനെ ഉത്തരം നൽകി: " നമ്മുടെ രക്ഷകന്റെ വാക്കുകൾ ഇങ്ങനെയല്ലേ.... 'നിങ്ങൾ മടിശ്ശീലയോ.... പൊക്കണമോ കരുതരുത്... വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനാണ്."

മത്തായി എഴുതിയ സുവിശേഷം 10:9, 10-ൽ നിന്നുള്ള ആ ഉദ്ധരണി പിതാവിനെ തൃപ്തിപ്പെടുത്തി. "അല്ല, ആ മാനേജർ പറയാൻ പറഞ്ഞതു ഞാൻ നിന്നെ അറിയിച്ചെന്നേ ഉള്ളൂ" എന്നു പറഞ്ഞ് പിതാവ് വിഷയം അവസാനിപ്പിച്ചു.

അപ്പോഴിതാ പോസ്റ്റുമാൻ ഒരു കത്തുമായി വരുന്നു. റീസിനായിരുന്നു കത്ത്.





ലണ്ടനിലുള്ള ഗോസറ്റിന്റെ കത്ത്. 'ലണ്ടൻ സിറ്റി മിഷൻ' എന്ന ക്രിസ്തീയ സുവിശേഷ സംഘടനയിൽ റീസിന് ഒരു സ്ഥാനം വാഗ്ദാനം ചെയ്തുകൊണ്ടുള്ള കത്തായിരുന്നു അത്. വാർഷിക ശമ്പളം 100 പൗണ്ട്. 'സുവിശേഷം അറിയിക്കുന്നവർ അതുകൊണ്ട് ഉപജീവനം കഴിക്കണം' എന്ന് ആ കത്തിൽ എഴുതി ഗോസറ്റ് അടിവരയിട്ടിട്ടുണ്ടായിരുന്നു.

എല്ലാം വായിച്ചും കണ്ടും ഇരുന്ന പിതാവിന്റെ മുഖം തെളിയുന്നതു റീസിനു കാണാമായിരുന്നു. 'എത്ര ഭാഗ്യവാനാണ് എന്റെ മകൻ!എല്ലാം അവന് അനുകൂലമായി തിരിയുന്നതു കണ്ടോ' എന്നാവണം അദ്ദേഹം ചിന്തിച്ചത്.

പിതാവിന് ഉത്സാഹമായി. അദ്ദേഹം റീസിനോടു പറഞ്ഞു: "കണ്ടോ? സുവിശേഷം അറിയിക്കുന്നവർ അതു കൊണ്ടു ജീവിക്കണം. ഈ ജോലി കയ്യോടെ സ്വീകരിക്കുക."

"ശരിയാണ്. സുവിശേഷം പ്രസംഗിക്കുന്നവർ അതു കൊണ്ടു ജീവിക്കണം. വിശ്വാസം പ്രസംഗിക്കുന്നവർ അതു കൊണ്ടും ജീവിക്കണം." റീസിന്റെ മറുപടി പിതാവിനെ അലോസരപ്പെടുത്തിയില്ല. അദ്ദേഹം പൊട്ടിച്ചിരിച്ചുപോയി.

റീസ് വിജയം നേടിക്കഴിഞ്ഞു.

അരമണിക്കൂർ കഴിഞ്ഞില്ല.ദൈവം അത്ഭുതകരമായ ഒരു വഴി തുറന്നു. അമ്മയ്ക്കു ഭക്ഷണത്തിനു കൊടുക്കാനുള്ള പണം അങ്ങനെ റീസിന് ലഭിച്ചു.

ഭൗതിക ആവശ്യങ്ങൾക്കു പൂർണമായി ദൈവത്തിൽ ആശ്രയിക്കുന്ന 'വിശ്വാസജീവിത'ത്തിന്റെ തുടക്കമായിരുന്നു അത്. തുടർന്നുള്ള 40 വർഷവും 'ദിനം പ്രതിയുള്ള ആഹാരം തരണമേ' എന്നു റീസു പ്രാർത്ഥിച്ചു. ദൈവം ധാരാളമായി നൽകി. വിശ്വാസജീവിതം അക്ഷരാർത്ഥത്തിൽതന്നെ 'വിശ്വാസജീവിത'മായി തുടർന്നു. (തുടരും ) ❖

# യേശുവിന്റെ ഷൂസ്

ഒരു ബിസിനസ്സുകാരൻ ദിവസവും തന്റെ ഷൂസ് നിസ്സാരപ്രതിഫലത്തിന് പോളീഷു ചെയ്തുതരുന്ന ഒരു ബാലനെ ശ്രദ്ധിക്കുമായിരുന്നു. അവൻ തന്റെ പണി വളരെ ആത്മാർത്ഥമായിട്ടാണ് ചെയ്തിരുന്നത്. അതുകൊണ്ട് ബിസിനസ്സുകാരന് അവനോട് താൽപര്യമായി. അദ്ദേഹം അവനോടു ചോദിച്ചു: 'കുഞ്ഞേ, നീ എന്തുകൊണ്ടാണ് ഇത്ര ആത്മാർത്ഥതയോടെ ഓരോ ഷൂവും മിനുക്കുന്നത്?' അവന്റെ മറുപടി ഇങ്ങനെയായിരുന്നു: 'സാർ, ഞാനൊരു ക്രിസ്ത്യാനിയാണ്. ഞാൻ പോളീഷു ചെയ്യുന്ന ഓരോ ഷൂവും യേശുവിനു ധരിക്കാനുള്ളതാണെന്ന ബോധത്തോടെയാണു ഞാനതു ചെയ്യുന്നത്'.



ആ കുട്ടിയുടെ ആത്മാർത്ഥത ബിസിനസ്സുകാരന്റെ ഹൃദയത്തെ സ്പർശിച്ചു. അദ്ദേഹം ബൈബിൾ വായിക്കുവാനാരംഭിച്ചു. തുടർന്ന് അദ്ദേഹം യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ചു. ഷൂ പോളീഷു ചെയ്തിരുന്ന ബാലന്റെ മാതൃക തന്റെ ജീവിതത്തിലും ഏറ്റെടുക്കുവാൻ അദ്ദേഹം തീരുമാനിച്ചു-ചെയ്യുന്നതെന്തും യേശുവിന് എന്നതുപോലെ ചെയ്യുക.

ചിന്തയ്ക്ക്

# ക്രിസ്മസിനു പിന്നിലെ യാഥാർത്ഥ്യം

**ഡി**സംബർ മാസമാകുമ്പോഴേക്ക് മനുഷ്യരെല്ലാം പൊടുന്നനവേ ക്രിസ്ത്യാനികളായി മാറുന്നുവോ എന്നു തോന്നിപ്പോകും. ക്രിസ്തുവിന്റെ ജന്മദിനമെന്ന് നാമധേയ ക്രിസ്ത്യാനികൾ കരുതിപ്പോരുന്ന ക്രിസ്തുമസ് ആഘോഷിക്കുന്നതിൽ നാനാജാതി മതസ്ഥരായ കടയുടമകൾ കാണിക്കുന്ന ഉത്സാഹമാണ് നമ്മിൽ ഈ ഭ്രമം ജനിപ്പിക്കുന്നത്. ഈ ആഘോഷമൊന്നാകെ തികഞ്ഞ വ്യാപാരമനോഭാവത്തിൽ നിന്ന് ഉയിർക്കൊള്ളുന്നതാണെന്നും അതിൽ ആത്മീയതയുടെ നേരിയ അംശം പോലും കലർന്നിട്ടില്ലെന്നും ആത്മീയമായി അല്പമെങ്കിലും വിവേചനമുള്ള ഏതൊരാൾക്കും വ്യക്തമായി ഗ്രഹിക്കുവാൻ കഴിയും.അതിനാൽ ക്രിസ്തുമസ്സിന്റെ സത്യം എന്താണെന്നറിയുവാൻ തിരുവെഴുത്തുകളിലേക്കും ചരിത്രത്തിലേക്കും ഒന്നു കണ്ണോടിക്കുക ഈ സന്ദർഭത്തിൽ പ്രയോജനകരമായിരിക്കും.

യേശുവിന്റെ ജനനത്തീയതി രേഖപ്പെടുത്തുവാൻ സുവിശേഷങ്ങളുടെ ഗ്രന്ഥകർത്താക്കന്മാരിൽ ആരെയും ദൈവം അനുവദിച്ചില്ല എന്ന വസ്തുത തന്നെ ക്രിസ്തുവിന്റെ ജനനം ആഘോഷിക്കപ്പെടണമെന്നു ദൈവം ഒരിക്കലും ആഗ്രഹിച്ചില്ല എന്നതിനു തെളിവാണ്.പുതിയനിയമത്തിൽ യേശുവിന്റെ മരണത്തെയും ഉയിർത്തെഴുന്നേല്പിനെയും പറ്റി കൂടെക്കൂടെ പ്രസ്താവിക്കുന്നതുപോലെ അവിടുത്തെ ജനനത്തെപ്പറ്റി പരാമർശിച്ചു കാണുന്നില്ല. ക്രിസ്തുവിന്റെ ജനനത്തെക്കാളധികം മരണത്തെയാണ് നാം അനുസ്മരിക്കേണ്ടിയിരിക്കുന്നത്.നിമജ്ജനസ്നാനത്തിലും തിരുവത്താഴശുശ്രൂഷയിലും യേശുവിന്റെ മരണത്തിന്റെയും, നാമും തന്നോടൊപ്പം മരിക്കുന്നതിന്റെയും ഓർമ്മയെ നാം കൊണ്ടാടുന്നു. എന്നാൽ ഈ വിധത്തിൽ കർത്താവിന്റെ ജനനത്തെ നാം കൊണ്ടാടണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. യേശുവിനെ തൊട്ടിലിൽക്കിടക്കുന്ന, നിസ്സഹായനായ, ഒരു ശിശുവായിക്കാണുവാൻ ഈ ലോകത്തിനു താൽപര്യമുണ്ട്.എന്തെന്നാൽ ക്രൂശിന്മേൽ തൂങ്ങുന്ന ലോകരക്ഷകനായ കർത്താവ് ലോകത്തോട് അതിന്റെ പാപത്തെപ്പറ്റി സംസാരിക്കുന്നതുപോലെ ഇപ്രകാരമുള്ള ഒരു ശിശു ഒരിക്കലും സംസാരിക്കുന്നില്ല. യേശുവിന്റെ മരണത്തെക്കുറിച്ചുള്ള ഓർമ്മയെ മായിച്ചു കളവാൻ വേണ്ടിയാണ് സാത്താൻ ക്രിസ്തുമസ്സിനെ ഇത്രയധികം ശ്രദ്ധേയമാക്കിത്തീർത്തത്.

യേശു ജനിച്ച രാത്രിയിൽ ഇടയന്മാർ ആടുകളെ കാവൽ ചെയ്തുകൊണ്ട് വെളിമ്പ്രദേശത്തു പാർത്തിരുന്നുവെന്ന് ദൈവവചനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഒക്ടോബർ മാസം കഴിഞ്ഞാൽ പിന്നീട് ഫെബ്രുവരി വരെ പാലസ്റ്റൈൻ രാജ്യത്തെ ഇടയന്മാർ അതിശൈത്യം നിമിത്തം ആടുകളെ കാക്കുവാൻ വെളിമ്പ്രദേശത്ത് രാത്രികഴിക്കാറില്ല. അതിനാൽ യേശുവിന്റെ ജനനം ഒക്ടോബറിനും ഫെബ്രുവരിക്കും ഇടയ്ക്കുള്ള മാസങ്ങളിലായിരിക്കുകയില്ല എന്ന കാര്യം നിസ്തർക്കമാണ്. ദൈവവചനം തന്നെ ഈ വസ്തുതയ്ക്കുള്ള തെളിവ് രേഖപ്പെടുത്തിയിരിക്കുന്നു.ആ





സ്ഥിതിക്ക് ദൈവവചനത്തിൽ എഴുതിയിട്ടുള്ളതിനു വിരുദ്ധമായി ഇത്രയധികം ക്രിസ്ത്യാനികൾ ഈ വിധം ഉത്സാഹപ്രകർഷത്തോടുകൂടി ഈ ഉത്സവം ആചരിക്കുവാൻ എന്താണു കാരണം? സാത്താൻ പ്രയോഗിച്ച വഞ്ചനയുടെ അത്ഭുതവൈചിത്ര്യമാണ് ഇതിൽ നാം കാണുന്നത്. വാസ്തവം പറഞ്ഞാൽ ഒരു നല്ല പങ്കു ക്രിസ്ത്യാനികളും കുടുംബാംഗങ്ങളുമൊത്ത് ക്രിസ്തുമസ്സ് ആഘോഷിക്കുവാനായി ഈ പ്രത്യേകദിനത്തിൽ സ്വഭവനങ്ങളിൽ എത്തിച്ചേരുവാൻ വെമ്പൽ കൊള്ളാറുണ്ട്. അത്ര പവിത്രമായി ഈ ദിവസത്തെ അവർ പരിഗണിച്ചുപോരുന്നു.

ഏ.ഡി. 310-നടുത്ത് കോൺസ്റ്റന്റൈൻ ചക്രവർത്തി ഒരു നാമധേയ ക്രിസ്ത്യാനിയായിത്തീർന്നപ്പോഴാണ് ആദിമകാലത്തെ ക്രിസ്ത്യാനികൾക്ക് നേരിടേണ്ടി വന്ന അതിരൂക്ഷമായ പീഡനങ്ങൾക്ക് ഒരു വിരാമം ഉണ്ടായത്. അതിനുശേഷമുള്ള കാലഘട്ടത്തിൽ ഒരു ക്രിസ്ത്യാനിയായിത്തീരുക എന്നത് വളരെ ആകർഷകമായ ഒരു കാര്യമായിത്തീർന്നു. അക്രൈസ്തവങ്ങളായ പല ഉത്സവങ്ങളും ക്രിസ്തീയ പെരുന്നാളുകളായി അക്കാലത്ത് രൂപാന്തരം പ്രാപിച്ചു. റോമാസാമ്രാജ്യത്തിൽ ജനങ്ങൾ ആരാധിച്ചിരുന്ന സൂര്യദേവന്റെ സ്ഥാനത്ത് യേശുക്രിസ്തു ആരാധനാപാത്രമായിത്തീർന്നു. സൂര്യദേവന്റെ ജന്മദിനം ക്രിസ്തുവിന്റെ ജന്മദിനമായി മാറ്റപ്പെട്ടു. അന്നത്തെ ജ്യോതിശ്ശാസ്ത്രകാരന്മാരുടെ കണക്കുകൂട്ടലിനനുസരിച്ച് സൂര്യൻ ദക്ഷിണായന രേഖയിലെത്തുന്ന ദിവസം ഡിസംബർ 25 ആയിരുന്നു. ദക്ഷിണാർദ്ധഗോളത്തിലേക്കു മാറിപ്പോയ സൂര്യൻ തിരിയെ വടക്കോട്ടു തന്റെ പ്രയാണം ആരംഭിക്കുന്ന ദിവസമാണിത്. തന്മൂലം ഈ ദിവസത്തെ സൂര്യദേവന്റെ ജന്മദിനമായി ആളുകൾ കരുതിപ്പോന്നു. പകലിന്റെ ദൈർഘ്യം വർദ്ധിച്ചു വരുവാനാംരഭിക്കുന്നത് ഈ ദിവസം മുതലാണല്ലോ. പ്രാചീന ബാബിലോണിലും ഈ ദിവസത്തെ ബാബിലോന്യരുടെ ദേവിയായ ആകാശരാജ്ഞിയുടെ (യിരെമ്യാവ് 44:19) പുത്രനായ സൂര്യദേവന്റെ ജന്മദിനമായി ആളുകൾ കരുതിയിരുന്നു. സൂര്യദേവന്റെ ഈ മാതാവ് ഒരു വൃക്ഷമായി മാറിയതിനെപ്പറ്റിയുള്ള വിചിത്ര സങ്കല്പവും അവരുടെ ഇടയിൽ ഉണ്ടായിരുന്നു. അതിനാൽ ആകാശത്തിലെ വിശിഷ്ടദാനങ്ങൾകൊണ്ടു തങ്ങളെ അനുഗ്രഹിക്കുന്ന ആ ദേവിയുടെ പ്രതിരൂപമായി ഡിസംബർ 25-ാം തീയതി ഒരു ഫിർവൃക്ഷം കുഴിച്ചു നാട്ടുന്ന പതിവ് പ്രാചീന റോമിലെ ജനങ്ങൾക്കുണ്ടായിരുന്നു. ക്രിസ്തുമസ് വൃക്ഷം നാട്ടി അതിന്മേൽ സമ്മാനങ്ങൾ തൂക്കിയിടുന്ന പതിവ് ഇങ്ങനെയാണ് ആരംഭിച്ചത്.

കോൺസ്റ്റന്റൈന്റെ കാലത്തെ ക്രിസ്ത്യാനികൾ അക്രൈസ്തവങ്ങളായ ഈ ആചാരങ്ങളെ തങ്ങളുടെ സ്വന്തമാക്കിത്തീർക്കുകയും ക്രിസ്തുമസ് ആഘോഷിക്കുക, ആ ദിനത്തിൽ വിശിഷ്ട സമ്മാനങ്ങൾ കൈമാറുക തുടങ്ങിയ സമ്പ്രദായങ്ങൾ ആരംഭിക്കുകയും ചെയ്തു. പിൽക്കാലത്ത് ഇത് ഒരാചാരമായിത്തീരുകയും ഇതു വരെയും അതു നിലനിന്നുപോരികയുമാണ് ഉണ്ടായിട്ടുള്ളത്.

ആകാശരാജ്ഞിയുടെ നാമധേയങ്ങളിലൊന്ന് അസ്തോരേത്ത് എന്നായിരുന്നു. ശലോമോൻ ആരാധിച്ചിരുന്ന വിഗ്രങ്ങളിലൊന്നിന് ഈ പേരുള്ളതായി നാം കാണുന്നു. (1 രാജാ. 11:5) അസ്തോരേത്ത് എന്ന ഈ പേരിൽ നിന്നാണ് ഈസ്റ്റർ എന്ന പദം ഉണ്ടായിട്ടുള്ളത്. അസ്തോരേത്ത് ദേവി ഒരു മുട്ടയിൽ നിന്നു ജനിച്ചതായി ഒരു സങ്കല്പമുണ്ട്. അസ്തോരേത്ത് ആരാധനയുടെ ഭാഗമായി മുട്ടകൾ വിതരണം ചെയ്യപ്പെടുന്ന രീതി ഇങ്ങനെയാണ് രൂപം കൊണ്ടത്. കോൺസ്റ്റന്റൈന്റെ കാലത്തെ ക്രിസ്ത്യാനികൾ ഈ ആചാരവും അതേപടി സ്വന്തമാക്കിത്തീർത്തു. അതിന്റെ ഫലമായി ഇന്ന് മുട്ടകൾക്ക് പ്രാധാന്യം നൽകി ഈസ്റ്റർ ആഘോഷിക്കുന്ന പരിപാടി നിലവിലിരിക്കുന്നു. മുട്ടയിൽ നിന്നു കോഴിക്കുഞ്ഞുങ്ങൾ

പുറത്തു വരുന്നതുപോലെ യേശുക്രിസ്തു കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനെ കൊണ്ടാടുവാനാണത്രേ ഇന്ന് ആളുകൾ ഇപ്രകാരം ചെയ്യുന്നത്!!

യേശുവിന്റെ മരണത്തെയും ഉയിർത്തെഴുന്നേല്പിനെയും എല്ലാം ദിവസവും നാം ഓർക്കുകയും ആ സത്യത്തിന്റെ മഹത്വകരമായ പ്രകാശത്തിൽ നാം ജീവിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈസ്റ്റർ ആഘോഷത്തിന്റെ വികാരപരമായ ആർഭാടങ്ങൾക്കിടയിൽ ഇന്ന് ഈ സത്യങ്ങൾ വിസ്മരിക്കപ്പെട്ടുപോകുന്നു.

എങ്കിലും ഇപ്രകാരം ക്രിസ്തുമസ്സും ഈസ്റ്ററും ആഘോഷിക്കുന്നത് നിർദ്ദോഷമായ ഒരു കാര്യമല്ലേ എന്നു ചിലർ ചോദിച്ചേക്കാം. എന്നാൽ പൗലോസ് ഇതിനെപ്പറ്റി ഗലാത്യർക്ക് എന്താണ് എഴുതിയിട്ടുള്ളതെന്നു പരിശോധിക്കുക:- “നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു. (ഗലാ 4:10, 11) ക്രിസ്തുമസ്സോ ഈസ്റ്ററോ ആഘോഷിക്കുന്നത് അക്രൈസ്തവമായ ഒരാചാരമാണ്. ക്രിസ്തുമസ് ആഘോഷത്തിനായി പണം ദുർവ്യയം ചെയ്യുന്നത് വ്യാപാരപ്രധാനമായ ബാബിലോണിയൻ വ്യവസ്ഥയെ പിന്താങ്ങുകയല്ലേ? മഹതിയാം ബാബിലോൺ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്ന് വെളിപ്പാട് 17:5-ൽ പറഞ്ഞിട്ടുള്ള ഭാഗം നോക്കുക.

മറ്റു ക്രിസ്ത്യാനികൾ എത്ര വിശുദ്ധന്മാരായിരുന്നാൽ തന്നെയും അവരുടെ ആചാരപാരമ്പര്യങ്ങളെയല്ല, ദൈവവചനത്തെത്തന്നെയാണ് നാം മാർഗ്ഗദർശകമായി സ്വീകരിക്കേണ്ടത്. ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ അന്തസ്സത്തയെന്തെന്നു മനസ്സിലാക്കാതെ അന്ധമായി ആ ആഘോഷങ്ങളിൽ പങ്കെടുക്കുന്ന വിശുദ്ധരായ ക്രിസ്ത്യാനികൾ പലരുമുണ്ട്. നമുക്ക് അവരുടെ വിശുദ്ധമായ ജീവിതചര്യയെ പിന്തുടരാം. പക്ഷേ തങ്ങളുടെ അജ്ഞതയിൽ അവർ ചെയ്യുന്ന ഇത്തരം കാര്യങ്ങൾ നാം മാതൃകയായി സ്വീകരിക്കേണ്ടതില്ല.

ദൈവത്തിനുവേണ്ടി ചില പ്രത്യേകദിവസങ്ങളെ മാനിക്കുന്നവരെപ്പറ്റി റോമർ 14:5, 6 എന്നീ വാക്യങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. പഴയനിയമവ്യവസ്ഥയ്ക്കു കീഴിൽ ജീവിച്ചിരിക്കുന്നവർക്കു ദൈവം നിയമിച്ചിരുന്ന ശബത്തു ദിവസത്തെപ്പറ്റിയാണ് ഇവിടെ പ്രസ്താവിക്കുന്നതെന്ന് വ്യക്തമാണ്. ക്രിസ്ത്യാനികൾ ആ വ്യവസ്ഥയിൽ നിന്നു സ്വതന്ത്രരാണെന്നുള്ള കാര്യത്തെപ്പറ്റി ചിലർക്ക് വെളിച്ചം ലഭിച്ചിരുന്നില്ല. (കൊലോസ്യർ 2:16, 17 നോക്കുക.) പുതിയനിയമ വ്യവസ്ഥയിൻ കീഴിൽ ഈ വെളിച്ചം ലഭിച്ചിട്ടുള്ള ആളുകൾ അതു ലഭിക്കാത്തവരോട് സഹിഷ്ണുത കാണിക്കുവാൻ പൗലോസ് പ്രബോധിപ്പിക്കുന്നുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും ക്രിസ്തുമസ്സോ ഈസ്റ്ററോ ആഘോഷിക്കുന്നതിൽ നിന്നു പിന്തിരിയുന്നതുകൊണ്ടു മാത്രം നാം ആത്മീയരായിത്തീരുന്നില്ല. നാൾതോറും ക്രൂശെടുത്തുകൊണ്ട് പരിശുദ്ധാത്മശക്തിയിൽ ക്രിസ്തുവിനെ പിന്തുടരുന്നതുകൊണ്ടു മാത്രമേ ഒരുവൻ ആത്മീയനായിത്തീരുന്നുള്ളു. എന്നാൽ ഈ ദിവസങ്ങളെ വിശുദ്ധദിവസങ്ങളെന്നു കരുതുവാൻ നമുക്കിടയാകാതിരിക്കണം. അതിലേക്ക് ക്രൈസ്തവരൂപം ധരിച്ചിട്ടുള്ള ഈ അക്രൈസ്തവഘോഷങ്ങളുടെ ഉദ്ഭവചരിത്രം നാം ഗ്രഹിച്ചിരിക്കേണ്ടതാണ്.

പാപത്തിനെതിരായി മാത്രമല്ല, പൂർവന്മാരുടെ ആചാരങ്ങളിലുടെ ശതാബ്ദങ്ങളായി കുന്നുകൂടിയിരുന്ന പാരമ്പര്യങ്ങൾക്കും കൂടി എതിരായിട്ടാണ് കർത്താവ് നിലകൊണ്ടത്. (മത്തായി 15:3, 6, 9) അതിനാൽ നാമും പാപത്തോടും ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ടിട്ടില്ലാത്ത മാനുഷിക പാരമ്പര്യങ്ങളോടും വിട പറഞ്ഞ് ക്രിസ്തുവിന്റെ കാൽപ്പാടുകൾ പിന്തുടരേണ്ടതാണ്.

❖





Youth Section




MEDITATIONS ON THE HOLY SPIRIT

# He Is Focused On The Ultimate Wedding

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

This month, I want to wrap up my answer to this question on the Holy Spirit. To be honest, as I look over my numerous thoughts that I have written, my overwhelming feeling is one of incompleteness. But I am completely okay with that, because meditating on the Holy Spirit is meditating on our Infinite God, and describing the life of a person inhabited by the Holy Spirit is like describing the wind (John 3:5).

But as I thought of what to write to wrap things up, I pondered on the final and ultimate goal of the Holy Spirit. And for me, as I look farthest into the Bible, I think about our future life after this here on earth is done where we know Christ fully (what we also call eternity). With that end point in mind, and as I think about the Holy Spirit's primary work, I can't see anything more exciting than the final and ultimate wedding.

The Bible describes a wedding where Jesus is the Bridegroom and the Church is the Bride. Now the Bible does indeed describe Jesus as the Husband and the church as the wife (e.g. Ephesians 5:25-32). So there is a sense in which God already sees Christ and the Church as being one. There is a dual sense of “already is/not yet” in this imagery, since we're dealing with a God who is not bound by time. But I do believe that there is going to be a real wedding feast in eternity, where there is the wedding and the marriage supper of the Lamb (Revelation 19:7-9).

So with that wedding in mind, I want to describe the Holy Spirit's role in preparing for it.

**HE LABORS TO PREPARE A BRIDE**

*Revelation 22:17 - The Spirit and the bride say, “Come.” And let the one who hears say, “Come.” And let the one who is thirsty come; let the one who wishes take the water of life without cost.*

This verse comes near the very end of the Bible. Revelation 22 is the last chapter in the Bible, and this verse is one of the final few verses in this

chapter. So after reading about the final days of this present earth, the final judgment, and the new heaven and new earth in vivid detail, we are left with the present work of the Holy Spirit with that end in mind. And the call of the Holy Spirit is simple. It is a request to come to God.

But He is not alone in making the call. He stands alongside the Bride of Christ. I see the Bride here to be a picture of the entire Bride of Christ. She consists of every person who lives their lives on this earth with a simple and pure devotion to Jesus Christ. This is the heart of the Bride that qualifies her to be married to Christ (2 Corinthians 11:2-3).

So these two stand on the other side of this life, and give this simple but clarion call to all of us: **Come**! All of us can easily say that this is simple and easily understood.

But yet, we find from this verse that yet not everybody comes:

§ There are some who are so attracted by the things of this world that they do not even hear the voice of the Spirit and the bride. These are the people of whom John writes about in 1 John 2:15-17 – that they love the world and the things of the world. For such people, John tells me that the love of God is not in them at all. That is why we read that only those who hear also say "Come." These acknowledge the call they have heard. The rest miss the call altogether, so they carry on in their addiction to this world, and being enslaved by the ruler of this world.

§ But then, even among those who *hear* the call to come, there are some who do not end up coming because they are not truly thirsty. Such people want Jesus as an accessory but not as a Bridegroom. They want Jesus as a part-time convenient Friend to help them, but they don't have hearts that are constantly thirsty for more of His presence. They don't genuine enjoy and long for His company. Most of their days pass without much thought for Him. Such people may clearly hear the Spirit's and Bride's call. But they cannot come because they will simply not find the need to drink of the water given to them – because they are not thirsty.

§ But there is also one more requirement for those who will fully enter into the simple request to come. All who desire to come must wish to take the water of life without cost. The complete absence of cost to the water of life indicates an utter rejection of all one's deeds (bad AND good) as being at all useful to receive the water of life (see Philippians 3:7). Some folks never receive the water of life because they think they're not good enough. Some others never receive the water of life because they think they do have some good works that can serve as compensation for the water of life. Both such kinds of people suffer from an underlying problem – they don't believe that the water of life comes without cost. And so they miss out on being able to enter into the call of the Spirit and the Bride.

**But in spite of all these folks who miss out, it is of great encouragement that there is a holy remnant of sincere people all across the world that do end up coming**. And such people come and





drop off all that they have at the garbage dump outside. They know that all the good and bad that they bring are useless. And this act only heightens their sense of poverty and their thirst (in their hearts). So when they hear the call of the Spirit and the Bride to come, they do come with their hearts FULL of gratitude, and glad to receive the water of life that comes without cost.

**HE LABORS TO TRANSFORM US INTO THE IMAGE OF THE BRIDEGROOM**

*2 Corinthians 3:18 - But we all, with unveiled face, beholding as in a mirror the glory of the Lord, are being transformed into the same image from glory to glory, just as from the Lord, the Spirit.*

As the people described above respond to the call of the Holy Spirit and the Bride, they know that they are not coming just to be satisfied. There is a satisfaction and rest that they obtain for sure, but there is a work that must be done as well – to be transformed into the heart of the Bridegroom.

That is what we see in 2 Corinthians 3:18. The Spirit summons us to come. And when we come, He shows us the tremendous glory of Jesus – and He helps us see this as clearly as we see our face in a mirror. As I wrote previously, He makes Jesus more and more special to us. And as we behold the glory of the Lord, He comes as a Helper to slowly but surely help us to be transformed into the same glorious image of our precious Lord.

The Holy Spirit is the only one who can do this kind of transformation. We might be able to become better people, and we might be able to reform our character. But I don't think ANY of us actually believe that we can somehow transform ourselves to match the same glorious image of the Lord Jesus Christ. Even the most proud Christian is probably not that vain!!! So we need the Holy Spirit to do the transformation in us.

And we must also realize that it is only just and fair that the Bridegroom get married to a Bride that is fit for Him. It is the Father's great pleasure to celebrate a wedding feast where the Bridegroom gets married to a Bride that is fit for Him – a Bride that has been transformed into the same glorious image as the Bridegroom Himself.

So the Holy Spirit and the Bride ask us to come. They want to take us to see the glory of Jesus, and be transformed into His image. So when the Holy Spirit convicts of sin, it is because He is longing to make us part of Christ's Bride. And when He comes as a fire to cleanse us of sin, He is doing that to make us pure like Jesus is pure.

The Apostle John tells me the same thing. He says that when we see Christ, we will be like Him. But the proof that this is our unmovable hope is that we will purify ourselves just as Jesus Himself is pure (1 John 3:2-3).

As we compare our lives to the purity of Jesus, we find that we need much help to purify ourselves just as He is pure. So as we respond to the

call of the Spirit and the Bride, we see that the Spirit is inviting us into a walk with Him where He helps us purify ourselves.

So I hope that we will keep this goal of the Holy Spirit foremost in our minds.

Let us never, ever lose sight of the marriage on the other side of this life.

Let us never, ever lose sight of the wonderful event that is going to happen.

And let us always embrace the ministry of the precious third person of the Trinity who only desires our very best.

So as I wrap up, let me summarize the 12 themes I sought to amplify over the last year:

1. **POWER TO BE A WITNESS FOR JESUS – Acts 1:8 and Acts 5:29-32**
2. **STAYING HONEST – THE IMPOSSIBILITY WITHOUT HIM - Luke 1:30-40**
3. **STAING HUNGRY – YEARNING WITH INSATIABLE THIRST - John 5:37-39**
4. **STAYING HUMBLE – COMPARING MYSELF ONLY TO JESUS - Isaiah 66:1-2**
5. **THE VOICE OF GOD TO US – KNOWING GOD AS A DADDY – Romans 8:16**
6. **A DOVE AND A FIRE – Matthew 3:16; Acts 2:3; Matthew 3:11-12**
7. **A HELPER WHO WASHES – Titus 3:5; John 14**
8. **A HELPER WHO GROANS – Romans 8:24-27**
9. **HE MAKES JESUS MORE AND MORE SPECIAL TO US – John 16:14**
10. **HE WANTS UNITY**
    a. HIS FRUIT - FOR EACH INDIVIDUAL – Galatians 5
    b. HIS GIFTS - FOR THE CHURCH - 1 Corinthians 12; Romans 12; Ephesians 4; Matthew 7
11. **HE COMES TO DWELL (LIVE) WITHIN US – John 14:16,17; 1 Corinthians 6**
12. **HE IS FOCUSED ON THE FINAL / ULTIMATE WEDDING**

Dear brothers and sisters as fellow family members of God, I am convinced more than ever that I have not provided an answer to the question. But I hope if nothing else, I have provided some thoughts that make you hungry and thirsty to know the precious Person of the Holy Spirit. If so, I have done my job. Now you can go to God with this hunger and thirst, and He will SURELY fill you with the Holy Spirit. Receive Him right away by faith, just as children readily receive the bread and water that their parents give them. He will change your life in an infinitely more profound way than anything I could have possibly written.

And I sincerely pray that God will make this a reality for many in this increasingly dark world.

(please mail your genuine doubts to: **sandeep@poonen.org**)

ജീവമൊഴികൾ
വാല്യം 10 ഡിസംബർ 2012 ലക്കം 12

എഡിറ്റോറിയൽ ബോർഡ്
ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ജോബി ചെറിയാൻ (റാന്നി)
സാബു ജോസഫ് (ആലപ്പുഴ)
മാനേജർ
ജെയ്സൺ മാത്യു (കോട്ടയം)

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ. കോട്ടയം,
കേരള- 686016
ഫോൺ 0481 - 2381519,
9361037519
e mail : jeevamozhikal@gmail.com
www.jeevamozhikal.org

വിദേശപ്രതിനിധികൾ
**U.S.A - Binoy James**
Phone 512900-2808(R) 512826-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-8465287
E-mail: skuruvi@gmail.com

മൊഴിമുത്ത്

## മനം തിരിയൽ



അനുതാപത്തിൽ മനംതിരിയൽ ഉണ്ടാവുന്നില്ലെങ്കിൽ ആ അനുതാപം വിലയില്ലാത്തതാണ്. ഒരുവൻ അനുതപിച്ചശേഷവും പാപത്തിൽ തുടരുന്നപക്ഷം അതു വ്യഥാപ്രയത്നത്തിന്റെ തെളിവാണ്. കപ്പലിലെ ചോർച്ച നിർത്താതെ കപ്പലിൽ നിന്നു നിരന്തരം വെള്ളം പമ്പു ചെയ്തുകൊണ്ടിരിക്കുന്നതു പോലെയാണത്. ശലോമോന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'അവർ പ്രാർത്ഥിച്ച്, അവന്റെ നാമം ഏറ്റുപറഞ്ഞ്, അവരുടെ പാപങ്ങളിൽ നിന്നു തിരിയുമെങ്കിൽ...' പാപത്തിൽ തുടരുന്നവരുടെ പ്രാർത്ഥനയും ഏറ്റുപറച്ചിലും കൊണ്ട് ഒരു പ്രയോജനവുമില്ല.

**ഡി. എൽ. മൂഡി.**

## ഇല വാടാത്ത വൃക്ഷം




'അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും..... ഇല വാടാത്തതുമായ വൃക്ഷം പോലെയിരിക്കും.' *(സങ്കീർത്തനം 1:3)*

# JIM ELLIOT & FOUR YOUNG MISSIONARIES

Philip James Elliot was born in Portland, Oregon, to Fred and Clara Elliot. Elliot's parents had firm Christian beliefs, and they raised their children accordingly, taking them to church and reading the Bible regularly. Elliot professed faith in Jesus at the age of six and grew up in a home where obedience and honesty were enforced. The Elliot parents encouraged their children to be adventurous, and encouraged them to "live for Christ".

In 1941, Elliot entered Benson Polytechnic High School, studying architectural drawing. There he participated in numerous activities, including the school newspaper, the football team, school plays, and the public-speaking club. His acting ability led some of the teachers in the school to suggest that he pursue acting as a career, and his oratorical skills were similarly lauded – after preparing and delivering a speech in honor of President Franklin D. Roosevelt hours after his death, a faculty member praised it.

Elliot used his speaking ability regularly. A classmate recounts how Elliot quoted the Bible to the president of the student body as explanation for his refusal to attend a school party.

For most of his life, he chose the path of celibacy because he wanted to serve God with all he had. Until...Elizabeth came into his life. They fell in love, married, and started a family not long before flying to Ecuador on their mission.

On Sunday, January 8, 1956, Jim Elliot & four young missionaries flew into the Amazon jungle, Nate Saint, Ed McCully, Peter Fleming, and Roger Youderian. They landed at a remote clearing to bring the gospel to the Auca Indians.

The next day their bodies were found floating in the Curaray River, ambushed by the very people they had come to share Christ's love.

Back in Oak Park, Illinois, Dr. T.E. McCully was shaken by his son's death. But he was also rooted in Christ's love. A few days after their deaths, T E McCully prayed, "Lord, let me live long enough to see those fellows saved who killed our boy, that I may throw my arms around them and tell them I love them because they love my Christ." When he rose, tears ran down his cheeks.

In less than three years, Nate Saint's sister, Rachel, and Jim Elliot's widow, Elisabeth, began their ministry with the Aucas and many Aucas came to the Lord. Nine years after the murder of the five missionaries, two of those who had killed Nate Saint and his companions baptized two of Nate's children, Kathy and Stephen Saint. In June 1995, Stephen Saint was called by the Aucas to assist in developing their church leadership.

The Aucas always remembered those five strange white men who had been so kind to them and had not tried to kill them. And so a year later when more missionaries tried again to speak to the Aucas about Jesus, they were ready to listen.

Several of the men who had helped to kill Jim and his friends with their spears now became Christians.